
# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം


പുസ്തകം 3 ലക്കം 12 പേജുകൾ 56 മാർച്ച് 2023



## പ്രവാസിയെ കുരുക്കിയ നിർമ്മിതി

- സമകാലികം
- റിഥം ഓഫ് ലൈഫ്
- സിനിമ
- കഥ
- കവിത
- പുസ്തകപരിചയം
- കാർട്ടൂൺ കേരളം

# എഡിറ്റേഴ്സ് പേജ്





ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakerala.com
email:
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കണ്ടന്റ് അഡ്വൈസർ:
**വി. യു. സുരേന്ദ്രൻ**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**




**തെ**റ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങളാൽ ഒരുകൂട്ടം പ്രവാസികളെ കുടുക്കിയ ഗൃഹനിർമ്മിതികളെ സംബന്ധിച്ച, അന്വേഷണാത്മക റിപ്പോർട്ട്, മാർച്ച് ലക്കത്തിന്റെ കവർ സ്റ്റോറിയാണ്. ഒരു ഉത്പന്നത്തിന്റെ സവിശേഷതകൾ, കുറച്ചൊക്കെ തൊങ്ങലുകൾ ചാർത്തി പരസ്യങ്ങളിൽ വരുന്നത് സാധാരണമാണ്. ഉപഭോക്താവിനെ 'എഡ്യുക്കേറ്റ്' ചെയ്യുക എന്ന പ്രഥമദൗത്യവും ഈ പരസ്യങ്ങൾ നിർവഹിക്കാറുണ്ട്. എന്നാൽ, കൗശലപൂർവ്വം തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നൽകി ആവശ്യക്കാരനെ കുരുക്കിലാക്കുന്ന പ്രവണത അംഗീകരിക്കാനാകില്ല.

ശാന്തിമഠം എന്ന പേരിൽ പ്രവർത്തിച്ചിരുന്ന ഗൃഹനിർമ്മാണ കമ്പനി ഇവ്വിധം, സ്വന്തം വീടെന്ന സ്വപ്നം താലോലിച്ച്, തെരുകൂട്ടി വെച്ചതും കടംവാങ്ങിയതുമായ വലിയ സംഖ്യകൾ വീടിനു വേണ്ടി നൽകിയ കുറെ പ്രവാസികളെയും ഇടത്തരക്കാരെയും വഞ്ചിച്ച ചരിത്രമാണ് കവർ സ്റ്റോറി വെളിപ്പെടുത്തുന്നത്. വാഗ്ദാനം ചെയ്ത സ്ഥലം കിട്ടിയില്ല. വീട് കിട്ടിയില്ല. മുടക്കിയ സംഖ്യ തിരിച്ചുകിട്ടിയില്ല. ഇതു സംബന്ധിച്ച കേസുകളാകട്ടെ, ഹൈക്കോടതിയിൽവരെ എത്തിനിൽക്കുന്നു. ശാപമോക്ഷമെന്ന പ്രതീക്ഷപോലും നല്കാതെ, അതങ്ങനെ കുരുക്കുകളിൽനിന്നും കുരുക്കുകളിലേക്ക് നീണ്ടുപോകുന്നു.

സ്വന്തം വീട്ടിലിരുന്ന് ഗുരുവായൂരപ്പനെ തൊഴാമെന്ന കുത്സിത വാഗ്ദാനം വെച്ചുനീട്ടിയാണ്, കുറെ വിശ്വാസികളെ ശാന്തിമഠം വീഴ്ത്തിയത്, പരസ്യവാചകങ്ങൾ ആത്മാർത്ഥതയില്ലാതെ വിളിച്ചുപറഞ്ഞ്, അക്കാലത്തെ മലയാളത്തിലെ പ്രമുഖ നടിയും, ഈ വഞ്ചനയ്ക്ക് കൂട്ടുനിന്നു. അയഥാർത്ഥ വാഗ്ദാനങ്ങൾ നല്കി, ആവശ്യക്കാരനെ വഞ്ചിക്കുന്നത് നിത്യേനയെന്നോണം റിപ്പോർട്ടു ചെയ്യപ്പെടുന്നുണ്ട്. ശാന്തിമഠത്തിന്റെ നിർമ്മിതികൾ, ഈ വഞ്ചനാലോകത്തിന്റെ നിത്യസ്മാരകമായി തുടരുമെന്ന ദുഃഖയാഥാർഥ്യമാണ് വെളിപ്പെട്ടുവരുന്നത്. കുരുക്കുകൾ അഴിയുകയല്ല; കൂടുതൽ മുറുകുകയാണത്രേ.

**-സി.ആർ.രാജൻ,**
എഡിറ്റർ

# കാർട്ടൂൺ കേരളം:






എം. ആർ. ബാലചന്ദ്രൻ

## അകത്താളുകളിൽ

### ലേഖനം/പംക്തി

ഫ്രാങ്കോ ലൂയിസ്: പേജ് 10
തേജശ്രീ: പേജ് 14
അശോകൻ സി. ജി. പേജ് 17
പേളി ജോസ് പേജ് 47
ഗിരീഷ്കുമാർ വി. പേജ് 54

കുട്ടികളുടെ മഷിപ്പച്ച പേജ് 25

### പുസ്തകപരിചയം

ദർശന പേജ് 49

### കാർട്ടൂൺ

എം. ആർ. ബാലചന്ദ്രൻ പേജ് 3

### കഥ

മനീഷ പേജ് 7
കൃഷ്ണകുമാർ മാപ്രാണം പേജ് 39
സിമി പെരുമ്പിള്ളി പേജ് 43

### കവിത

ബഷീർ മുളിവയൽ പേജ് 4
എ. കെ. അനിൽകുമാർ പേജ് 5
സെയ്തലവി വിളയൂർ പേജ് 6
എറിക് ഫ്രീഡ് പേജ് 21
ദിവ്യ സി. ആർ. പേജ് 22
രമ പിഷാരടി പേജ് 23
ഡോ. അജയ് നാരായണൻ പേജ് 24
ചാക്കോ ഡി. അന്തിക്കാട് പേജ് 27
മൃദുല റോഷൻ പേജ് 29
രാജു കാഞ്ഞിരങ്ങാട് പേജ് 30
ബിനില കെ. ബാബു പേജ് 31
എ. പി. നാരായണൻകുട്ടി പേജ് 32
അശ്വതി വി. വി. പേജ് 33
സതീഷ് കളത്തിൽ പേജ് 34
വി. ജി. മുകുന്ദൻ പേജ് 35
ദീപ വിഷ്ണു പേജ് 36
നിബിൻ കള്ളിക്കാട് പേജ് 37
കുഞ്ഞച്ചൻ മത്തായി പേജ് 38

# പി ടി മാഷ്



ബഷീർ മുളിവയൽ

പി. ടി  മാഷിനെ മറക്കാനാകില്ല!
അദ്ദേഹം  പഠിപ്പിച്ച പാഠങ്ങളാണിന്ന്
ജീവിപ്പിക്കുന്നത്

കണക്ക് മാഷ് പഠിപ്പിച്ച
കണക്ക്കൂട്ടലുകളെല്ലാം
ജീവിതം തെറ്റിച്ചു കളഞ്ഞു

പഠിച്ച സാമൂഹ്യ പാഠങ്ങളെല്ലാം
രാഷ്ട്രീയ, മത സംഘടനകളും,
സമൂഹവും തിരുത്തിക്കുറിച്ചു

ചരിത്രത്തെ ഭരണകൂടം
തോന്നും പോലെ തിരുത്തി എഴുതി

ശാസ്ത്രം പണ്ട് പറഞ്ഞ പലതും മാറ്റിപ്പറഞ്ഞു
മലയാള അക്ഷരങ്ങളെല്ലാം
പത്രമാധ്യമങ്ങൾ തെറ്റിച്ചെഴുതി
ആശയകുഴപ്പത്തിലാക്കി

ഇംഗ്ലീഷ് ,
അക്കാദമിസ്റ്റുകൾക്കും,
പണക്കാർക്കും
പതിച്ചു നൽകി-
ഞങ്ങളുടെ ജീവിതം
വഴിമുട്ടി ഒടുങ്ങുമായിരുന്നേനെ

കളങ്ങളിൽ നിന്ന് പുറത്തുപോകാ
തപ്പുറവുമിപ്പുറവും ചാടാനും
മറ്റുള്ളവരുടെ ചുമലിൽ ചവിട്ടിക്കയറി
വിജയം കൊയ്തെടുക്കാനും
പിന്നിലായവരെ തിരിഞ്ഞു നോക്കാതെ
മുന്നിലേക്കോടി ജയിക്കാനും

ഉയരങ്ങൾ ചാടിക്കടക്കുമ്പോഴുള്ള
വീഴ്ചയിൽ സുരക്ഷിതമായി
നാല് കാലിൽ  വന്നു വീഴാനും

എതിരാളിയെ ഉന്നം പിഴക്കാതെറിഞ്ഞു
വീഴ്ത്താനും
പിടി മാഷന്ന്  പഠിപ്പിച്ചില്ലായിരുന്നെങ്കിൽ.



# അമ്മക്കിണർ



എ. കെ. അനിൽകുമാർ

ഓരോ കിണറും
ഓരോ അമ്മമനസ്സാണ്.
എത്രപേമാരി
കോരിച്ചൊരിഞ്ഞാലും
കിണറിൻ വക്കിൽനിന്നും
തുളുമ്പിയൊഴുകില്ല
ഒരുതുള്ളി കണ്ണീരും.
ഏതു കൊടും വേനലിലും
ഒരുതുള്ളി സ്നേഹജലം
ആരും കാണാതുള്ളിൽ
ഒളിപ്പിച്ചു വെയ്ക്കാറുണ്ട്
ഓരോ കിണറാഴങ്ങളും.
ഓരോ തവണ
കോരി വറ്റിക്കുമ്പോഴും
വീണ്ടും ചുരത്താറുണ്ട്
അമ്മിഞ്ഞ വറ്റാത്തൊരാ
പാതാള നെഞ്ചകം.
ഓരോ തവണ
തൊട്ടി വീണുലയുമ്പോഴും
മുറിവേറ്റയുള്ളം തഴുകി
കൂടെവരുന്നുണ്ട്
ഓരോ അമ്മമനസ്സും.

പാതിരാവിന്റെ മറവിൽ
ആരും കേൾക്കാത്തൊരാ
തേങ്ങലും വിഴുങ്ങി
ഇമയൊന്നനക്കാതെ
കാത്തിരിപ്പു നോട്ടവുമായി
ഉറങ്ങാതിരിപ്പുണ്ട്
ഓരോ അമ്മക്കിണറും.



# ഡ്രൈവ് ചെയ്യുമ്പോൾ

കവിത



സെയ്തലവി വിളയൂർ

ഡ്രൈവിങ്ങ് സീറ്റിൽ
ഉപവിഷ്ടനാകുമ്പോൾ
ജനാധിപത്യ ബോധമുണ്ടായിരുന്ന
കണ്ണും കാതും നാവും
ഏകാധിപത്യത്തിലേക്ക് ചുവടുമാറും

എതിരെ വരുന്ന
ഏതൊരാളെയും വിധിക്കുവാനുള്ള
അതിവേഗ കോടതി
പൊടുന്നനെ സ്ഥാപിതമാവും


ചലിച്ചു തുടങ്ങുന്നതു മുതൽക്കെ
നിരപരാധികളായ കുറ്റങ്ങൾ
വഴിയിലുടനീളം
പ്രസവിക്കപ്പെട്ടു കൊണ്ടിരിക്കും

ഒട്ടും വീതിയില്ലാത്തൊരിടത്ത്
നിർവാഹമില്ലാതെ നേർക്കുവരുന്ന
ഒരു വാഹനത്തിനെതിരെയും
ഒന്നും നോക്കാതെ കുറ്റപത്രം തയ്യാറാക്കും

ലൈസൻസ് പോലുമില്ലാത്തവരും
സ്വന്തം ശരികളെ കുറിച്ച്
ആധികാരികമായി
സഹയാത്രികർക്ക് ക്ലാസെടുക്കും

മുന്നിലുണ്ടാകുന്ന
ഒരു സഡൻ ബ്രേക്ക്
കാര്യകാരണ സഹിതമായിട്ടും
പിറകിലുള്ളോരോ വാഹനത്തിലും
തെറികൾ മുളപൊട്ടുന്നു

എങ്ങനെ വന്നാലും
നമുക്കനുകൂലമായി മാത്രം
വിധിക്കപ്പെടുന്നൊരു കോടതിയുണ്ടാകുന്നത്
ഡ്രൈവിങ്ങ് സീറ്റിൽ മാത്രമാണ്



കഥ



മനീഷ



# സൂര്യകാന്തി വാടുമ്പോൾ

**അ**ലാറം മൂന്നാമത്തെ തവണയും കരഞ്ഞു. ആ നിലവിളി അടുക്കളയിൽ വന്നലച്ചപ്പോൾ ഹൈമി ദോശക്കല്ല് വെച്ചബർണർ ഓഫ് ചെയ്തു മാളുവിനെ വിളിക്കാനെത്തി.നേർത്ത മഞ്ഞവെളിച്ചം ജാലകപ്പഴുതിലൂടെ പമ്മി വന്നു മാളുവിന്റെ കണ്ണിൽ തൊട്ടു.

'ഏഴ് മണിയായി മാളുവെ, ഇങ്ങനെ കിടന്നുറങ്ങിയാൽ കോളേജ് ബസ്പോവുംട്ടോ '.പുതപ്പ് വലിച്ചു മാറ്റിയ ഈർഷ്യ കണ്ണിൽ നിറച്ചു മാളു ചിണുങ്ങി..' എന്താ അച്ഛമ്മാ, ഞാൻ ഇന്നലെ ലേറ്റ് ആയ കിടന്നത്.. ഇത്തിരിക്കൂടി കിടക്കട്ടെ '.

ഇങ്ങനാച്ച ഞാൻ ദീപുനോട് പറയുംട്ടോ, എനിക്ക് പറ്റില്ല ഈ വയസാംകാലത്ത്



നിന്റെ മോളെ എണീപ്പിച്ചു ഒരുക്കിവിടാനൊന്നും.. അവിടെ ദുബായ് ലെ വല്ല കോളേജിലും ചേർത്തോന്ന്..

അച്ഛന്റേം അമ്മേടേം കൂടെയാവുമ്പോ ഈ വേഷംകേട്ടൊന്നും ഇണ്ടാവില്യാലോ..

' പറഞ്ഞോ.. എനിക്കെന്താ.. ഞാൻ പോയാൽ അച്ഛമ്മ ഇവിടെ തനിച്ചാവും.. അത്രേ ഉള്ളു.. അവൾ കെറുവിച്ചു എണീറ്റു... തനിച്ചാവുക എന്ന വാക്കിന്റെ ചൂടാൽ ഹൈമി വിയർത്തു..

ദോശ ചുടുമ്പോഴും, ചട്നി അരക്കുമ്പോഴും,ചിന്തയിൽ തനിച്ചാവുംട്ടോ എന്ന എന്നൊരു വാക്ക് മൂളിപ്പറന്നു..

എല്ലാം പ്ലാൻ ചെയ്തുചെയ്യുന്ന രാമേട്ടൻ ഒരു വാക്കും പറയാതെയാണ് മടിയിൽ കുഴഞ്ഞു വീണത്.. പ്ലസ്ടു കഴിഞ്ഞ മാളൂനെ നാട്ടിൽ ബിടെക് നു ചേർക്കാൻ വന്നിരുന്ന ദീപുവും ഉമയും മാളുനെ ഹോസ്റ്റലിൽ നിർത്താതെ, അമ്മക്ക് ഒരു കൂട്ടാവട്ടെയെന്നും പറഞ്ഞു ഇവിടെ നിർത്തിത്.. എല്ലാം ഒരു റീൽ പോലെ മനസ്സിൽ തെളിഞ്ഞു..

ദോശ കരിഞ്ഞ മണമാണ് ഹൈമിയുടെ മനസിനെ വീണ്ടും അടുക്കളയിൽ എത്തിച്ചത്... 'ഇന്നും ദോശന്ന്യാ'... കഴിക്കാൻ വന്നിരുന്ന മാളു പിറുപിറുത്തു..അതെ നിന്റെ ഈ പ്രായത്തില് ഞാനൊക്കെ ഒറ്റക്ക് ഒരു വീട് നോക്കാരുന്നു.. കേട്ടോടീ.. ഹൈമി മാളൂനെ ഒന്ന് തറപ്പിച്ചു നോക്കി..എന്തിനാ അച്ഛമ്മ ചെറുപ്പത്തിലേ കല്യാണം കഴിക്കാൻ പോയത്.അതോണ്ടല്ലേ .ഇല്ലേൽ എൻജോയ് ചെയാരുന്നില്ലേ ലൈഫ്..തറുതലക്ക് ഒരു ക്ഷാമോം ഇല്ല പെണ്ണിന്..എന്തൊ അവളുടെ കുറുമ്പ് കാണുമ്പോഴും വാത്സല്യം മാത്രമാണ് മനസ്സിൽആകെ ജനിച്ചത് ഒരു മോൻ.. പെൺകുട്ടി വേണം ന്ന മോഹമൊക്കെ പ്രസവത്തിനൊപ്പം വന്ന രക്തസ്രാവം കശക്കിയെറിഞ്ഞു... കാലം ഓട്ടമത്സരത്തിലാണ്.. വീട്.. കുഞ്ഞ്.. വീട്ടുകാര്യങ്ങൾ... മാത്രമായി ചോർന്നുപോയ തന്റെ യൗവ്വനത്തെ വീണ്ടും കോരിയെടുക്കാൻ ഹൈമിക്ക് കൊതി തോന്നി..

മാളു പോയി കഴിഞ്ഞാലാണ് ഒറ്റപ്പെടലിന്റെ ആഴം അറിയുക.. നിലയില്ലാ കയത്തിൽ മുങ്ങിത്തപ്പി ശ്വാസംമുട്ടിപ്പോകും.. ആകാശമപ്പോൾ ക്ലാവ് പിടിച്ച പോലെ.. മുറ്റത്തെ ചെടികൾക്കിടയിലൂടെ നടന്നു ഓരോ പുല്ലും പറിച്ചു കളയും, പുഴു തിന്നു ബാക്കി നിർത്തിയ ഇലകളെ വെട്ടിക്കളയും.. റോസാക്കമ്പിനും കനകാംബരത്തിനും മണ്ണിളക്കും.. സൂര്യകാന്തിക്ക് നേരെ നിൽക്കാനൊരു ഊന്നു വടി കൊടുക്കും... എന്നിട്ടും ബാക്കിയാകുന്ന നേരങ്ങളെ ടിവി ക്കും പുസ്തകങ്ങൾക്കുമായി സമർപ്പിക്കും...

മാളു വരുന്ന സമയം വൈകിയാൽ നെഞ്ചിലൊരു മഴ പെയ്യാൻ വെമ്പി നിൽക്കും.. കൂട്ടുകാരോടൊപ്പം കറങ്ങി വൈകി വരുമ്പോൾ ചോദിച്ചാൽ അവൾ പറയും.. 'എന്റെ എൺപതുകളിലെ വസന്തമേ  ഇത് കാലം വേറെയാണ്.. ആണും ആണും, പെണ്ണും പെണ്ണും കല്യാണം കഴിക്കുന്ന കാലം..ബോയ്സിനൊപ്പം പുറത്ത് പോണത് വല്യ കാര്യമാണോ.. പ്രേമം മാത്രേ ആളോൾ തമ്മിൽ ഉള്ളുന്നാണോ വിചാരം..എന്നാലും.. ഇത്രയൊക്കെ പുരോഗമനം പറഞ്ഞിട്ടും ടിവി തുറന്നാല് കൊല്ലലും, വെട്ടലും, പീഡനോം മാത്രേ ഉള്ളു.. പിന്നെ ഓരോ ലഹരികളും.. ആ ആധികൊണ്ടാണ് അച്ഛമ്മ.... രാമേട്ടന് മുന്നിൽ ഉത്തരങ്ങൾ പറഞ്ഞു പതറിയിരുന്ന അതെ ഹൈമി തന്നെയാണല്ലോ താൻ ഈ അറുപതുകളിലും എന്ന തിരിച്ചറിവിൽ ഹൈമിക്ക് നൊന്തു..

മനസ്സുകൊണ്ട് തനിക്കിപ്പോൾ എത്ര വയസ്സുണ്ട്.. വെറുതെ, വെറുതെ മാത്രം ഉറക്കം എണീറ്റുപോയ ആ നിലാവിൽ ഹൈമി തന്നോട് തന്നെ ചോദിച്ചു.. താനിപ്പോഴും മുപ്പതിൽ തന്നെയെന്ന് മനസ്.. മാളു പറഞ്ഞ എൺപതുകളിലെ വസന്തം.. ആ വസന്തം ഇലപൊഴിച്ചിട്ടും മനസ്സ് ഇന്നും പൂത്ത്.. തളിർത്തു നില്ക്കുന്നു.. ഒരുങ്ങാൻ, കൂട്ടുകൂടാൻ, യാത്ര പോകാൻ ഒക്കെയും തനിക്ക് ഇപ്പോഴും ഇഷ്ടമുണ്ട്.. ഇന്നും ഏറ്റവും ഇഷ്ടം മസാലദോശ തന്നെ.. എന്നിട്ടും

താൻ വയസ്സിയാണെന്ന് ആരാണ് പറഞ്ഞുറപ്പിച്ചത്.. ഈ സമൂഹം തന്നെ.. ഓരോ കാലങ്ങളെ ഒരോ അച്ചിൽ വാർത്ത സമൂഹം.. ഭൈമിക്ക് ആകെ ദേഷ്യം വന്നു. നിലക്കണ്ണാടിയിൽ നിൽക്കുന്ന തന്റെ പ്രതിബിംബത്തിന്റെ കണ്ണിലേക്ക് നോക്കി.. സ്വാതന്ത്ര്യം കൊതിക്കുന്ന കടലാഴം കാണുന്നുണ്ടല്ലോ..അന്നും.. ഇന്നും...

പക്ഷെ വിലങ്ങുകൾ അഴിഞ്ഞിട്ടില്ലല്ലോ..അച്ഛൻ മരിച്ചിട്ടും അമ്മ ഈ പട്ടുസാരിയൊക്കെ ഉടുത്താൽ ബന്ധുക്കളൊക്കെ എന്ത് കരുതും.. മുണ്ടും നേര്യതും പോരെ.. അല്ലെങ്കിൽ പകിട്ടില്ലാത്ത സാരീ... പറഞ്ഞത് വിദേശത്തു ജോലി ചെയുന്ന.. എം ബി എ ക്കാരൻ മകൻ..

നാട്ടില് ജീവിക്കുമ്പോ നാട്ടുകാർ പറയുന്നതും ചിന്തിക്കണ്ടേ..

മുപ്പത്തഞ്ചു കൊല്ലം പിറകിലേക്ക് പോയി ഭൈമി...

'മോൻ തനിച്ചാവും.. കുട്ട്യേ നോക്കണ്ടേ.. ഉദ്യോഗം ആണ് വലുതെന്നു ആളോൾ പറയില്ലേ.. സർക്കാർ ജോലി വേണ്ടെന്നു വെക്കാൻ കാരണം പറഞ്ഞ രാമേട്ടന്റെ അതെ മുഖം.. ഭാവം.. അതായിരുന്നു അപ്പൊ ദീപുനും..

അമ്മക്കൊരു യാത്ര പോണം ദീപു.. എങ്ങടാ അമ്മേ... മൂകാംബിക.. കാശി.. ഞാൻ ബുക്ക് ചെയ്യാം.. എനിക്ക് കാശ്മീർ ആണ് കാണണ്ടത്.. കാണാൻ മോഹം ഉള്ളടത്തേക്ക് അല്ലെ പോണ്ടേ... ഇനി ഇപ്പോ പ്രായം കൂടുകയല്ലേ... കഴിഞ്ഞ വരവിനു ദീപുനോട് പറഞ്ഞതാണ്... ഈ പ്രായത്തില് മോക്ഷയാത്ര ന്നു പറഞ്ഞാൽ രസമുണ്ട്.. ഇത് എന്ത് ഭ്രാന്താ അമ്മക്ക്.. ശീലം പോലെ വായടച്ചു..

കാലത്ത് ഉണർന്നപ്പോൾ മുറ്റത്തു വിരിഞ്ഞു നിൽക്കുന്നു സൂര്യകാന്തി.. മാളൂനെ പോലെ.. അന്തിയാകുമ്പോ തന്നെ പോലെയാകും.. പിന്നെയും മൊട്ടുകളുണ്ടല്ലോ.. നാളേക്കും.. അതിന്റെ നാളേക്കും വിരിയാൻ.. സൂര്യകാന്തി സൂര്യനെ കടക്കണ്ണേറിയുന്നു.. ഒരിക്കലും പൂവിടാത്ത പ്രണയം പറയുന്നു... കൊഴിയും മുൻപ് എന്തെങ്കിലും ആഗ്രഹം നേടിയെടുക്കണമെന്ന് ഭൈമിക്ക് അപ്പോൾ തോന്നി...

ഫോൺ എടുത്തു.. 'ദീപു മാളൂനെ ഹോസ്റ്റലിൽ നിർത്തിക്കോളൂ.. അമ്മക്ക് മനസ്സിൽ ഇനിയും കൊഴിയാത്ത വസന്തമുണ്ട്..ഇനി ഈ പ്രായത്തില് നാട്ടുകാരുടെ, ബന്ധുക്കളുടെ സ്വഭാവസർട്ടിഫിക്കറ്റ് കിട്ടിട്ട് എന്തിനാ..അമ്മ കുറച്ചു യാത്രകൾ ചിന്തിക്കുന്നു.. എതിര് പറയേണ്ട.. പണവും മുടക്കേണ്ട.. നീ മോനും ഞാൻ അമ്മയുമാണ്..അത് മറക്കണ്ട'.. മെസേജ് നീല വര തെളിയുന്നതും നോക്കിയിരുന്നുമാളുനും മെസേജ് ഇട്ടു.. അച്ഛമ്മ പുറത്ത് പോകും ഈവനിങ്.. താക്കോൽ സൂര്യകാന്തിയുടെ ചോട്ടിൽ.. ചായ ഫ്ളാസ്കിൽ..

ഓറഞ്ച് നിറത്തിൽ പച്ച ബോർഡറുള്ള പട്ടു സാരീ ഉടുത്തു.. അന്തി സൂര്യനെ കണ്ടിട്ട്, കടൽ കാറ്റേറ്റിട്ട് എത്ര കാലമായി. കുറേ കാലത്തിനു ശേഷം തനിച്ചു പുറത്തു പോകുന്നതിന്റെ വേവലാതി മുഖത്തു ഉണ്ടാകാതിരിക്കാൻ ശ്രദ്ധിച്ചാണ് നടന്നത് . കടല കൊറിച്ചു ആഴകടലിന്റെ ഇരമ്പൽ നോക്കി നോക്കി ഇരുട്ടിയത് അറിഞ്ഞില്ല.. ഇരുട്ടിനും സൗന്ദര്യം ഉണ്ടെന്നു തോന്നി.. രാവുകൾ ഇതുവരെയും വീടിനകത്തു നിന്നല്ലേ കണ്ടിട്ടുള്ളു.. മനസ്സിൽ വിരിഞ്ഞ ചിരി മുഖത്തും പ്രകാശിച്ചു.. മടങ്ങുമ്പോഴാണ് ആദ്യത്തെ ചോദ്യം വീണത്.. വയസായിട്ടും പണി നിർത്തിയില്ലേന്നു.. മുഖമടച്ചു ഒരാട്ട് കൊടുക്കാനാണ് മനസ് മന്ത്രിച്ചത്.. പക്ഷെ ശരീരം കാലങ്ങൾ ആയി ശീലിച്ചതും പാലിച്ചതും അടക്കവും ഒതുക്കവും ആണല്ലോ... തിരക്കിട്ടു നടന്നു.. ഭയത്തിന്റെ സൂചിമുനകൾ തലച്ചോറിൽ കുത്തുന്നു.. മനസ്സിലെ വസന്തം കൊഴിയുന്നു.. ഇരുട്ടിൽ പടി കടന്നു ചെന്നു.. സൂര്യകാന്തി വാടി വീണിരുന്നു.. താക്കോൽ ഭദ്രമായി ഇരിപ്പുണ്ട്.. സ്വാതന്ത്ര്യം കിട്ടാക്കനി തന്നെ ഈ ജന്മം എന്ന വ്യഥയുടെ നീറ്റലിൽ ഭൈമിയുടെ വാർദ്ധക്യം കട്ടിലിൽ കിടന്നു..



# അദാനി വാഴുന്നു, ജനങ്ങളുടെ ചെലവിൽ



ഫ്രാങ്കോ ലൂയിസ്

**രാ**ജ്യത്തെ കൊള്ളയടിക്കുന്ന നയങ്ങൾ. അതിനെതിരേ വിരൽ ചൂണ്ടുന്നവരെല്ലാം രാജ്യദ്രോഹികൾ. ഇതാണ് ഉത്തരത്തിലെ നരേന്ദ്രന്റെയും സംഘാംഗങ്ങളുടേയും മനോനില. എതിരഭിപ്രായം പറയുന്നവരെ കൊന്നു തിന്നുക. ഇത് ഒരുതരം നരഭോജി സംസ്കാരമാണ്. സഹിഷ്ണുതയുടേയും സഹവർത്തിത്വത്തിന്റേയും മഹത്തായ പാരമ്പര്യമുണ്ടായിരുന്ന രാജ്യമാണിത്. ഇപ്പോൾ എൻഫോഴ്സ്മെന്റും ആദായനികുതി വകുപ്പും മുതൽ സിബിഐ യും പോലീസും വരെയുള്ള ഭരണകൂട സ്ഥാപനങ്ങളെ ദുരുപയോഗിച്ച് കൊന്നുതിന്നുന്ന നിലയിലേക്ക് അധഃപതിപ്പിച്ചു.

അദാനി, ബിബിസി വിഷയങ്ങളെ കപട ദേശീയതയുടെ കരിമ്പടം പുതപ്പിച്ചു രക്ഷപ്പെടാൻ ശ്രമിച്ചതു ലോകം അദ്ഭുതത്തോടെയാണു കണ്ടത്. ഇന്ത്യയെ ലോകത്തിനു മുന്നിൽ നാണംകെടുത്തിയ നിലപാടുകൾ.

ശതകോടികളുടെ ആരോപണങ്ങൾ നേരിടുന്ന അദാനി ഗ്രൂപ്പിനെതിരേ അന്വേഷണത്തിനു തയാറാകാതെ ഗൗതം അദാനിക്കു സംരക്ഷണം നൽകുകയാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി. അദാനി ഗ്രൂപ്പിന്റെ ഉടമ ഗൗതം ദാസ് അദാനിക്ക് രണ്ടു പതിറ്റാണ്ടു കാലമായി സർവ പിന്തുണയും നൽകിയയാളാണ് മോദി. ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്നപ്പോൾ മുതലേ ആ ബന്ധമുണ്ട്. ഇപ്പോൾ ഗുരുതരമായ ആരോപണങ്ങൾ ഉയർ

ന്നിട്ടും സംരക്ഷിക്കുന്ന നയത്തിനു പിറകിൽ ആ ബന്ധമാണെന്നാണ് പ്രതിപക്ഷ കക്ഷികളുടെ ആരോപണം.

### വേട്ടയാടൽ

അദാനിയെ സംരക്ഷിക്കുന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയെ നരേന്ദ്ര 'ഗൗതം ദാസ്' മോദി എന്നു വിമർശിച്ചതിനു കോൺഗ്രസ് വക്താവ് പവൻ ഖേരയെ ഡൽഹി വിമാനത്താവളത്തിൽ പോലീസ് അറസ്റ്റു ചെയ്തു. പാർലമെന്റിൽ വിമർശിച്ചവർക്കെതിരേ നടപടിയും തുടങ്ങി. ആസാം പോലീസ് ഡൽഹി വിമാനത്താവളം വളഞ്ഞുകൊണ്ടാണ് പവൻ ഖേരയെ പിടികൂടിയത്. റായ്പൂരിൽ നടക്കുന്ന എഐസിസി പ്ലീനറി സമ്മേളനത്തിൽ പങ്കെടുക്കാൻ ഇൻഡിഗോ വിമാനത്തിൽ കയറിയ പവൻ ഖേരയെ പോലീസിന്റെ സമ്മർദംമൂലം ഇറക്കിവിട്ടു. ഒപ്പമുണ്ടായിരുന്ന കോൺഗ്രസ് നേതാക്കളും ഇറങ്ങി റൺവേയിൽ കുത്തിയിരിപ്പു സമരം നടത്തി. സംഘർഷത്തിനൊടുവിൽ ആസാം പോലീസ് അറസ്റ്റു ചെയ്യുകയായിരുന്നു. അപ്പോഴേക്കും വിഷയം സുപ്രീം കോടതിയിലെത്തി. കോടതി പവൻ ഖേരയെ ജാമ്യത്തിൽ വിട്ടയച്ചു.

സർക്കാരിന്റെ ജനദ്രോഹ നയങ്ങളെ വിമർശിക്കുന്നവരെയെല്ലാം രാജ്യദ്രോഹികളെന്നു മുദ്രയടിക്കാൻ ഓടിനടക്കുകയാണു കേന്ദ്രമന്ത്രിമാർ. ജനദ്രോഹത്തെ വിമർശിക്കുന്നവരെയെല്ലാം റെയ്ഡ് നടത്തിയും അറസ്റ്റു ചെയ്തും തുടച്ചുനീക്കാനുള്ള യുദ്ധത്തിലാണ് മോദിയും അമിത് ഷായും നയിക്കുന്ന സർക്കാർ. ഞങ്ങൾ മാത്രം മതി, നിങ്ങളെയെല്ലാം കൊന്നു തിന്നുമെന്ന നിലപാട് ഒരു ജനാധിപത്യ രാജ്യത്തിനും ചേർന്നതല്ല.

### കൊള്ളലാഭം?

ലോകകോടീശ്വര പട്ടികയിൽ ഒന്നാം സ്ഥാനം വെട്ടിപ്പിടിക്കാനിരുന്ന ഗൗതം അദാനിക്കെതിരേ ആഗോളതലത്തിൽ ഉയർന്ന ആരോപണമാണു മോദി ഒളിപ്പിക്കാൻ ശ്രമിക്കുന്നത്. ഏതാനും ആഴ്ചകളായി ഈ ആരോപണങ്ങൾ ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ, രാഷ്ട്രീയ വ്യവസ്ഥയെ എയറിൽ നിർത്തി.

ഒറ്റ വർഷംകൊണ്ട് ലോക സമ്പന്നരിൽ മൂന്നാം സ്ഥാനത്തേക്കു വളർന്ന ഇന്ത്യൻ ശതകോടീശ്വരൻ ഗൗതം അദാനിയുടെ കമ്പനികൾക്കെതിരേ അമേരിക്കൻ ധനകാര്യ ഗവേഷണ സ്ഥാപനമായ ഹിൻഡൻബർഗ് 88 ആരോപണങ്ങളാണ് ഉന്നയിച്ചത്. അദാനി ഗ്രൂപ്പ് കമ്പനികളുടെ ഓഹരി മൂല്യം തന്ത്രപൂർവം വൻതോതിൽ പെരുപ്പിച്ചുകാട്ടി കൊള്ളലാഭമുണ്ടാക്കിയെന്നാണ് മുഖ്യ ആരോപണം. അദാനി ഗ്രൂപ്പ് കമ്പനികളുടെ അക്കൗണ്ടിംഗിൽ തട്ടിപ്പുണ്ട്. കോർപറേറ്റ് രംഗത്തു ദുർഭരണമാണ്. ബാങ്കുകൾക്കു ഭീഷണിയാകുന്നത്രയും കടബാധ്യത ഗ്രൂപ്പിനുണ്ടെന്നും ഹിൻഡൻബർഗ് ആരോപിച്ചു.

ആരോപണങ്ങൾ ഉയർന്നതോടെ അദാനി ഗ്രൂപ്പിന്റെ ഓഹരിമൂല്യം അനുദിനം തകർന്നു. അദാനി ഗ്രൂപ്പിന് ഒറ്റ മാസംകൊണ്ട് മൂന്നേകാൽ ലക്ഷം കോടി രൂപയുടെ നഷ്ടമുണ്ടായി. കഴിഞ്ഞ ഒക്ടോബറോടെ 15,500 കോടി ഡോളറുമായി ലോക ശതകോടീശ്വരന്മാരിൽ മൂന്നാം സ്ഥാനം കൈയടക്കിയ അദാനി ഫെബ്രുവരി രണ്ടാം വാരത്തോടെ 11,900 കോടി ഡോളർ ആസ്തിയോടെ 24 ാം സ്ഥാനത്തായി. അദാനി ഗ്രൂപ്പ് എത്രയോ ലക്ഷം കോടി രൂപയുടെ ക്രമക്കേടു നടത്തിയിട്ടുണ്ടെന്നാണ് ആരോപണം. ഓഹരി നിരക്കു വെട്ടിപ്പ്, കണക്കിലെ ക്രമക്കേട്, നികുതി വെട്ടിപ്പ്, അമിതമായ ബാങ്ക് വായ്പ, പൊതുമേഖലാ സ്ഥാപനങ്ങളുടെ കോടികൾ അദാനി ഗ്രൂപ്പിൽ നിക്ഷേപിപ്പിക്കൽ എന്നിങ്ങനെയുള്ള ആരോപണങ്ങൾ ഉയർന്നിട്ടും നരേന്ദ്രമോദി സർക്കാർ അതേക്കുറിച്ച് അന്വേഷിക്കാൻ തയാറാകാതെ കുറ്റാരോപിതനു സംരക്ഷണം നൽകുന്ന കാഴ്ചയാണു കാണുന്നത്.

### ജനങ്ങളുടെ ചെലവിൽ

ഓഹരി ക്രമക്കേടുകളെക്കുറിച്ച് സെബി, ബാങ്ക് വായ്പകളെക്കുറിച്ച് റിസർവ് ബാങ്ക്, ആദായ നികുതി, എൻഫോഴ്സ്മെന്റ്, സിബിഐ തുടങ്ങിയ കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ വളരെ ഗൗരവത്തോടെ അന്വേഷിക്കേണ്ട ആരോപണങ്ങളാണ്. ബിബിസി അടക്കമുള്ള വിമർശകരെ ഭരണഘടനാ സ്ഥാപനങ്ങളെ വടിയാക്കി അടിക്കടി അടിച്ചുകൊണ്ടിരിക്കുന്ന മോദിയും അമിത് ഷായും അദാനിയുടെ കാര്യത്തിൽ നോക്കുകുത്തികളായിരിക്കുന്നു.

ജനങ്ങളുടെ പണം അമ്മാനമാടിയാണ് അദാനി ലോക കോടീശ്വരനായത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പതിനായിരക്കണക്കിനു കോടി രൂപ അദാനിയുടെ വ്യവസായങ്ങളിലുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ 22,000 കോടി രൂപ വായ്പ നൽകിയതും ലൈഫ് ഇൻഷുറൻസ് കോർപറേഷൻ 30,000 കോടി രൂപ നിക്ഷേപിച്ചതും പുറത്തുവന്ന കണക്കുകളിൽ ചിലതു മാത്രമാണ്. കടപ്പ

ത്രങ്ങളായും ഓഹരി നിക്ഷേപങ്ങളായുമെല്ലാം ശതകോടികൾ വേറേയുമുണ്ട്. പലയിനം നികുതി വെട്ടിപ്പുകൾ വേറെ. ജനങ്ങളുടെ ചെലവിൽ ഭരണാധികാരികൾ കൊഴിപ്പിച്ചു വാഴിച്ച വ്യവസായ ശ്രംഖലയാണ് അദാനി.

ജനനന്മ ആഗ്രഹിക്കുന്ന രാജ്യസ്നേഹികളാണു രാജ്യം ഭരിക്കുന്നതെങ്കിൽ വെട്ടിപ്പിനെക്കുറിച്ച് അന്വേഷണം നടത്തും. ജനങ്ങളെയും രാജ്യത്തേയും കബളിപ്പിക്കുന്നവരെ കണ്ടെത്തി നിയമത്തിനു മുന്നിലേക്കു കൊണ്ടുവരും. എന്നാൽ കപട ദേശീയവാദികൾ അതു ചെയ്യില്ല. രാജ്യത്തെ അവർ വിറ്റുകൊണ്ടേയിരിക്കും. വിമാനത്താവളങ്ങളും തുറമുഖങ്ങളും അദാനിക്കു നൽകിയത് വേറെ ആരുമല്ല. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വിദേശ യാത്രകളിൽ ഒപ്പുവയ്ക്കുന്ന വാണിജ്യ വ്യവസായ കരാറുകളിൽ മുഖ്യപങ്കും അദാനിക്കുള്ളതാണ്. എല്ലാ യാത്രകളിലും അദാനിയും മോദിയെ പിന്തുടരാറുണ്ട്. മോദി ഗുജറാത്തിൽ മുഖ്യമന്ത്രിയായിരുന്നപ്പോൾ ആരംഭിച്ച സൗഹാർദമാണ് 2014 ൽ പ്രധാനമന്ത്രിയായതോടെ തഴച്ചു വളർന്നത്.

ലോകത്തെത്തന്നെ ഏറ്റവും വലിയ കോടീശ്വരനായി വളരാനുള്ള ഒത്താശകളെല്ലാം ചെയ്തുകൊടുത്തത് മോദിയുടെ കരുതൽ തന്നെ. മോദിക്കു മാത്രമല്ല, പ്രതിപക്ഷത്തെ മുഖ്യമന്ത്രിമാർക്കും അദാനി ധനദൈവമാണ്. രാജസ്ഥാനിലെ കോൺഗ്രസ് മുഖ്യമന്ത്രി അശോക് ഗെലോട്ടും ബംഗാളിലെ തൃണമൂൽ കോൺഗ്രസ് മുഖ്യമന്ത്രി മമത ബാനർജിയുമെല്ലാം അദാനിക്കൊപ്പം നിൽക്കുന്നവരാണ്. എല്ലാം ജനങ്ങളുടെ ചെലവിൽ. അദാനി നേടുന്ന ശതകോടി ആദായത്തിന്റെ ഒരംശമെങ്കിലും പറ്റാതെയാണോ ഇവരെല്ലാം അദാനിക്കു വഴിവിട്ട സഹായങ്ങളെല്ലാം നൽകുന്നത്?

## അദാനി തകർന്നാൽ രാജ്യവും

വ്യവസായികൾ രാജ്യത്തിന്റെ വികസനത്തിന് അനിവാര്യമാണ്. സമസ്ത മേഖലയിലും അദാനിയുടെ വ്യവസായ സാമ്രാജ്യമുണ്ട്. അവ ക്ഷീണിച്ചാൽ രാജ്യത്തെ ലക്ഷക്കണക്കിനു വികസന പദ്ധതികൾ ഇല്ലാതാകും. ഒറ്റ കോർപറേറ്റ് വ്യവസായിയെ മാത്രം ആകാശത്തോളം വളർത്തിയാൽ അങ്ങനെയെല്ലാമുള്ള ദുരന്തമുണ്ടാകും. അദാനി തകർന്നാൽ രാജ്യംതന്നെ തകരുന്ന നിലയിലേക്ക് ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ അദാനിയുടെ കീശയിലേക്കു ഒതുക്കിക്കൊടുത്തിരിക്കുകയാണ്. അദാനിക്കു ക്ഷീണമുണ്ടായാൽ പതിനായിരക്കണക്കിനു ജീവനക്കാരും ഇടപാടുകാരും വഴിയാധാരമാകും. ആ സ്ഥാപനങ്ങൾക്കു ശതകോടികൾ വായ്പ നൽകിയ ബാങ്കുകളും ആ സ്ഥാപനങ്ങളിൽ നിക്ഷേപം നടത്തിയ കോർപറേറ്റു ഭീമന്മാരും കടപുഴകും. ഇന്ത്യൻ സമ്പദ് വ്യവസ്ഥ ആടിയുലയും.

അതുകൊണ്ടാണ് ഹിൻഡൻബർഗിന്റെ ആരോപണങ്ങളെ അദാനി ഗ്രൂപ്പ് ഇന്ത്യക്കെതിരായ നീക്കമെന്നു വിശേഷിപ്പിച്ചത്. ദേശീയതയെ മറയാക്കിയുള്ള തട്ടിപ്പുകളിലൂടെ അദാനി ഇന്ത്യയെ കൊള്ളയടിക്കുകയാണെന്നാണ് ഹിൻഡൻബർഗ് തിരിച്ചടിച്ചത്. ഓഹരി വില തകർത്ത് ചുളുവിലയ്ക്ക് ഓഹരി വാങ്ങി മറിച്ചുവിറ്റു ലാഭമുണ്ടാക്കുന്ന ഷോർട്ട് സെല്ലിംഗ് വിദ്വാന്മാരാണ് ഹിൻഡൻബർഗ്. അദാനിക്കെതിരേ കോടാലി വീശിയതും അതിനുവേണ്ടിയാണ്.

## ഒളിച്ചോടി മോദി

അദാനിക്കെതിരേ ഉയർന്ന ആരോപണങ്ങൾ രാജ്യത്തെ ജനങ്ങളെ ബാധിക്കുന്നവയാണ്. ഈ വിഷയം പാർലമെന്റിൽ ഉന്നയിക്കാൻപോലും ബിജെപി സർക്കാർ അനുവദിച്ചില്ല. സംയുക്ത പാർലമെന്ററി സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന പ്രതിപക്ഷ ആവശ്യവും സഭാരേഖകളിൽപോലും ഉൾപെടത്തിയില്ല. ലോക്സഭയിൽ സ്പീക്കർ ഓം ബിർളയും രാജ്യസഭയിൽ അധ്യക്ഷൻ ജഗ്ദീപ് ധൻകറും അതേക്കുറിച്ചു സംസാരിക്കാൻ പോലും അനുവദിച്ചില്ല. നന്ദിപ്രമേയ ചർച്ചയ്ക്കിടെ വിഷയം ഉന്നയിച്ച കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുന ഖർഗെ എന്നിവർ ഉന്നയിച്ച ആരോപണങ്ങൾ സഭാ രേഖകളിൽനിന്ന് നീക്കം ചെയ്യുകയും ചെയ്തു.

രാജ്യത്തെ ഇളക്കി മറിച്ച ആരോപണങ്ങളെക്കുറിച്ച് ഒരക്ഷരംപോലും പ്രധാനമന്ത്രി നരേന്ദ്രമോദി ഉരിയാടിയില്ല. ചോദ്യങ്ങളിൽ നിന്നെല്ലാം ഒളിച്ചോടിയ മോദി രാഹൽഗാന്ധിയെയും കുടുംബത്തേയും അധിക്ഷേപിക്കുകയാണു ചെയ്തത്. രാജ്യത്തെ ആദ്യ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ കുടുംബപ്പേരായ നെഹ്റു എന്ന പേര് ഉപയോഗിക്കാതെ ഗാന്ധി എന്ന പേരാണ് ആ കുടുംബം ഉപയോഗിക്കുന്നതെന്നാണ് മോദിയുടെ അധിക്ഷേപം. ഇന്ദിരാഗാന്ധിയുടെ




ഭർത്താവിന്റെ പേര്, രാജീവിന്റെ അച്ഛന്റെ പേര് ഫിറോസ് ഗാന്ധി എന്നാണെന്നും ആ പേരിലെ ഗാന്ധി കുടുംബ ബന്ധമാണ് രാജീവ് ഗാന്ധിയും രാഹുൽഗാന്ധിയുമെല്ലാം പിന്തുടരുന്നതെന്നും മോദിക്ക് അറിയാത്തതല്ല. രക്തത്തിൽ വിദ്വേഷവും വെറുപ്പുമുണ്ടെങ്കിൽ വാക്കുകളിലും പ്രവർത്തികളിലുമെല്ലാം അതു പ്രകടമാകും.

തങ്ങളുടെ ഒത്താശയോടെ നടന്ന കുംഭകോണ വിവരങ്ങൾ പുറത്താകുമെന്ന ഭീതി ചെറിയ കാര്യമല്ല. സ്വന്തം കൈകൾ ശുദ്ധമല്ലാതാകുമ്പോഴാണ് ഇങ്ങനെ മറച്ചുവയ്ക്കുകയും ഒളിച്ചോടുകയും ചെയ്യേണ്ടി വരുന്നത്.

## നീതിപീഠം മുമ്പാകെ

അദാനി കേസുകൾ സുപ്രീം കോടതിയുടെ മുന്നിലാണ്. അദാനിക്കെതിരേ ആരോപണം ഉന്നയിച്ച ഹിൻഡൻ ബർഗിനെതിരേയും അദാനി ഗ്രൂപ്പ് നടത്തിയെന്ന് ആരോപിക്കപ്പെടുന്ന ക്രമക്കേടുകൾക്കെതിരേയും അന്വേഷണം ആവശ്യപ്പെട്ടാണു സുപ്രീം കോടതിയിലെ കേസുകളുണ്ട്. കോടതിയിൽ വാദവും വിചാരണയുമെല്ലാം നടത്തി വിധി പ്രസ്താവിക്കട്ടെ.

അദാനി വിഷയത്തെത്തുടർന്ന് ഓഹരി വിപണിയിലുണ്ടായ തകർച്ചയെക്കുറിച്ചു പഠിക്കാൻ സുപ്രീം കോടതി ഒരു സമതിയെ നിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സമിതി അംഗങ്ങളായി കേന്ദ്ര സർക്കാർ നിയോഗിച്ചവരുടെ പട്ടിക തള്ളി സ്വന്തമായി സമിതി രൂപീകരിക്കാനാണു സുപ്രീം കോടതിയുടെ തീരുമാനം. അന്വേഷണത്തിന്റെ വ്യാപ്തി എത്രത്തോളമെന്നു സുപ്രീം കോടതി നിശ്ചയിച്ചിട്ടില്ല.

വിരമിച്ചാൽ ന്യായാധിപ പ്രഭുക്കൾക്കു രാജ്യസഭാംഗത്വവും ഗവർണർ സ്ഥാനവുമെല്ലാം സമ്മാനിക്കുന്ന രാജ്യമാണിതെന്നുകൂടി ഓർക്കണം. സംഘപരിവാർ പട്ടികയിലുള്ളവരുടെ കൈകളിൽ നീതിപീഠത്തെ ഭദ്രമാക്കുകയും ചെയ്യും. നീതി നിർവഹണത്തെ ച്ചൊല്ലി തലപുകയ്ക്കേണ്ട കാര്യമില്ല.

## പഴയ കുംഭകോണം

മുപ്പത്തൊന്നു വർഷം മുമ്പ് ഇന്ത്യൻ ഓഹരി വിപണിയെ തകർക്കുകയും അനേകായിരങ്ങളെ കുത്തുപാളയെടുപ്പിക്കുകയും ചെയ്ത ഓഹരി കുംഭകോണത്തെ ഓർത്തുപോകുകയാണ്. 10,000 കോടി രൂപയുടെ ഓഹരി കുംഭകോണം. ഹർഷദ് മേത്ത എന്ന കാളക്കൂറ്റൻ കയറി നിരങ്ങിയും കരടികളെ ഇറക്കിയുമെല്ലാം ഓഹരി വിപണിയെ കശക്കിയെറിഞ്ഞ വിശേഷം ലോകമെങ്ങും ചർച്ചയായിരുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ അടക്കമുള്ള പൊതുമേഖലാ ബാങ്കുകളിൽ നിന്നു കോടികൾ വായ്പയെടുത്തു കബളിപ്പിച്ചുള്ള അനുബന്ധ തട്ടിപ്പു വേറേയും.

സിബിഐ അടക്കമുള്ള ഏജൻസികൾ അന്വേഷണം നടത്തി ഹർഷദ് മേത്ത അടക്കം കുംഭകോണത്തിൽ പ്രതികളായവരെ പിടികൂടി ജയിലിലടച്ചു. സംയുക്ത പാർലമെന്ററി സമിതിയുടെ അന്വേഷണവും ഉണ്ടായി. അതിനേക്കാൾ നൂറിരട്ടി പ്രഹരശേഷിയുള്ള കുംഭകോണ ആരോപണമാണ് ആഗോളതലത്തിൽ ഉയർന്നിരിക്കുന്നത്.

## നരഭോജികളോ ?

അദാനി വിഷയത്തിൽ ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ ജനാധിപത്യം ചവിട്ടിമെതിക്കപ്പെട്ട കാഴ്ചയാണു ലോകം കണ്ടത്. പാർലമെന്റിന്റെ കറുത്ത ദിനങ്ങൾ. കാവൽക്കാരൻ കൊള്ളത്തലവനായാൽ ചൗക്കീദാർ ചോർ ഹേ എന്നുതന്നെയാണു പറയുക. കൊള്ളയ്ക്കു കൂട്ടുനിൽക്കുന്നവരെ ചൗക്കീദാർ ചോർ ഹേ എന്നല്ല, കള്ളനു കഞ്ഞിവച്ചവൻ എന്നാണു മലയാളികൾ വിശേഷിപ്പിക്കാറുള്ളത്. നീതിപീഠം കണ്ണു തുറക്കട്ടെ. ആരോപണങ്ങൾ അന്വേഷിക്കണം, തെറ്റുണ്ടെങ്കിൽ തിരുത്തപ്പെടണം, കുറ്റക്കാർ ശിക്ഷിക്കപ്പെടുകയും വേണം. വിമർശകരെ കൊന്നുതിന്നുന്ന നരഭോജികളാകാനല്ല ജനാധിപത്യം നിങ്ങളുടെ കൈകളിൽ അധികാരം ഭരമേൽപിച്ചിരിക്കുന്നത്.



# മാൻഡലിൻ മനസ്സാക്കിയ മാന്ത്രികൻ

**ജീവിച്ചിരുന്നെങ്കിൽ 54 വയസു തികയുമായിരുന്നു യു. ശ്രീനിവാസ് എന്ന ഉപ്പലാപു ശ്രീനിവാസിന്., കഴിഞ്ഞ 28ന്. ഒമ്പതു വർഷമായി അദ്ദേഹം വേർപിരിഞ്ഞിട്ട്. രാജ്യംകണ്ട വിസ്മയ സംഗീതജ്ഞരിൽ മുൻനിരയിൽനിന്നയാൾ കടന്നുപോയത് തീർത്തും അകാലത്തിൽ... പക്ഷേ സംഗീതത്തിന് കാലദേശഭേദങ്ങളില്ലല്ലോ., ഓർമകൾക്കും....**




**തേജശ്രീ**

**സം**ഗീതപ്രേമികളുടെ ഹൃദയങ്ങളിൽ ആഴത്തിൽ ഇടംനേടിയ ഒരുപാടു മാന്ത്രികരുണ്ടാവാം. എന്നാൽ യു. ശ്രീനിവാസിനെപ്പോലൊരാൾ വളരെ ചുരുക്കമാവും. കുറഞ്ഞകാലംകൊണ്ട് തന്റേതായ ഒരു സംഗീതലോകം സൃഷ്ടിച്ചു ആ മാൻഡലിൻ വാദകൻ. വളരെപ്പെട്ടെന്ന് ആ ലോകത്തെ അനാഥമാക്കി കടന്നുപോകുകയും ചെയ്തു. വേർപാടിനു പതിറ്റാണ്ടു പ്രായമാകാറായിട്ടും അദ്ദേഹം പകർന്നുവച്ച സംഗീതത്തിനു തിളക്കം തെല്ലും കുറഞ്ഞിട്ടില്ല.

രാഗപ്രവാഹമൊരുക്കിയ ആ വിരലുകൾക്കു മു

ന്നിൽ ഹൃദയാഞ്ജലിയർപ്പിക്കണം ആദ്യം. ഇന്ത്യൻ സംഗീതലോകം അത്രമാത്രം അവയോടു കടപ്പെട്ടിരിക്കുന്നു. കുറച്ചുവർഷങ്ങൾ പിന്നിലേക്കു പോവുകയാണ്. പ്രശസ്തമായ ത്യാഗരാജ സംഗീതോത്സവ വേദി. അന്നവിടെ ഒരു ബാലൻ ഉപകരണസംഗീതക്കച്ചേരി അവതരിപ്പിക്കുന്നുണ്ട്. ഇറ്റാലിയൻ ഉപകരണമായ മാൻഡലിനിൽ കർണാടകസംഗീതക്കച്ചേരി എന്നുകേട്ടപ്പോഴേക്കും ചില വിദ്വാന്മാർ നെറ്റിചുളിച്ചുകൊണ്ട് സദസ്സിനു പുറത്തുകടന്നു. സ്ഥായിയായ ഭാവം പുച്ഛമാണ് അവർക്ക്. കച്ചേരി തുടങ്ങുമ്പോൾ കേൾവിക്കാരായി കഷ്ടിച്ചു പതിനഞ്ചുപേരെയുള്ളൂ.



ഇനി അറിയുക. കച്ചേരി അവസാനിക്കാറായപ്പോൾ ശ്രോതാക്കളുടെ എണ്ണം ആയിരം കവിഞ്ഞിരുന്നു. പുറത്തുനിന്നവരെല്ലാം അകത്ത്! മാൻഡലിനിൽ ഒളിച്ചിരുന്ന സംഗീതത്തെ തൊപ്പിക്കുള്ളിൽ നിന്ന് മുയലിനെയെടുക്കുന്ന മാന്ത്രികന്റെ വിരുതോടെ പുറത്തേക്കു കൊണ്ടുവരികയായിരുന്നു ആ ഒമ്പതുവയസുകാരന്റെ വിരലുകൾ. ആ സംഗീതത്തിൽ മുങ്ങിക്കുളിച്ച് കുളിരണിഞ്ഞ് നിർവൃതിയോടെ കേൾവിക്കാർ ഇരുന്നു. പത്മശ്രീ യു. ശ്രീനിവാസ് എന്ന മാൻഡലിൻ ശ്രീനിവാസിന്റെ ആദ്യ കച്ചേരിയായിരുന്നു അത്.

## മാൻഡലിന്റെ വരവ്

ല്യൂട്ടിലും ഗിറ്റാറിലും വേരുകളുള്ള ഇറ്റാലിയൻ സംഗീതോപകരണമാണ് മാൻഡലിൻ. ശ്രീനിവാസിന്റെ കൈ തൊടുന്നതുവരെ അതിൽനിന്ന് കർണാടക സംഗീതം ഇത്ര മാധുര്യത്തോടെ കേട്ടിട്ടില്ല. നാല് ഇരട്ട സ്ട്രിംഗുകളുള്ള ആ ഉപകരണത്തിന്റെ സ്വഭാവം നമ്മുടെ സംഗീതത്തിനു യോജിച്ചതുമായിരുന്നില്ല. പലരും പറയാറുണ്ട്, ശ്രീനിവാസ് മാൻഡലിനെ മനസിലാക്കുകയല്ല, സ്വന്തം മനസാക്കുകയാണ് ചെയ്തതെന്ന്.

അതിന്റെ നാലു സ്ട്രിംഗുകൾ ഇളക്കിമാറ്റി ശ്രീനിവാസ് മറ്റൊരെണ്ണം കൂട്ടിച്ചേർത്തു. സസ്റ്റെയ്ൻഡ് നോട്ടുകൾ വായിക്കാനുള്ള സൗകര്യത്തിന് ഇലക്ട്രിക് മാൻഡലിനിലേക്കു മാറി. തോടിയും ഖരഹരപ്രിയയും ഭൈരവിയുമടക്കമുള്ള രാഗങ്ങൾ പിന്നെ ആ സ്ട്രിംഗുകളിലൂടെ പ്രവഹിച്ചുതുടങ്ങി. തോടിയുടെ പൂർണതയ്ക്ക് ശ്രീനിവാസ് എന്തുചെയ്തു എന്നുകൂടി ഓർക്കണം. വിഖ്യാത നാദസ്വരവിദ്വാൻ രാജരത്തിനം എങ്ങനെയാണ് തോടി വായിക്കുന്നതെന്ന് എണ്ണമില്ലാത്തത്രയും തവണ കേട്ടു! ആ പ്രചോദനം ഉൾക്കൊണ്ട് മാൻഡലിൻ നാദസ്വരത്തെപ്പോലെ തോടി വായിച്ചുതുടങ്ങി

ദിവസവും എട്ടു മുതൽ പത്തു മണിക്കൂർ വരെയാണ് ശ്രീനിവാസ് പരിശീലനത്തിനായി മാറ്റിവച്ചിരുന്നത്. അങ്ങനെ സ്വയം മിനുക്കിയെടുത്ത പ്രതിഭയാണ് ലോകത്തെ മാൻഡലിനിലൂടെ കർണാടസംഗീതം കേൾപ്പിച്ച് ആഹ്ലാദിപ്പിച്ചത്- ഒറ്റയ്ക്കും പ്രശസ്തരായ മറ്റു സംഗീതജ്ഞർക്കൊപ്പവും.

## ജീവിതരേഖ

ആന്ധ്രപ്രദേശിലെ പശ്ചിമ ഗോദാവരി ജി



ല്ലയിലുള്ള പാലക്കൊല്ല് എന്ന സ്ഥലത്താണ് ശ്രീനിവാസിന്റെ ജനനം. 1969 ഫെബ്രുവരി 28ന്. സത്യനാരായണയുടെയും കാന്തമ്മയുടെയും മൂത്ത മകൻ. പിതാവു തന്നെയാണ് മാൻഡലിനിലെ ആദ്യത്തെ ഗുരു. പിന്നീട് ചലച്ചിത്ര സംഗീതസംവിധായകൻ വാസു റാവുവിൽനിന്ന് പാശ്ചാത്യ സംഗീതവും ചെമ്പൈയുടെ ശിഷ്യൻ സുബ്ബരാജുവിൽനിന്ന് വായ്പ്പാട്ടും പഠിച്ചു. ഒമ്പതാം വയസിലെ മാൻഡലിൻ അരങ്ങേറ്റം നാം മുകളിൽ കണ്ടു. അതൊരു ഗംഭീരമായ തുടക്കമായിരുന്നു.

പതിമൂന്നാം വയസിൽ ജർമനിയിൽ അന്താരാഷ്ട്ര ജാസ് മേളയിൽ പങ്കെടുത്തു. ലോകമെങ്ങുമുള്ള പ്രമുഖ നഗരങ്ങളിലെല്ലാം സംഗീതപരിപാടികൾ അവതരിപ്പിച്ചു. ഹരിപ്രസാദ് ചൗരസ്യ, സാക്കിർ ഹുസൈൻ, ശിവമണി എന്നിവർക്കൊപ്പമുള്ള ഫ്യൂഷനുകൾ ആരാധകരെ ആഹ്ലാദത്തിന്റെ പരകോടിയിൽ എത്തിക്കുന്നത് പലതവണ കണ്ടു.

## തിടുക്കപ്പെട്ട് മടക്കം

ആഹ്ലാദങ്ങൾക്ക് അധികം ആയുസില്ലെന്നു വീണ്ടുമുറപ്പിച്ചുകാട്ടി വിധി ശ്രീനിവാസിനെ തിരിച്ചുവിളിച്ചതിലൂടെ. കരൾരോഗബാധിതനായി 2014 സെപ്റ്റംബർ 11ന് ശ്രീനിവാസ് എന്ന അത്ഭുതസംഗീതജ്ഞൻ വിടപറഞ്ഞു, 45-ാം വയസിൽ. പത്മശ്രീ, സംഗീത നാടക അക്കാദമി പുരസ്കാരം, രാജീവ് ഗാന്ധി പുരസ്കാരം, മദ്രാസ് മ്യൂസിക് അക്കാദമി പുരസ്കാരം, സംഗീത രത്ന പുരസ്കാരം എന്നിങ്ങനെ എണ്ണമില്ലാത്ത ബഹുമതികൾ അതിനകം അദ്ദേഹം നേടിയിരുന്നു. ആരാധക മനസുകൾ നൽകിയ ആനന്ദപുരസ്കാരങ്ങൾ അതിലേറെ.

പുതിയ പ്രതിഭകളെ മാൻഡലിൻ അഭ്യസിപ്പിക്കുന്നതിന് ശ്രീനിവാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വേൾഡ് മ്യൂസിക് എന്ന സ്ഥാപനം അദ്ദേഹം തുടങ്ങിയിരുന്നു. മികവുറ്റ പ്രതിഭകൾ അവിടെനിന്നു പുറത്തിറങ്ങിയിട്ടുണ്ട്. അതിലൊരാളായ അരവിന്ദ് ഭാർഗവ് എന്ന ചെറുപ്പക്കാരൻ തന്റെ ഗുരുവിന്റെ അമ്പതാം പിറന്നാൾ ദിനം ധന്യമാക്കിയത് വാർത്തകളിൽ ഇടംപിടിച്ചിരുന്നു. ഇരുപതു മിനിറ്റിൽ അമ്പതു രാഗങ്ങൾ മാൻഡലിനിൽ വായിച്ച് അരവിന്ദ് ഗുരുവിന് ശ്രദ്ധാഞ്ജലിയർപ്പിച്ചു.

സംഗീതപ്രേമികളുടെയും ശിഷ്യരുടെയും മനസുകളിൽ യു. ശ്രീനിവാസ് നാദങ്ങളാൽ നിറഞ്ഞുനിൽക്കുന്നു, ഒരിക്കലും മരണമില്ലാതെ...




# പ്രവാസിയെ കുരുക്കിയ നിർമ്മിതി



**അശോകൻ.സി.ജി**

**ഗു**ഹാമനുഷ്യനിൽ നിന്നും ആധുനിക മനുഷ്യനിലേക്ക് എത്തിയപ്പോൾ വാസസ്ഥലം നിർമ്മിക്കുന്നത് ആവശ്യമെന്നതിലുപരി ആഡംബരമായി മാറി . പണ്ട് കാലാവസ്ഥയെ ചെറുക്കാനുള്ള (മഴ... ചൂട് .. തണുപ്പ്) ഷെൽട്ടർ ആയിരുന്നു പാർപ്പിടം. അത് താമസിച്ചിരുന്ന പ്രകൃതിക്ക് അനുയോജ്യമായി ഗുഹയോ പുൽമേഞ്ഞ കുടിലോ ആയിരുന്നെങ്കിൽ ഇന്നത് സ്റ്റാറ്റസിന്റെ സിമ്പൽ കൂടി യായി മാറിയിരിക്കുന്നു. അതിൽ പ്രകൃതി ഒരു ഘടകമേ ആയി വരുന്നില്ല. സ്വാഭാവികമായും പ്രകൃതിയുടെ കാവലാളുകളായിരുന്ന തണ്ണീർത്തടങ്ങളും പാടങ്ങളും നികത്തി ഫ്ലാറ്റുകളും വലിയ വില്ലകളും പണിയുന്നു . ഭൂമിയുടെ ആപ്പുകല്ലുകൾ എന്ന് വിശേഷിപ്പിക്കാവുന്ന പാറക്കല്ലുകൾ തുരന്ന് ക്വാറികൾ സൃഷ്ടിക്കുന്നു. പ്രകൃതിയുടെ നീരുറവകളെ നഗ്നമാക്കി മണലൂറ്റുന്നു. പല പുഴകളെയും മണലൂറ്റി കൊന്നുകളഞ്ഞു. ബാക്കിയുള്ളവ കണ്ണീർ വാർത്തുകൊണ്ട് വിവസ്ത്രയായി കിടക്കുന്നു.

നിഴൽ പോലെ നീളുന്ന ഹൃദയതാളങ്ങൾക്കൊപ്പം, ജീവിതത്തിനും മരണത്തിനുമിടക്ക് അവസാനിക്കാത്ത മണ്ണിനോടും വീടിനോടുമുള്ള മനുഷ്യന്റെ സ്നേഹം വാക്കുകൾക്കതീതമാണ്. അണക്കാനാവാത്ത ആ സ്നേഹത്തിന്, വീടെന്ന കരുതലിന് ആയിരക്കണക്കിന് വർഷങ്ങളുടെ പഴക്കവും വ്യാപ്തിയുമുണ്ട്. അലഞ്ഞുതിരിഞ്ഞ് നടന്നിരുന്ന മനുഷ്യരാശി കൃഷിയിടങ്ങളെ സംരക്ഷിക്കാനായി ഒരിടത്ത് താമസം ഉറപ്പിച്ചപ്പോൾ ഗുഹാമുഖങ്ങളിലെ സുരക്ഷിത താവളത്തിൽ ചേക്കേറാൻ തുടങ്ങിയപ്പോൾ വീടെന്ന സങ്കല്പം ഉരുത്തിരിയുന്നു. അവർ ഉണ്ടാക്കുന്ന, ഈ വീടുകളിൽ എല്ലാം വികാരവിചാരങ്ങളുടെയും നിരവധി കഥകൾ ഒളിച്ചിരിപ്പുണ്ട്. 'നാളികേരത്തിന്റെ നാട്ടിലെ



ക്കൊരു നാഴിയിടങ്ങഴി

മണ്ണുണ്ട്, അതിൽ നാരായണക്കിളി കൂടു പോലുള്ളൊരു നാലുകാലോലപ്പുരയുണ്ട് '. ഈ വരികളിൽ മലയാളമണ്ണിൽ, ഓലപ്പുരയായിട്ടാണെങ്കിലും വേരുറപ്പിക്കാനുള്ള മലയാള മനസ്സിന്റെ അടങ്ങാത്ത ആവേശം ഒളിഞ്ഞിരിപ്പുണ്ട്.

'കൂടുമ്പോൾ ഇമ്പം' കലർത്തുന്ന നാല് ചുവരുകൾക്കുള്ളിൽ ഓരോ നിമിഷവും ആസ്വദിക്കാൻ താല്പര്യപ്പെടുന്ന മനുഷ്യർ പ്രത്യേകിച്ചും മലയാളികൾ, സമ്പാദ്യത്തിന്റെ ഭൂരിഭാഗവും ഭവനത്തിന്റെ നിറവിനുവേണ്ടി ഒഴുക്കി കളയുന്നു. അവർക്ക് ഓരോഭവനങ്ങളും ഓരോ ലോകങ്ങളാണ്.

ഹൃദയകവാടങ്ങളിലെ സ്വപ്നതുല്യമായ കടൽ കാഴ്ചകൾ പോലെ...

മാനവ സമൂഹത്തിലെ സഞ്ചാരികളിൽ, ഭൗതിക വസ്തുക്കളുടെ കൂടിച്ചേരലുകൾക്കപ്പുറം ഹൃദയമിടിക്കുന്നത് നിറങ്ങൾ കലർന്ന സ്വന്തം വീടെന്ന പൂവനികളിലാണ്. ലോകത്തിന്റെ ഏതു കോണിൽ ജീവിച്ചാലും ഗൃഹാതുരതയുടെ മാമ്പൂ കാലത്തിലേക്ക് പിച്ചവെച്ച് എത്തി, സമാധാനത്തോടെ, മനുഷ്യർ വീണുറങ്ങുന്ന ഇടങ്ങളാണ്, വീടുകൾ....

## പരസ്യപ്പൊലിമകളിൽ വീണുപോയ പ്രവാസികൾ

പ്രവാസി മലയാളികളുടെ വീടിനോടുള്ള അടങ്ങാത്ത ഈ കമ്പം മുതലെടുത്താണ് ശാന്തി മഠം ഗ്രൂപ്പ് അവരുടെ വില്ലാ പ്രോജക്ട് പെരുപ്പിച്ച് കാട്ടി പന്ത്രണ്ട് വർഷം മുൻപേ കവിയൂർ പൊന്നമ്മയെ ഉപയോഗിച്ച് മുഖ്യധാരാ പത്ര - ദൃശ്യമാധ്യമങ്ങളിലൂടെ വീഴ്ത്തിക്കളഞ്ഞത്. എവിടെ പണിയുന്നു , എങ്ങിനെ പണിയുന്നു , എത്ര സെൻറ് സ്ഥലം , ഇതൊന്നും അറിയാതെ അന്വോഷിക്കാതെ പ്രവാസികളായ മലയാളികൾ പരസ്യങ്ങളുടെ ഗൂഢാലോചനയിൽ അകപ്പെടുകയാണ് ഉണ്ടായത് .ആട് തേക്ക് മാഞ്ചിയം തൊട്ട് വലം പിരി ശംഖിനും, ശക്തൻ തമ്പുരാന്റെ സിംഹാസനത്തിനും, ടിപ്പുവിന്റെ ഉടവാളിനും വരെ ലക്ഷങ്ങളും കോടികളും വിലകൊടുത്തു വാങ്ങുന്ന പൊങ്ങച്ച സംസ്കാരത്തിന്റെ ഭാണ്ഡം പേറുന്ന മലയാളികൾ . ഇവരിൽ നിന്നാണ് കോടികൾ മുൻകൂറായി ശാന്തിമഠം ഗ്രൂപ്പ് തങ്ങളുടെ അക്കൗണ്ടിലേക്ക് വാങ്ങിച്ചു കൂട്ടിയത്.

## നാഥനില്ലാ വില്ലകളുടെ വെളിമ്പറമ്പ്

തൃശ്ശൂർ ജില്ലയിലെ കണ്ടാണിശ്ശേരി പഞ്ചായത്തിലെ 15 ,16 വാർഡുകളിലായാണ് ഇന്നീ നാഥനില്ലാ വില്ലകൾ കാഴ്ചക്കാരുടെ മനസ്സിലൊരു നൊമ്പരക്കാഴ്ചയായി ചിതറിക്കിടക്കുന്നത്. ഈ അനാഥക്കെട്ടിടങ്ങൾ മലയാളികൾക്ക് ഒരു പാഠമാണ് .എത്രയോ ടൺ സിമന്റും , കമ്പിയും കട്ടയുമാണ് ഭൂമിക്ക് മുകളിൽ അടുക്കുകളായി വിന്നസിച്ചിരിക്കുന്നത് .

കേന്ദ്ര ആർക്കിയോളജി വകുപ്പിന് കീഴിലുള്ള മുനിയറ സ്ഥിതി ചെയ്യുന്നത് കണ്ടാണശ്ശേരി പഞ്ചായത്തിലെ പതിനഞ്ചാം വാർഡിൽ പെട്ട ഈ പ്രദേശത്താണ്. അതിന്റെ അടുത്തായി തന്നെയാണ് പ്രസിദ്ധ സാഹിത്യകാരനായിരുന്ന കോവിലിന്റെ വീട് 'തട്ട

ക ' വും സ്ഥിതി ചെയ്യുന്നത്. കേന്ദ്ര പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും വസ്തു സ്ഥിതി ചെയ്യുന്നതിന്റെ 200 മീറ്ററിനുള്ളിൽ മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ പാടില്ലെന്നാണ് നിയമം. അത് നിലനിൽക്കെയാണ് ശാന്തിമഠം ഗ്രൂപ്പ് അവിടെ വില്ലകളുടെ നിർമാണപ്രവർത്തനം ആരംഭിച്ചത് . പഞ്ചായത്തിന്റെയോ

മറ്റ് ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിന്റെയോ മുൻകൂർ അനുമതിയില്ലാതെ രേഖകൾ ഉണ്ടെന്നുള്ള തെറ്റായ വാഗ്ദാനങ്ങളുടെ പെരുമഴയിൽ വിശ്വസിച്ചു കൊണ്ട് വയലുകൾ , പഞ്ചായത്ത് , റവന്യൂ പുറംപോക്ക് എന്നിവ കയ്യേറിയാണ് നിർമിതികൾ മുന്നേറിയത്. 12 വർഷം മുൻപത്തെ പഞ്ചായത്ത് ഭരണ സമിതിയിലെ ചില അംഗങ്ങളുടെ മൗനാനുവാദവും ഇതിനുപിന്നിൽ ഉണ്ടായിരുന്നത്രെ. രേഖകൾ കൃത്യമായി പരിശോധിക്കാതെ പലരെയും വിശ്വാസത്തിലെടുത്തു കൊണ്ട് ചില വീടുകൾക്ക് നമ്പർ ഇട്ടു കൊടുത്തതിന്റെ അടിസ്ഥാനത്തിൽ അന്നത്തെ പഞ്ചായത്ത് സെക്രട്ടറിക്ക് സസ്പെൻഷനിൽ പോകേണ്ടിവന്നു .

138 വീടുകളിൽ എന്നിട്ടും 25 ഓളം വീടുകൾക്ക് മാത്രമാണ്നമ്പർ ലഭിച്ചിട്ടുള്ളൂ .

SPOAM ( **ശാന്തി മഠം പ്രോപ്പർട്ടി ഓണേഴ്സ് അസോസിയേഷൻ മുനിമട** )

അവിടെ സൈറ്റിൽ ചെന്ന് കഴിഞ്ഞാൽ ഇത്തരം ഒരു ബോർഡ് നിങ്ങളെ സ്വാഗതം ചെയ്യും .ശാന്തി മഠം വില്ലകളുടെ ഇരകളായ ഉടമസ്ഥർ ചേർന്ന് ഒരു സംഘടന രൂപീകരിച്ചിട്ടുണ്ട് അതിന്റെ പേരാണ് ശാന്തി മഠം പ്രോപ്പർട്ടി ഓണേഴ്സ് അസോസിയേഷൻ



മുനിമട എന്നുള്ളത് . ഈ സംഘടനയുടെ ആഭിമുഖ്യത്തിൽ സ്വന്തം സ്ഥലത്തിന് ഉടമസ്ഥാവകാശം ലഭിക്കുന്നതിനും, നമ്പർ ലഭിക്കാത്ത കെട്ടിടങ്ങൾക്ക് നമ്പർ ലഭിക്കുന്ന




തിന് വേണ്ടി ബന്ധപ്പെട്ട ഓഫീസുകൾ കയറി ഇറങ്ങുന്നുണ്ട്. പഞ്ചായത്ത്, താലൂക്ക് ഓഫീസ്,ജില്ലാ ടൗൺ പ്ലാനർ, തൃശ്ശൂർ കലക്ടറേറ്റ് എന്നീ ഓഫീസുകളിൽ നിരന്തരമായ സമ്മർദ്ദങ്ങൾ ചെലുത്തുന്നുണ്ട് . കൂടാതെ ഹൈക്കോടതിയിൽ കേസും ഉണ്ട് .

സംഘടനയുടെ സെക്രട്ടറി അജിതിനോട് സംസാരിച്ചപ്പോൾ അറിയാൻ കഴിഞ്ഞത് ശാന്തിമഠം ഗ്രൂപ്പിനെതിരെ ഹൈക്കോടതിയിൽ ഇതു സംബന്ധിച്ച് നിലവിൽ ഒട്ടേറെ കേസുകൾ ഉണ്ടെന്നാണ് .

മുൻ സ്പീക്കർ കെ. ടി . ജലീലിൽ , മുൻ മന്ത്രി എ .സി മൊയ്തീൻ എന്നിവരുടെ ശ്രദ്ധയിലും ഈ വിഷയം കൊണ്ടുവരാൻ സംഘടനയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

## ഇരുട്ടടിയായി ഇപ്പോൾ റവന്യൂ റിക്കവറി ഉത്തരവ്

ശാന്തിമഠം ഗ്രൂപ്പിന് എതിരായി റവന്യൂ റിക്കവറിയുടെ ഭാഗമായി ഇപ്പോൾ ജപ്തി നടപടികൾക്ക് ഉത്തരവായിട്ടുണ്ട്. ശാന്തി മഠം ഗ്രൂപ്പ് സർക്കാരിന് സെയിൽസ് ടാക്സ് ഇനത്തിൽ അടയ്ക്കാനുള്ള കുടിശ്ശിക തുക 18.5 കോടി രൂപ ഈടാക്കേണ്ട ള്ളതു കൊണ്ട് സർക്കാരിന്റെ രേഖകൾപ്രകാരം ഈ 138 വീടുകൾ മൊത്തമായി ശാന്തി മഠം ഗ്രൂപ്പിന്റേതാണെന്ന് കണ്ടെത്തിയിരിക്കുന്നു . ഒറ്റയ്ക്ക് ആരുടെ പേരിലും ഭൂമി കൈമാറി കൊടുക്കാത്തത് കൊണ്ട് നിലവിൽ ഉടമസ്ഥാവകാശം ശാന്തി മഠത്തിന്റെ പേരിൽ തന്നെയാണ് . അതുകൊണ്ട് ജപ്തിചെയ്ത് ഈ ഭൂമിയും വീടുകളും കണ്ടുകെട്ടാൻ സർക്കാർ ഉത്തരവ് ആയിരിക്കുകയാണ് . സർക്കാരിന് ലഭിക്കാനുള്ള കോടികളുടെ പേരിലാണ് ഈ നടപടി .ഇതിനെതിരെ ഓണേഴ്സ് അസോസിയേഷൻ കോടതിയിൽ



പോവുകയും താൽക്കാലികമായി ഈ ഉത്തരവിനെതിരെ സ്റ്റേ ലഭിക്കുകയും ചെയ്തിട്ടുണ്ട് .എങ്കിലും ഈ വില്ലകളുടെ ഉടമസ്ഥർ ഇപ്പോഴും എരിയുന്ന മനസ്സോടെ ഇനിയെന്ത് എന്ന നിലയിലാണ് കഴിയുന്നത് . 12 വർഷം മുൻപ് മാധ്യമങ്ങളിലൂടെ വന്ന ഒരു പരസ്യക്കെണിയിൽ അകപ്പെട്ടതിന്റെ ദുരന്തഫലം .

## ഇനിയെങ്കിലും സർക്കാരിന്റെ അടിയന്തിര ശ്രദ്ധ പതിയണം

പ്രവാസ ലോകത്തിന്റെ പണമാണ് കേരളത്തിലെ സമ്പദ്ഘടനയെ കൈപിടിച്ച് ഉയർത്തുന്നത്. അതുകൊണ്ടുതന്നെ മലയാളികൾ ഏറെയും വിദേശത്ത് സ്വന്തം ജീവിതം കെട്ടിപ്പടുക്കാൻ പാടുപെടുന്നു. വീടെന്ന അവരുടെ അദമ്യമായ ആഗ്രഹത്തിന്റെ പ്രതിഫലനങ്ങളാണ്, വിദേശത്ത് ഇരുന്നുകൊണ്ട് ഇവിടെ പരസ്യങ്ങളിലെ വിശ്വാസതയിൽ സ്വപ്നം നിറവേറ്റാൻ ശ്രമിക്കുന്നത്. ഇതാണ് ഇന്ന് കേരളത്തിൽ പെരുകുന്ന ഇത്തരം കുറ്റകൃത്യങ്ങൾക്ക് ഒരു പരിധിവരെ കാരണമാകുന്നത്.

മറ്റു രാജ്യങ്ങളിൽ ഇരുന്നുകൊണ്ട് വീട് എന്ന സ്വപ്നത്തിനൊപ്പം, അതിൽ കൂടിച്ചേരുന്ന മൺത്തരികൾക്കൊപ്പം സൂക്ഷ്മദൃഷ്ടി പതിപ്പിക്കാൻ മലയാളിക്കിന്നാവില്ല. അങ്ങനെ വരുമ്പോൾ വിശ്വാസത്തിന്റെ പരസ്യപ്രസ്താവനകളിൽ, മയങ്ങി വീഴുന്ന, മലയാളികൾ മണിമാളികൾക്ക് വേണ്ടി ലക്ഷങ്ങളും കോടികളും ഒഴുക്കുന്നു. മലയാളികൾക്ക് പ്രൗഢിയുടെയും സമ്പത്തിന്റെയും അടയാളങ്ങളാണ് ഇന്ന് സ്വന്തം ഭവനങ്ങൾ . ഇങ്ങനെ ചിന്തിക്കുന്ന ഓരോ മനുഷ്യനെയും കെണിയിൽ പെടുത്താനായി ചുറ്റും വല വിരിച്ച് കാത്തിരിക്കുന്ന അഥവാ അത് മുതലെടുപ്പ് നടത്തുന്ന കൊള്ളക്കാരുടെ നാടായി നമ്മുടെ കേരളം അധഃപതിച്ചിരിക്കുന്നു.

ഇത്തരം ആളുകൾ പണം തട്ടിയെടുത്ത്, വീടെന്ന അവരുടെ സ്വപ്നത്തിന്റെ കടക്കൽ കത്തിവെക്കുന്നു. പരിണിതഫലമായി, ഈ ശ്രമങ്ങളെല്ലാം കോടതിയിലും കോടതി വരാന്തകളിലുമായി വിയർത്ത് ആർത്തു കരയുന്നു. തേയ്മാനം എന്ന പ്രക്രിയ സംഭവിച്ച് ഉപയോഗയോഗ്യമാവാതെ, നശിച്ചു വീഴുന്ന വില്ലകളും, ഫ്ലാറ്റുകളും ഇന്ന് കേരളത്തിലെ വേദനിപ്പിക്കുന്ന ഒരു കാഴ്ചയാണ്. ബന്ധപ്പെട്ട അധികാരികൾ ഇതിനെതിരെയുള്ള നടപടികൾ ത്വരിത വേഗത്തിലാക്കി ഉപയോഗമായവ ഏറ്റെടുത്ത് യഥാർത്ഥ ഉടമസ്ഥരുടെ ഇഷ്ടങ്ങളുടെ, ആഗ്രഹങ്ങളുടെ തലചായ്ക്കൽ, സാധ്യമാക്കുമെന്ന പ്രതീക്ഷയോടെയാണ്,

ഈ ലേഖനം അവസാനിപ്പിക്കുന്നത്. ഉത്പാദനപരമായ കാര്യങ്ങൾക്കോ,

ചെറിയ കുടിൽ വ്യവസായങ്ങൾക്കോ, നിർദ്ധനരായ വീടില്ലാത്തവർക്കോ, അത് എങ്ങിനെ ഉപകാരപ്പെടും എന്ന് ഉറപ്പുവരുത്തുന്ന രീതിയിൽ ഈ കേസിൽ ഒത്തുതീർപ്പ് ഉണ്ടാക്കാവുന്നതാണ്

കേസിൽപ്പെട്ടുഴലുന്ന ഈ കെട്ടിടങ്ങളെ ശാപമോക്ഷത്തിന്റെ കരങ്ങളിലേക്ക് എത്തിച്ച് പ്രയോജനപ്രദമാക്കി മാറ്റിയെടുക്കാണമെന്ന ചിന്തയുടെ കാലം അതിക്രമിച്ചിരിക്കുന്നു. ഇരുളടഞ്ഞു കിടക്കുന്ന ഈ നിർമ്മാണങ്ങൾ, പുനരുപയോഗം നടത്തി പ്രതീക്ഷയുടെ പുതുതിരി തെളിയിക്കാൻ ഈ ലേഖനത്തിന് ആവുമെന്ന് പ്രത്യാശയോടെ അധികാരികളുടെ അറിവിലേക്ക്, ഈ അക്ഷരങ്ങൾ മുന്നോട്ടുവയ്ക്കുന്നു. ●

വിവർത്തനകവിത

# ഒരു തരം സ്വാതന്ത്ര്യം സംസാരിക്കുകയാണ്



സ്വാതന്ത്ര്യത്തെ സ്നേഹിച്ചവർ
അവരുടെ തുറുങ്കുകളുടേയും
ഇരുണ്ട മുറികളുടേയും
ഉറക്കമില്ലാത്ത രാത്രികളിൽ
സ്വന്തം വിയർപ്പു കൊണ്ട്
എന്നെ സ്വീകരിച്ചു

സ്വാതന്ത്ര്യത്തെ സ്നേഹിച്ചവർ
അവരുടെ രക്തം കൊണ്ട്
എന്നെ ഊട്ടി
അവരുടെ അസ്ഥികൾക്ക് മേൽ
നിവർന്ന് നിൽക്കാൻ , നടക്കാൻ
എന്നെ പഠിപ്പിച്ചു

സ്വാതന്ത്ര്യത്തെ സ്നേഹിച്ചവർ
തലസ്ഥാനത്തേക്ക് എന്നെ വിളിച്ചു
കൊട്ടാരത്തിലേക്ക് ചുമലിലേറ്റി
സിംഹാസനത്തിൽ  ഇരുത്തി

അവരുടെ ആദർശങ്ങൾക്കൊത്ത് ഭരിക്കാൻ
ഇപ്പോൾ ഞാൻ സ്വതന്ത്രനാണ്
അവർ പഠിപ്പിച്ചതൊക്കെയും
ഞാൻ ഗാഢമായി പിന്തുടരുന്നു

അവരുടെ അസ്ഥികളെ
ഞാനിപ്പോഴും
എന്റെ കാൽക്കീഴിൽ
ചവിട്ടി മെതിക്കുന്നു
സ്വാതന്ത്ര്യത്തെ സ്നേഹിച്ചവരുടെ രക്തം
ഞാനിപ്പോഴും
പാനം ചെയ്യുന്നു



**എറിക്ക് ഫ്രീഡ്**

**വിവ: പ്രതാപൻ**

---

എറിക്ക് ഫ്രീഡ് (1921–1988) ആസ്ട്രിയയിൽ ജൂത കുടുംബത്തിൽ ജനിച്ചു. അച്ഛൻ കോൺസെൻട്രേഷൻ ക്യാമ്പിൽ മരിച്ചു. അമ്മയോടൊപ്പം ഇംഗ്ലണ്ടിലേക്ക് പലായനം ചെയ്തു. യൂറോപ്പിൽ പലയിടത്തായി കുടുങ്ങിപ്പോയ നിരവധി ജൂതന്മാരെ രക്ഷപ്പെടാൻ സഹായിച്ചു. എഴുതിയത് ജർമ്മൻ ഭാഷയിൽ.

കവിത


# മഴക്കാടുകൾ



ദിവ്യ സി. ആർ.

തിങ്ങിനിറഞ്ഞ മഴക്കാടുകൾ-
ക്കിടയിൽ മുഴങ്ങുന്നു നോവിൻ
നിശബ്ദ സംഗീതം.
രാവേതു പകലേതെന്നറിയാതെ
പടരുമിരുളിൽ പാടുന്നു ,
ശോകാദ്രമായി രാപക്ഷികൾ.
ഇനിയൊന്നു ചേരില്ലെന്നു -
റപ്പിച്ചിടും പോലെ തിങ്ങിയ
കാടുകൾക്കിടയിൽ നിന്നിടറി
വീഴുന്നുണ്ടിപ്പോഴും ഒറ്റപ്പെട്ടു
പോയവരുടെ തേങ്ങലുകൾ.
ഇലകളാൽ മാടി വിളിച്ചിടും
കാറ്റിനോടു പോലും പറയാത്ത
നോവിൻ ഒരായിരം കദനങ്ങൾ
വേരുകൾ ആഴത്തിലാഴത്തിൽ
ഹൃദയം നടുങ്ങും വേദനകളാൽ
മറച്ചു വച്ചീടുന്നു.
വീണ്ടുമൊരു മഴക്കാടിനുള്ളം
കാണുമ്പോഴൊക്കെയും ,
പിന്നെയും ഓർത്തു പോകുന്നു ;
ഇലകൾ നനഞ്ഞിട്ടും, നനയാത്ത
ഓർമ്മകളാൽ വിറയാർന്ന
വേരിൻ ഗദ്ഗദങ്ങളെ..







രമാ പിഷാരടി

# വിനസ്സിനും, മാർസിനുമിടയിൽ

രണ്ടിടത്ത് നിന്നെന്നെ നോക്കുന്നവർ
രണ്ടിനുമുണ്ട് ചോപ്പും, തിളക്കവും

ഒന്നിലെന്റെ ഹൃദയവും, മറ്റതിൽ
കണ്ണുനീരും, കനൽത്തുണ്ടുമാധിയും

രണ്ടതിരുകൾ, സങ്കല്പജാലകം!
രണ്ടിലുമുണ്ടറിയാത്ത ഭാഷകൾ

രണ്ടിടത്ത് നിഗൂഢം ചലിക്കുന്ന
രണ്ട് പ്രേമാർദ്രഗായകരെങ്കിലും

ഒന്നിലുണ്ട് പ്രണയനിലാത്തരി!
മറ്റതിൽ രാശിദോഷഭയച്ചുരുൾ.

ഒന്നിലുണ്ട് കുളിർന്നമഴത്തുള്ളി
മറ്റതിൽ കുങ്കുമപ്പൂവിതൾച്ചുരുൾ

മേഘമേറി പറക്കും പരുന്തുകൾ,
ഭൂമി തൊട്ട് നടക്കുന്ന മൈനകൾ

ഒന്ന് ഭൂമിയെ ചുംബിച്ച ദേവത!
മറ്റതിൽ ഗാഢമാലിംഗനത്തണൽ

രണ്ട് ദേശത്തിരുന്ന് കാണുന്നവർ
രണ്ടിലും സൂര്യകാന്തങ്ങളുള്ളവർ

ഒന്നിലുണ്ട് പ്രണയക്കിനാവുകൾ
മറ്റതിൽ പ്രാണരക്തക്കിനാവുകൾ

ഒന്ന് തീയിൽ തിളങ്ങി നിൽക്കുന്നത്
മറ്റതിൽ സ്വർണ്ണനൂലിഴച്ചില്ലകൾ

രണ്ടിലുമുണ്ട് മോഹഭംഗപ്പകൽ-
രണ്ടിലും ഇരുളുണ്ട്, വെളിച്ചവും

രണ്ട് പക്ഷികൾ, രണ്ടിടനാഴികൾ
രണ്ടിടത്തുമുണ്ടോരോ നടപ്പാത

രണ്ടിനുമിടക്കിങ്ങനെയിങ്ങനെ
മണ്ണിനുള്ളിലെ പച്ചത്തുരുത്തുകൾ

പർണ്ണശാലകൾ, ജീവന്റെ സ്പന്ദനം
മൺവിളക്കുകൾ,,മിന്നാമിനുങ്ങുകൾ

ശില്പശാലയിൽ നിത്യം പ്രപഞ്ചമാം-
ശില്പി തീർക്കുന്നു വിസ്മയക്കാഴ്ചകൾ

കണ്ട്, കണ്ട് നടക്കുകയാണവർ
രണ്ട് പേരെന്റെ ഭൂമിക്കരികിലായ്

ഞങ്ങളെല്ലാം പ്രപഞ്ചസഞ്ചാരികൾ
ഞങ്ങളെല്ലാം കിനാവിന്റെ പക്ഷികൾ

കവിത

# വിശ്വന്റെ പെണ്ണ്



തകർന്നടിയുന്നുവോ
ബിംബങ്ങൾ,
ചോർന്നൊലിക്കുന്നുവോ
പ്രതീകങ്ങൾ മേൽക്കൂരയിൽ,
വിണ്ടുകീറുന്നുവോ
വിശ്വാസശിലകൾ
പ്രളയത്തിൽ,
തപ്പിപ്പിടയുന്നുവോ
പ്രതീക്ഷകൾ
ജഠരാന്ധകാരത്തിൽ?

നീളുന്നു ചൂണ്ടുവിരലുകൾ
മുഖമില്ലാതെ
എത്താകൊമ്പിലേറിയാടുന്നു
വിരലറ്റ വിശ്വനാഥൻ
ഈച്ചയാർക്കുന്നു ചുറ്റിലും...

പിളരില്ലിവിടെയൊരു വസുധയും
വിശ്വന്റെ പെണ്ണേ, നിനക്കായി
പിളരേണ്ടതില്ല നിന്റെ മനസ്സും
തളരേണ്ടതില്ല വപുസ്സും!

ചേർത്തുവയ്ക്കേണ്ടതുണ്ട-
ക്ഷരബിന്ദുക്കളിനിയും,
അർത്ഥങ്ങൾ ചികയേണ്ടതുണ്ട്
കൂട്ടിവായിക്കാൻ പഠിക്കുക നീ
പിച്ചവയ്ക്കാൻ പഠിപ്പിക്കുക നീ
പെണ്ണേ, വിശ്വത്തിൻ പെണ്ണേ!



ഡോ. അജയ് നാരായണൻ




## കുഞ്ഞുവാവ

കുഞ്ഞേ കുഞ്ഞേ കരയല്ലേ ..
കുഞ്ഞിക്കണ്ണ് നിറയല്ലേ..
പാലൂട്ടാൻ അമ്മയുണ്ട്
താരാട്ടാൻ അച്ഛനുണ്ട്
കഥ പറയാനൊരു മുത്തച്ഛൻ ..
കവിത ചൊല്ലാനൊരു മുത്തശ്ശി ..
കൂടെ കളിക്കാനൊരു ഏട്ടനുണ്ട്
കൂടെക്കൂടാനൊരു ഏടത്തിയുണ്ട്
കുഞ്ഞേ കുഞ്ഞേ കരയല്ലേ..
കുഞ്ഞിക്കണ്ണ് നിറയല്ലേ ..

**ശ്രീഭദ്ര .വി .എസ്**
Std 3, ജി.എൽ.പി.എസ്, പുല്ലൂറ്റ്.

## സൂര്യനും ചന്ദ്രനും

സൂര്യദീപം ഉണർന്നു
പാരിജാതം വിരിഞ്ഞു
കൺകുളിർന്നു കാണാൻ
കൈ തരിക്കുന്നു സ്പർശിക്കാൻ
സൂര്യന് മിന്നാമിന്നികൾ കാവൽ
ചന്ദ്രന് മിന്നും നക്ഷത്രങ്ങൾ

**ശ്രീദുർഗ്ഗ. വി.എസ്**
STD.4
ജി.എൽ.പി.എസ്
പുല്ലൂറ്റ് .

## ജാതിമത ഭ്രാന്ത്

വഴിവക്കത്തു പോകുന്ന
വഴിയാത്രക്കാരെ പോലും
ജാതിയും മതവും നോക്കി
ക്രൂരമായി കൊലപ്പെടുത്തുന്ന
ജാതി മത ഭ്രാന്തുകൾ കണ്ട്
ലോകം ഞെട്ടിത്തിരിയുകയാണ്.
അവരുടെ മുന്നിൽ
നടക്കാൻ വിറച്ച് ജനങ്ങൾ
പുല്ലിനു പിറകിൽ പോലും ഒളിച്ചു.
അത്തരം
ജാതി മത ഭ്രാന്തിനെ കുറിച്ചാണ്
ലോകം പറയേണ്ടത്.

**സാൻവിയ ഷിനു,**
4th Std
സൗത്ത് ALP സ്കൂൾ, പയ്യന്നൂർ



## ചങ്ങാതി

'പത്രം.... പത്രം... പത്രം...' വിളിച്ചുപറഞ്ഞുകൊണ്ടവൻ തന്റെ കയ്യിലെ അവസാന പത്രവുമെടുത്ത് ഒരു വീട്ടിലേക്ക് വീശിയെറിഞ്ഞുകൊണ്ട് ഒരു ഇടവഴിയിലൂടെ സൈക്കിളുമായി അകന്നു. പാതിവഴിയിൽ വച്ച് സൈക്കിളിന്റെ ചെയിൻ പൊട്ടിയിരിക്കുന്നത് അവന്റെ ശ്രദ്ധയിൽപെട്ടു. തൊട്ടടുത്തുള്ള ഒരു ഷോപ്പിലേക്ക് അവൻ സൈക്കിളുരുട്ടി നടന്നു.

കടയിലെത്തിയതും ഒരാളുടെ കയ്യിൽ അവൻ ആ സൈക്കിൾ കൊടുത്തു. അയാൾ സൈക്കിൾ ഒന്ന് നോക്കി ശേഷം അവനേയും....

"ഇത് നേരെയാക്കുന്നതിലും നല്ലത് പുതിയ ഒരെണ്ണം വാങ്ങുന്നതല്ലെ." ആ തുരുമ്പ് പിടിച്ച സൈക്കിൾ നോക്കി അയാൾ അവജ്ഞയോടെ പറഞ്ഞു.

'ഏയ്... അതു വേണ്ട. ഈ ചെയിൻ ഒന്ന് മാറ്റിയാൽ മതി." അവൻ ചിരിച്ചുകൊണ്ട് തന്നെ നിഷേധിച്ചു.

സുഹൃത്തുക്കളേതുമില്ലാത്ത അവന് ഒരു സുഹൃത്ത് തന്നെയായിരുന്നു ആ സൈക്കിൾ....

അൽപനേരം കഴിഞ്ഞതും അവൻ സൈക്കിളുമായി ഇറങ്ങി...

ആ ഇടവഴിയിലൂടെ ആ സൈക്കിളുമുരുട്ടി അവൻ നടന്നു നീങ്ങി. ഒരു നിഴൽ പോലെ അവിടെ നിന്നും അവൻ മാഞ്ഞുപോയിരുന്നു...

**FATHIMA SHIFA T. P**
"7 th std"G. U. P. S NARIPPARAMBU"
PALAKKAD



# രാമുവും കൂട്ടുകാരും

**(ഗുണപാഠ കഥ)**

**രാ**മുവും കൂട്ടുകാരും വികൃതികൾ ആയിരുന്നു. അവർ സ്കൂളിലേക്കുള്ള വഴിയരികിലെ മാവുകളിൽ കല്ലെറിയുകയും, പ്രായമായവരെ കളിയാക്കി ഒളിച്ചിരിക്കുകയും ചെയ്യുമായിരുന്നു. അങ്ങനെ വികൃതികളുമായി കഴിഞ്ഞു പോകുന്ന സമയത്ത്, ഒരു ദിവസം സ്കൂളിൽ വച്ച് രണ്ട് പിരീഡ് കഴിഞ്ഞപ്പോൾ ഉള്ള ഇൻറർവെല്ലിന് രാമുവും കൂട്ടുകാരും പുറത്തിറങ്ങി. ഇൻറർവെൽ കഴിഞ്ഞ് ബെല്ലടിച്ചത് അവർ അറിഞ്ഞില്ല. അതിനുശേഷമുള്ള മൂന്നാമത്തെ പിരീഡ് ഹിന്ദി ടീച്ചറിൻറേതായിരുന്നു. ടീച്ചർ നോക്കിയപ്പോൾ ക്ലാസ്സിലെ പുറകിലെ ബഞ്ചിൽ നാല് കുട്ടികളെ കണ്ടില്ല.

'എവിടെ രാമുവും കൂട്ടുകാരും?' - ടീച്ചർ ക്ലാസിലെ മറ്റു കുട്ടികളോടായി ചോദിച്ചു.

'ഞങ്ങൾക്കറിയില്ല ടീച്ചറേ.. ' ഉടനെ ടീച്ചർ പ്യൂണിനെ വിളിച്ചു വരുത്തി കുട്ടികളെ അന്വേഷിക്കാൻ പറഞ്ഞു. ഇൻറർവെൽ കഴിഞ്ഞ് ക്ലാസ്സ് തുടങ്ങിയെന്ന് മനസ്സിലാക്കിയ രാമുവും കൂട്ടുക്കാരും ക്ലാസ്സിൽ കയറാതെ മാറിനിൽക്കുകയായിരുന്നു. തല്ലുമെന്ന് ഭയന്നായിരുന്നു അവർ അങ്ങനെ ചെയ്തത്. ഹിന്ദി പിരീഡ് കഴിയുന്നത് വരെ അവർ ആരും കാണാതെ സ്കൂളിൻറെ സ്റ്റേജിന് പുറകുവശത്ത് ഒളിച്ചിരുന്നു. രാമുവിനെയും കൂട്ടുക്കാരെയും അന്വേഷിച്ചു വന്ന പ്യൂൺ അവരെ സ്റ്റേജിനു പുറകിൽ പതുങ്ങിയിരിക്കുന്നത് കണ്ടു.

'കുട്ടികളേ നിങ്ങൾ എന്തിനാണ് ഇവിടെ ഇരിക്കുന്നത്.?' - പ്യൂൺ സതീശൻ ചേട്ടൻ ചോദിച്ചു.

'ഞങ്ങൾ ബെല്ലടിച്ചത് കേട്ടില്ല ചേട്ടാ. ഇപ്പോൾ ഹിന്ദി ടീച്ചറിൻറെതാണ്. പിരീഡ് പകുതി ആകുമ്പോൾ ചെന്നാൽ ഹിന്ദി ടീച്ചർ തല്ലും.'

.'ഇല്ല, ടീച്ചർ വഴക്കിടില്ല. നിങ്ങൾ വേഗം ചെല്ലൂ.' - സതീശൻ ചേട്ടൻ പറഞ്ഞു

പക്ഷേ രാമുവും കൂട്ടുക്കാരും ക്ലാസിൽ പോകാതെ സ്കൂളിൻറെ ബാത്റൂമിനുള്ളിൽ ഒളിച്ചിരുന്നു. പിരീഡ് കഴിഞ്ഞിട്ടും കുട്ടികളെ കാണാതിരുന്ന ടീച്ചർ വീണ്ടും പ്യൂണിനെ വിളിച്ചു. അന്വേഷിച്ചപ്പോൾ അവരെ കണ്ടുകിട്ടി. ഉടനെ അവരെ കയ്യോടെ ക്ലാസ് ടീച്ചറിൻറെ അടുക്കൽ എത്തിച്ചു. അവരെ സംശയത്തോടെ ടീച്ചർ നോക്കി. എന്നാലും ടീച്ചർ അവരെ സ്നേഹത്തോടെ അടുത്ത് വിളിച്ചിട്ട് കാര്യം ചോദിച്ചു. നടന്നതെല്ലാം രാമുവും കൂട്ടുക്കാരും പറഞ്ഞു.

'മക്കളേ എത്ര വലിയ പ്രശ്നം ഉണ്ടായാലും ഒളിച്ചിരിക്കുകയല്ല. ധൈര്യപൂർവ്വം നടന്നകാര്യങ്ങൾ വന്നു പറയണം. എന്നാലേ അതിനുള്ള പരിഹാരം ഉണ്ടാകൂ. അപ്പോൾ തന്നെ ഓടിവന്നു ബെല്ലടിച്ചത് കേട്ടില്ലെന്ന് പറഞ്ഞാൽ ഈ പ്രശ്നങ്ങളൊന്നും ഉണ്ടാകില്ലായിരുന്നു.' ടീച്ചർ പറയുന്നത് കേട്ട് രാമുവിനും കൂട്ടുകാർക്കും തങ്ങളുടെ തെറ്റ് മനസ്സിലായി, അവർ ചെയ്ത തെറ്റിന് ടീച്ചറിനോട് മാപ്പ് പറയുകയും ചെയ്തു. ഇതിലൂടെ നമ്മുക്ക് എന്ത് മനസ്സിലാക്കാം, എന്തിനെയും ധൈര്യപൂർവ്വം നേരിടാൻ നമ്മുക്ക് സാധിക്കണം. ബുദ്ധിയും, ധൈര്യവും, ക്ഷമയും, സഹാനുഭൂതിയും എല്ലാം കുട്ടികൾക്ക് ആവശ്യമാണ്. അതെല്ലാം വേണ്ടിടത്ത് പ്രയോജനപ്പെടുത്തി നാം ജീവിക്കണം. എന്നാലേ സമൂഹത്തിൽ നല്ല പൗരന്മാരായി വളരാൻ സാധിക്കുകയുള്ളൂ.

ആ സംഭവത്തിനുശേഷം രാമുവും കൂട്ടുക്കാരും നല്ല മിടുക്കൻമാരാകുകയും എല്ലാവർക്കും മാതൃകയായി മാറുകയും ചെയ്തു.

**സൂര്യകൃഷ്ണ ടി ആർ**
(9 A ) ഗവ. എച്ച്.എസ്.എസ് മുളംന്തുരുത്തി
തെക്കെതച്ചംകുഴിയിൽ വീട്
പെരുമ്പിള്ളി പി.ഒ
മുളന്തുരുത്തി
ഫോൺ - 7902430405



ചാക്കോ ഡി അന്തിക്കാട്



# 'പമ്പരക്കാഴ്ച്ച'

*(അമേരിക്കൻ*
*ഭരണകൂടത്തിന്റെ ഒത്താശയിൽ*
*ചിലിയൻ പിനോഷ ഭരണകൂടം*
*വിഷം കൊടുത്തുകൊന്ന*
*ധീര രക്തസാക്ഷി*
*കവി പാബ്ലോ നെരൂദയ്ക്ക് സമർപ്പണം)*

ധിക്കാരിയാം പമ്പരം
കറങ്ങിക്കറങ്ങി,
കറക്കിയവന്റെ
കൈവെള്ളയിൽ
ചേക്കേറും.
കണ്ണുകളിൽ നോക്കി
ചിരിക്കും.

പേരു ചോദിക്കുമ്പോൾ,
'നെരൂദ'യെന്ന്
സ്വയം പ്രഖ്യാപിക്കും!

പമ്പരത്തി,ന്നാണി,
അധികാരിയുടെ
കണ്ണുകൾക്കു നേരെ
തുറിച്ചു നോക്കും.

സമയമാകുമ്പോൾ
ചരടില്ലാതെ
താനെ കറങ്ങി,
അധികാരിയുടെ
കണ്ണുകളിൽ
തുളകൾ വീഴ്ത്തും!

അധികാരി തന്റെ
കൈത്തണ്ടയിലെ
സ്വർണ്ണച്ചരട് വീണ്ടും
പമ്പരത്തിൻ
ശരീരത്തിൽ
ചുറ്റിവരിയാൻ ശ്രമിക്കും.
പരാജയപ്പെടും.

മെരുങ്ങാത്ത
പമ്പരമെന്നത്,
ചോദ്യംചെയ്യുന്ന
ജനതയാണെന്ന്
തിരിച്ചറി,ഞ്ഞധികാരി,
ഒരു ഗൂഢാലോചനയിൽ,
പമ്പരത്തെ,
യാകർഷിക്കാൻ,
പുതിയ വിഘടനവാദ
യുദ്ധക്കളങ്ങൾ
സൃഷ്ടിക്കും.

സ്വാതന്ത്ര്യത്തിൻ
പുഴയിൽ സ്വയം
എടുത്തെറിയപ്പെട്ട
വിപ്ലവകവിയായ പമ്പരം,
വിഷദ്രാവകം
തളിയ്ക്കപ്പെട്ട
പായലുകൾക്കിടയിലും
കറങ്ങിക്കൊണ്ടിരിക്കും.

അതാ...
കൂട്ടിനായ് ചുറ്റും
തോണികൾ നിറയെ,
അടിമച്ചരടില്ലാതെ
കറങ്ങാൻ ശേഷിയുള്ള
കവിപ്പമ്പരപ്പരമ്പരകൾ !

ഓർക്കുക...
ആവേശത്തിനൊപ്പം,
തുഴയില്ലാത്ത
തോണിയ്ക്ക്,

ദിശ മാറാതെ
ഒഴുകാനറിയണം....

അധികാരികളെപ്പോഴും
പഴകിയ തുഴയും ചരടും
നന്നാക്കിക്കൊണ്ടിരിക്കും.

എപ്പോഴും
അനുസരിക്കാത്ത ജനത,
തൊഴികളും പഴികളും
ഏറ്റെടുക്കും.

ആണിയില്ലാത്ത
പമ്പരമെന്ന,
ഇന്നലെകളിലേയ്ക്ക്
കറങ്ങാൻ മടിക്കുന്ന,
മറക്കുന്ന, ജനതയെ
വാർത്തെടുക്കൽ,
അധികാരികളുടെ,
യതിമോഹം,
ചിരകാല സ്വപ്നം!

ചില,യതിമോഹികൾ
മയങ്ങിവീണാലും,
സ്വർണ്ണപ്പാദുകം തുളച്ചു,
കാൽവെള്ളയിൽ
തുള വീഴ്ത്താൻ
ശേഷിയുള്ള,
ആണിയെന്ന വിപ്ലവ
പ്രത്യയശാസ്ത്രച്ചാവേർകൂടി
ഉൾപ്പെടുന്ന യുവ
പമ്പരപ്രതിരോധമുയരണം!

ചരടില്ലാത്ത പമ്പരമാകാൻ
ആർക്കു കഴിയുന്നുവോ,
അവിടെ
ചരിത്രനിർമ്മിതിയുടെ
പുതിയ കളങ്ങളുയരും,
പായലില്ലാ,യരുവികൾ,
ഒഴുകിയെത്തും!

ഒരിക്കലും
തല കറങ്ങി വീഴാത്ത
പമ്പരങ്ങൾപ്പോലെ
മാറട്ടെ,യിന്നിന്റെ
സമരസ്വപ്നങ്ങളും
ഭാവി സ്വപ്നസമരങ്ങളും...

വഴിമാറട്ടെ,
വഴിവെട്ടി മുന്നേറുന്ന
പമ്പരങ്ങളെ തടയും,
അദൃശ്യച്ചരടുകൾ!

തലകീഴായ് ചിന്തിക്കുന്ന
ജനതയുടെ
കാൽപ്പാദങ്ങൾക്ക്,
മലർന്നു കിടന്നു കറങ്ങും,
ചോര പൊടിയും
പമ്പരങ്ങൾ ലഭിക്കും!

വായുവിൽ തുളവീഴ്ത്തും
ആണികൾ, മണ്ണിൽ വീണ
വിത്തുകളെ കഴുത്തു
ഞെരിച്ചു കൊല്ലും
കാൽപ്പാദങ്ങൾക്ക്,
ശിക്ഷ കൽപ്പിക്കും.

അടിമത്തത്തിൻ ചരടിൽ
ആ പമ്പരങ്ങളെ കോർക്കാൻ ശ്രമിക്കുന്ന
വർക്ക്
ശരിയായ
ആകാശക്കാഴ്ച്ച,
യസാധ്യം!
സ്വാതന്ത്ര്യം അപ്രാപ്യം!

അറിയുക...
മഹാന്മാർ കാലത്തിൻ ചക്രവാളത്തിലേയ്
ക്ക്
വലിച്ചെറിഞ്ഞ
മിന്നും പമ്പരങ്ങൾ...
നക്ഷത്രങ്ങൾ!

അവ,യിരുട്ടിൽ
കറങ്ങുന്നുണ്ട്...

അത്യാർത്തിയില്ലാതെ
നോക്കിയാലനുഭവിക്കാം,
ആ
പ്രതിരോധക്കറക്കത്തി,
ന്നാഹ്വാനം:

'വരൂ...കാണൂ...
തെരുവിലെ രക്തം!'

ഇന്നു ഞാൻ കാണും
സ്വപ്നത്തിൽ,
നെരൂദയുടെ ഛായയുള്ള
ഒരു നക്ഷത്രപ്പമ്പരം
കറങ്ങി,യടുത്തു വന്നിരുന്നെങ്കിൽ?



# വന്ധ്യാ വ്യഥ



മൃദുല റോഷൻ

ഹൃദയാതുരാലയങ്ങൾ പണിയുന്ന കാലബോധം
പരമാധികാരലോകം പറയാതെടുത്തതെന്തേ..
കരയാതിരിക്കുവോളം കരളിൻ പ്രതീക്ഷയിൽ ഞാൻ
മറയാതെവച്ച മോഹം മറവായി മാഞ്ഞതെന്തേ..

മിഴിനീർ ജലാശയങ്ങൾ ഉരുകും തടാക തീരം
സ്മൃതിയിൽ തടുത്തു വയ്ക്കും അണയാ ചിരിപ്പദങ്ങൾ..
നിഴലാകുമെൻ ജപങ്ങൾ അനുയോഗമേതു നേടി
അഴലായി താണുപോവാൻ അടയാളമായിടുന്നു..

ബധിരാശയത്തിനുള്ളിൽ പരതുന്ന മാതൃവാക്കായ്
വെറുതേയൊരുങ്ങി നിന്നെൻ
മുറിവേറ്റ ശോക മൂകം..
മഴയായിരുന്നു ഞാനും കനവിന്റെ പാതയോരം
പലനേരമെത്ര പെയ്യാൻ മധുരിച്ചു പോയിരുന്നു..

കടിഞ്ഞൂൺ കുരുന്നിനേയെൻ കരലാളനങ്ങളാലീ
അധരത്തിനൊപ്പി വയ്ക്കാൻ കഴിയാത്ത ജന്മമായ് ഞാൻ..
ചിറകായിരുന്നതെല്ലാം അടരും പ്രയാണമേതിൽ
ചിതയായെരിഞ്ഞതാണെൻ മനവും തനുവുമാകെ..

പതറും പ്രഭാമയം ഞാൻ വരളും വിചാരരേണു.
പതിയാനിറുന്നു നിൽക്കും കനിയാണതെന്റെ മോഹം..
വരമായിരുന്നതാകെ ഇരുളിൽ കരിഞ്ഞുപോകും
നിറനേരിനമ്മയാവാൻ ചിരി മാഞ്ഞിരിക്കയായ് ഞാൻ..

ഉദരത്തുടിപ്പതില്ലാ തിരയുന്ന കണ്മണി ഞാൻ
തളരും കിനാവുമായി അഭിലാഷം അമ്മയാവാൻ..
മതിമോഹനങ്ങളെന്റെ നനയുന്ന ഗ്രന്ഥമൊന്നിൽ
ഇഴതുന്നിവച്ച താളിൽ വരി ശൂന്യമമ്മയായ് ഞാൻ.

കവിത

# പെരുക്കം

വരകളിൽ നിന്നായിരിക്കണം
വചനങ്ങൾ പിറന്നിട്ടുണ്ടാകുക
ആരവങ്ങളിൽ നിന്ന്
നീരവവും


ഉരസ്സിനും, ശിരസ്സിനുമിടയിലായി -
രിക്കുമോ
സ്വസ്തിയുടെ അസ്ഥി

ആനയ്ക്കറിയല്ല
ആനയുടെ ശക്തി
വാക്കിന്നൂക്കറിഞ്ഞവൻ
ഊമ

വാക്കിന്റെ പക്ഷികൾ
മലകൾക്ക് ചിറകുകൾ -
നൽകുന്നു

തലയോട്ടിയുടെ കുന്നിൽ
ആണിയടിക്കുന്ന ശബ്ദം
ആണൊരുത്തന്
അകം പൊരുളിന്റെ
പെരുക്കം

.





രാജു കാഞ്ഞിരങ്ങാട്


**കവിത**

# അവൾ

അടുക്കും ചിട്ടയുമില്ലാത്ത ഒരുവൾ
അവൾക്കെല്ലാറ്റിനോടും
വെറുപ്പായിരുന്നു
മടി അവളെ എന്നും മാടി വിളിക്കും
അതിനാലാകും
അവൾ മടിയെ പ്രണയിച്ചു
മടിച്ചിയായ അവൾ
ആ നാലുചുമരുകൾക്കുള്ളിൽ
പകലുറക്കം നടത്തി
അവളൊരിക്കൽ വിഴുങ്ങിയ
വലുതും ചെറുതുമായ പുസ്തകങ്ങളെ
അവളവിടെ ഛർദ്ദിച്ചിട്ടു
അവിടെയഴിഞ്ഞു വീണ അവളുടെ
തൊലിപ്പുറങ്ങളിൽ ചെതുമ്പലുപോലെ
ചൂടുപകരുന്ന ഓർമയുടെ കണങ്ങൾ
ആഴ്ന്നാഴ്ന്നിറങ്ങി പടരുന്നു
കരക്കടിഞ്ഞൊരു മത്സ്യമായി
അവളിലെ അവന്റെ ശ്വാസത്തിനായി
പിടഞ്ഞു പിടഞ്ഞു തളർന്നുവീണവൾ
അടുക്കളയിലെ സിങ്കിൽ
എച്ചിലെഴുതിതീർത്ത പാത്രങ്ങളിൽ
അട്ട പറ്റിപ്പിടിച്ചപോലെ
ഉണങ്ങിയുരുകിയ ചോറിൻവറ്റുകൾ
പുളിച്ചമോരിൽ അവളെ നോക്കി
തലനീട്ടി ചിരിക്കുന്ന പുഴുവിൻകുഞ്ഞുങ്ങൾ
അപ്പോഴും അവളവിടെ
അറ്റം മുട്ടാത്തൊരു  സോപ്പുനൂൽ
കുതിർന്നിറങ്ങിയ സ്ക്രബ്ബറിനാൽ
കവിത രചിക്കുകയായിരുന്നു.



ബിനില കെ ബാബു







എ.പി.നാരായണൻ കുട്ടി

# വേനൽ മഴ

1 ഒരു വേനൽമഴയുടെ
നീർമണിത്തുള്ളികൾ
മരുമണ്ണിൽ വീണു ത്രസിച്ചു തെറിക്കവേ,
പെരുതായകക്കാമ്പിലുണരുമൊരാനന്ദ -
യൊരു മാത്രയെന്നിലലിഞ്ഞു നിറയുന്നു,
ഒരു മാത്രയെന്നിലലിഞ്ഞു നിറയുന്നു.

2 നനവിൽ പുതുമണ്ണുതിർക്കുന്ന
ഗന്ധവും
മനതാരിൽ കുളിരിന്റെ മാസ്മരശീതവും
തുള്ളിക്കളിക്കും ലതാവലീവൃന്ദവും
പൊള്ളുന്ന ഭൂമിതൻ തപ്തനിശ്വാസവും
മോഹിച്ചപോൽ ജലം
ചാലായൊഴുകാതെ
ദാഹിച്ചു നിൽക്കുന്ന മണ്ണിലമർവതും...

കേവലം മാത്രനേരം കൊണ്ടതിദ്രുതം
നേർത്തൊരു രേഖയായാഴ്ന്നു മറവതും
മാമര ശാഖയിൽ പത്രവൃന്ദാവലി കോമരം
തുള്ളിത്തിമിർത്തു രസിപ്പതും..

3 എൻ മനംപോലെയെൻ മണ്ണിന്റെ
മാനസം
കോൾമയിർകൊണ്ടു തരിച്ചു
നിൽക്കുന്നതും
എല്ലാമറിഞ്ഞു ഞാൻ കണ്ണിലും
കാതിലും
ചിത്രം, വിചിത്രം, പരംപൊരുളിൻ കൃതി,
ചിത്രം, വിചിത്രം, പരംപൊരുളിൻ കൃതി..

# മയിൽ



അശ്വതി.വി.വി



ആദ്യമായ്
കാടുപിടിച്ച
മുരുകന്റെ
അമ്പലത്തിൽ
വച്ചാണ്
മയിൽ നൃത്തം വയ്ക്കുന്നത്
കണ്ടത്

പിന്നീട്
കാഴ്ചബംഗ്ളാവിലെ
വലയ്ക്കുള്ളിൽ
നൃത്തംവയ്ക്കാത്തൊരു
മയിലിനെ കണ്ടു

വഴിയോരത്ത്
ഒരു മീശക്കാരൻ
മയിൽപ്പീലികൾ
വിൽക്കുന്നുണ്ട്

ഉത്സവപറമ്പിൽ
ആലവട്ടത്തിൽ
മയിൽപ്പീലികൾ
കാവടികളിൽ
നിറയെ
മയിൽപ്പീലികൾ
എവിടേയും മയിൽപ്പീലികൾ

മയിലുകൾ
പീലിവിടർത്തിയാടും
നൃത്തം കാണാൻ
കാടുപിടിച്ച
മുരുകന്റെ
അമ്പലത്തിൽ
വീണ്ടും
ചെന്നു
എവിടെ മയിലുകൾ...?

നൃത്തം
അവസാനിച്ചിരിക്കുന്നു

# അനാദികാല പ്രണയം



ചിലപ്പോഴെക്കെ എനിക്കു തോന്നാറുണ്ട്,
എൻറെയീ ഭ്രാന്ത് അനാവശ്യമാണെന്ന്.
ഈ ഭ്രാന്തില്ലായെങ്കിൽ നിന്നെയെനിക്ക്
ഇത്രമേൽ ഭ്രാന്തമായ് പ്രണയിക്കുവാൻ
കഴിയില്ലായെന്നു തോന്നാറുമുണ്ട്.

ഞാനെന്താണിങ്ങനെ? നീയും..!
ഞാനും നീയും
ഓരോ തുരുത്തുകളിലൂടെ നടക്കുമ്പോൾ
മീനച്ചൂടിലെങ്ങനെ ഒരേ കുടക്കീഴിൽ
തണൽ തേടാൻ കഴിയും?
വിഷുപ്പുലരികളിൽ ഒരുമിച്ചിരുന്നു
പൂത്തിരി കത്തിച്ചു
പൊട്ടിച്ചിരിക്കാനാകും?


ഓണത്തിനും ബക്രീദിനും ക്രിസ്തുമസിനും
ഓളങ്ങളെ തഴുകി, ചെറുകാറ്റേറ്റു മെല്ലെ
ഒഴുകുന്ന കൊട്ടവഞ്ചിയിലിരുന്ന്
ഓർമ്മകളുടെ തീരത്തണയാൻ കഴിയും?

പെരുന്നാളിനും പൂരത്തിനും
നിൻറെ കുപ്പിവളക്കിലുക്കം കേട്ട്;
ഇടംകയ്യിൽ കരിമ്പിൻകെട്ടും
വലംകയ്യിൽ കരിമ്പിനേക്കാൾ
മധുരമുള്ള നിന്നേയും ചേർത്ത്,
മിന്നാമിന്നിക്കൂട്ടങ്ങൾക്കിടയിലൂടെ
മിണ്ടിയും നുള്ളിയും പിച്ചിയും
തല്ലുകൂടിയും നടക്കൻ കഴിയും?

നീ ഓർക്കുന്നില്ലേ? നീയും ഞാനും
ഇടത്തും വലത്തുമായി ഇരുന്നിരുന്ന
ക്ലാസ് മുറികളിൽ വീണുടഞ്ഞ നമ്മുടെ
ദീർഘനിശ്വാസങ്ങളെ?

അന്നു നിൻറെ കൺകോണുകളിൽ
വിടർന്നിരുന്ന ചെമ്പനീർപൂക്കളെ
വാടാതെ പെറുക്കിയെടുത്തു
സൂക്ഷിച്ചുവെച്ചതിന്നുമെൻറെ
ഇൻസ്ട്രുമെൻറ് ബോക്സിലുണ്ട്;
ഒട്ടും വാടാതെ..!

തേനിലെ ചെറിപ്പഴങ്ങൾപോലെ,
എത്രമാത്രമോർമ്മകളാണു
നമ്മളിൽ വേരാഴ്ന്നു കിടക്കുന്നത്!
എൻറെയും നിൻറെയും ഉള്ളിലെ
മഴപ്പെയ്ത്തുകളൊഴിയുമ്പോൾ
മരച്ചില്ലകളിൽനിന്നും ഇറ്റുവീഴുന്ന
മഴപ്പൂക്കളെ നിൻറെ നനുത്ത
കൈക്കുമ്പിളിൽ നിറച്ചെടുത്തെൻറെ



**സതീഷ് കളത്തിൽ.**

ചൊടിയിണകളെയകറ്റി ഇറ്റവേ
നിന്നിലെ മധുരവും ആ മഴപ്പൂക്കളിൽ
നിറഞ്ഞിരുന്നത് ഇപ്പോഴും എന്നെ
കൊതിയുടെ ആകാശപരപ്പിലേക്കു
കൊണ്ടുപോകുന്നുണ്ട്.

അന്നും നീ പറയാറുള്ളതുപോലെ,
പ്രണയം നമ്മളെ എന്നോ
കാർന്നുതിന്നു കഴിഞ്ഞിരിക്കുന്നു!
എന്നെ നീയും നിന്നെ ഞാനും
എരിച്ചുകൊണ്ടേയിരിക്കുന്ന;
എനിക്കും നിനക്കുംമാത്രമറിയാവുന്ന
ഭ്രാന്തിൻതുരുത്തുകളിലൂടെ
ഭ്രാന്തമായങ്ങനെ നടന്നുനടന്നു നമ്മൾ
പ്രണയിച്ചുകൊണ്ടേയിരിക്കുകയാണ്..!

ഈ ഭൂമിയിൽ
ഇന്നൊരു പ്രണയമുണ്ടെങ്കിൽ
അത്,
എൻറെയും നിൻറെയും ഉള്ളിലാണ്..!
നമ്മൾ,
അനാദികാലമായി പ്രണയത്തിലാണ്..!

# ഒറ്റയ്ക്ക് താമസിക്കുമ്പോൾ



വാതിലുകൾ തുറന്നിട്ട്
പ്രകൃതിയെ വീട്ടിലേക്ക്
കൊണ്ടുപോകണം
വീടിനകത്ത്
ഇരുട്ടിനിരിക്കാൻ
ഇടമുണ്ടാകരുതല്ലോ...
വീട്ടിലേയ്ക്കെത്തിനോക്കുന്ന
പൂക്കളെനോക്കി
പുഞ്ചിരിക്കാൻ മറക്കരുത്...
വെളിച്ചമില്ലാത്ത ചിന്തകളുടെ
വാതിൽ തുറക്കേണ്ടതില്ല
തുന്നിക്കെട്ടിയ മുറിവുകളിൽ
വേദനിക്കാൻ ഇടവരുത്തുമത്...
സമയത്തെ പിടിച്ച്
ചുമരിൽ  തൂക്കിയിടണം
ഉറങ്ങാതെ കൂട്ടിരിക്കുമല്ലോ...
ഒറ്റയ്ക്കാകുമ്പോൾ
ഓർമകളെ വിളിച്ചുണർത്തരുത്
ഉറക്കം നഷ്ടപ്പെടുത്തിയാലോ...
ഒന്ന് രണ്ടിടങ്ങളായി
*'വിൻഡ് ചിമ്സ് ' തൂക്കിയിടണം
ദോഷം പറയരുതല്ലോ
ആള് ചൈനക്കാരനാണെങ്കിലും
മനസ്സിന് കുളിർമ നൽകുന്ന
ശബ്ദത്തിനുടമയാണ്...
ഒറ്റയ്ക്കാകുമ്പോൾ
മൊബൈൽ ഫോൺ
എപ്പോഴും
കൂടെ തന്നെ ഉണ്ടാകണം
ഭക്ഷണം
പാകം ചെയ്തില്ലെങ്കിലും
മൊബൈൽ
ചാർജ് ചെയ്യാതിരിക്കരുത്...
ഒറ്റയ്ക്ക് താമസ്സിക്കുമ്പോൾ
ഒരിക്കലും ഒറ്റയ്ക്കാകരുത് പുസ്തക
ങ്ങളിലേയ്ക്കിറങ്ങി
വാക്കുകൾക്കൊപ്പം നടന്ന്
വെളിച്ചത്തിന്റെ
ആകാശവാതിലുകൾ
തള്ളിതുറക്കണം...



വി.ജി മുകുന്ദൻ



# ധ്യാനം



ദീപ വിഷ്ണു

കണ്ണടച്ചിരിപ്പാണ് ഞാൻ.
കണ്ണ് തുറന്നെന്നാൽ,
ഒന്നുകിൽ ഞാനെല്ലാം പരിത്യജിച്ചൊരു
സന്യാസിനിയാകും;
അല്ലെങ്കിൽ ഒരു വിപ്ലവകാരി;
അല്ലെങ്കിലോ ഒരവധൂത;
ഒരുപക്ഷേ ഭ്രാന്തായി,  മാനസികാശുപത്രിയിൽ
എത്തിയെന്നും വരാം;
അതുമല്ലെങ്കിൽ ആത്മഹത്യ ചെയ്തേക്കാം.

സിദ്ധാർത്ഥരാജകുമാരന്റെ ദുഃഖം
മനസിലാക്കുന്നു ഞാനിന്ന് വ്യക്തമായ്.
ഒരുപക്ഷേ ഞാനെന്നോടുതന്നെ
ഹൃദയത്തിന്റെ ഭാഷയിൽ സംസാരിക്കുകിൽ,
അതിലെ ആത്മാർത്ഥതയുടെ ആഴംകാരണം,
ലോകം മുഴുവൻ കേൾക്കുമായിരിക്കും;
ചൂഷിതരുടെ കാതുകളിലെന്റെ
സന്ദേശങ്ങൾ മുഴങ്ങുമായിരിക്കും;
ചെറുതായെങ്കിലുമവർക്കത്
ആശ്വാസം പകരുമായിരിക്കും.
അതുമാത്രമാണെനിക്കീ
ജന്മത്തിലുള്ള ഏകപ്രതീക്ഷ.



# ഊഴം

പിരിയുമ്പോൾ
പിറവിയുടെ
പുറന്തോടിളക്കി
മുളപൊട്ടിയ മൗനം
ഇന്നലെകളിൽ
വസന്തമായിരുന്നു ,

ജന്മാന്തരങ്ങളുടെ
ശവക്കച്ചകൊണ്ട്
ഓർമ്മകൾക്കുമേലെ
ഇനിയവയെ പുതയ്ക്കുക

അനുഭവങ്ങളുടെ
നോവുകൾ കൊണ്ട്
വിരഹത്തിന്റെ
മുറിവുണക്കുക,

കണ്ണീരിൽ നനവേറ്റ
സ്വപ്നങ്ങൾ,
മറച്ചുവച്ച
പ്രതീക്ഷകളിൽ
ഊട്ടിയുറക്കുക ..

നൊമ്പരങ്ങൾക്ക്
മറയിട്ട് പുഞ്ചിരിയുടെ
നേർത്ത കോപ്പയിൽ
വേദനയുടെ ലഹരി -
പാനപാത്രം നുകരുക

വേരുകളിലും
പൂക്കുന്ന വസന്തം
പാതയിൽ പകുതിയും
കൊഴിഞ്ഞു
പോയെന്നറിയാതെ,

ഒരു വിത്തുമിനി
വിതയില്ലെന്നറിയാതെ
കാത്തിരിപ്പിന്റെ
അവസാന നിമിഷവും
കടന്നു പോകുന്നുണ്ട്
മൗനത്തിന്റെ കൂർത്ത
ഓരോ നിഴൽപ്പാടും
ആഴത്തിലൂഴത്തിൽ ...!



നിബിൻ കള്ളിക്കാട്

# കാക്കാത്തി പറഞ്ഞത്



കുഞ്ഞച്ചൻ മത്തായി


പ്രണയ വികാരങ്ങൾ
തുള്ളി തുളുമ്പുന്ന നേരത്താണ്
നഗരമാകെ ഇരുട്ടാൽ മൂടപ്പെട്ടതും
എത്രയോ കാലമായ് കണ്ടു വെച്ചിരുന്ന
സ്വപ്നത്തെയാണ്
ഒത്ത് കിട്ടിയപ്പോൾ
വാരിപുണരാൻ
ആവേശം പൊട്ടിമുളച്ചത്.

വിധി വരക്കാത്ത
ചിത്രത്തെയാണ്
വർണ്ണങ്ങൾ കൊടുത്ത്
മനോഹരമാക്കാൻ
മനസു പ്രകാശിച്ചു
ചിതറി പോയത്.

ദേവദാസന്മാരുടെ
വീണയിൽ പാടി തുരുമ്പിച്ച
ചെമ്പരത്തിപൂവിനെയാണ്
നിത്യ നൗകയിലേക്ക്
ഹൃദയപൂർവ്വം സ്വാഗതം
ചെയ്തത്.
ത്രിസന്ധ്യയിൽ നിലാവായ്
ഉദിച്ചപ്പോഴാണ്
ഹൃദയ വാതിലിന്റെ
കൊളുത്ത് നീക്കി
ഒരു കൂടം പുഞ്ചിരി
നിറച്ചു രഹസ്യമായി
സൂക്ഷിച്ചു വെച്ചത്.

അജ്ഞാതമായ ലോകത്തിന്റെ
കറുപ്പും വെളുപ്പും
കൈരേഖ നോക്കി
കാക്കാത്തി പറഞ്ഞത്
ഇതു നീതി ബോധമില്ലാത്ത മനസ്സാണ്
പരിശുദ്ധമായ സ്നേഹത്തിന്റെ
മഴയിൽ നനഞ്ഞാലുമീയിനം
വേർപിരിഞ്ഞു പോകും.





# വളളിമോതിരവും കരിന്തേളും

തീവണ്ടി നീങ്ങിതുടങ്ങുമ്പോഴാണ് ഫ്ലാറ്റുഫോമിൽ നിന്നും ഓടികിതച്ചുകൊണ്ട് അയാൾ ഞാനിരിക്കുന്ന കമ്പാർട്ട്മെന്റിൽ വന്നു കയറിയത്.

കമ്പാർട്ട്മെന്റിൽ ആളുകൾ വളരെ കുറവായിരുന്നു. പലരും ചെരിഞ്ഞും കിടന്നും ഒരു സീറ്റു മുഴുവൻ സ്വന്തമാക്കിയിരിക്കയാണ്.

എനിക്കു എതിരെയുള്ള സീറ്റ് ഒഴിഞ്ഞു കിടക്കുകയായിരുന്നു. അതുകൊണ്ട് ആദ്യം കണ്ട സീറ്റിൽ അയാൾ എനിക്കു അഭിമുഖമായി വന്നിരുന്നു. എന്റെ നേരെ ഒരു പുഞ്ചിരി സമ്മാനിച്ചുകൊണ്ട് തോളിൽ കിടന്നിരുന്ന തുണിസഞ്ചിയെടുത്ത് സീറ്റിൽ വച്ചു. അതിന്റെ സിബ്ബ് വലിച്ചു തുറന്ന് അതിൽ നിന്നും ഒരു തോർത്തെടുത്ത് മുഖത്തു പൊടിഞ്ഞ വിയർപ്പ് തുടച്ച് വീണ്ടും എന്നെ നോക്കി പുഞ്ചിരിച്ചു.



**കൃഷ്ണകുമാർ മാപ്രാണം**

ഞാൻ അയാളെ ഒന്നാകെ ശ്രദ്ധിച്ചു.

അലസമായി കിടക്കുന്ന മുടി വളർന്ന താടി, ഖാദി മുണ്ട്, കഴുത്തുവെട്ടിയ വരയൻ ജൂബ്ബ, അലക്കി മുഷിഞ്ഞു കാവിനിറമുള്ള സഞ്ചി ആകെകൂടി ഒരു ബുദ്ധിജീവിയുടെയും കലാകാരൻറെയും രൂപമാണ് അയാളിൽ ഞാൻ കണ്ടത് .

യാത്രചെയ്യുന്ന അവസരങ്ങളിൽ

പുറംകാഴ്ചകളേക്കാൾ ഞാൻ കൂട്ടുപിടിച്ചിരുന്നത് പുസ്തകങ്ങളെയായിരുന്നു. അന്നെന്റെ കൈയിലാണെങ്കിൽ ചങ്ങമ്പുഴയുടെ അനശ്വരകാവ്യം രമണനായിരുന്നു. പല ആവർത്തി വായിച്ച് മനപാഠമാക്കിയതെങ്കിലും ആ കാവ്യത്തിന്റെ മാസ്മരികത എന്നെ വീണ്ടും അത് വായിക്കാൻ പ്രേരിപ്പിച്ചുകൊണ്ടിരുന്നു.

രമണനും ചന്ദ്രികയും തമ്മിലുള്ള അനുരാഗനാടകത്തിൽ മുഴുകി ചേർന്ന നേരത്തായിരുന്നു അയാൾ എൻറെ മുന്നിൽ വന്നിരുന്നത്.

അയാൾ ഞാൻ വായിക്കുന്ന പുസ്തകം ശ്രദ്ധിച്ചു. എന്നിട്ട് എന്നോടൊരു ചോദ്യം

'എന്തു പുസ്തകമാണ് വായിക്കുന്നത്'

ഞാൻ പുസ്തകത്തിൽ നിന്നും കണ്ണെടുത്ത് അയാളെ നോക്കി.

ഞാൻ അയാൾക്കു നേരെ പുസ്തകത്തിന്റെ പുറംചട്ട കാണിച്ചു.

അയാൾ വല്ലാതൊന്നു ചിരിച്ചു

'രമണനോ'

"അതെ എനിക്കേറ്റവും പ്രിയപ്പെട്ട കവിയാണ്. അനശ്വരനായ കവി"

ആ മറുപടി അത്ര ഇഷ്ടമായില്ലെന്ന് അയാളുടെ മുഖഭാവത്തിൽ നിന്നും മനസ്സിലായി

'എനിക്കത്ര പിടിത്തമില്ല.'

'അതൊക്കെ ഓരോരുത്തരുടെയും താല്പര്യമല്ലേ'

ഞാനും വിട്ടുകൊടുത്തില്ല

'ഞാൻ ഒരു അഭിപ്രായം പറഞ്ഞതാണ്.നിങ്ങൾ പഴഞ്ചനാണെന്നു തോന്നുന്നു'

അയാൾ വെറുതെ തർക്കിക്കാൻ വരുന്നതുപോലെ എനിക്കു തോന്നി

'എന്താണ് അങ്ങിനെ പറയാൻ കാരണം'

'അല്ല ഇക്കാലത്ത് ഇത്തരം കവിതകൾ വായിക്കുന്നവരെ ഞാൻ ആദ്യം കാണുകയാണ്.'

'പിന്നെ എങ്ങനെയുള്ളതാണ് വായിക്കേണ്ടത്...അല്ല നിങ്ങൾ ആരാന്നു പറഞ്ഞില്ല '

എന്റെ സംസാരത്തിനും കനം വന്നു

അയാൾ ചിരിച്ചു

'വേണ്ട തർക്കത്തിനു പറഞ്ഞതല്ല.'

അത് പറഞ്ഞുകൊണ്ട് അയാൾ തുണിസഞ്ചി പരതി. ഒന്നുരണ്ടു പുസ്തകങ്ങൾ അതിൽ നിന്നെടുത്തുകൊണ്ട് എന്റെ നേരെ നീട്ടി.

'ഇതെന്താണ് ...'

ഞാൻ വാങ്ങാൻ മടിച്ചു

'കഴിഞ്ഞ വർഷത്തെ ഏറ്റവും നല്ല കവിതയ്ക്ക് മലയാണ്മ അവാർഡു ലഭിച്ച കൃതിയാണ്

വായിച്ചു നോക്കൂ..എഴുത്തിന്റെ ശൈലിയൊക്കെ നിങ്ങൾക്കിഷ്ടപ്പെടും'

അയാൾ പറഞ്ഞു

പുസ്തകങ്ങൾ എനിക്കു പ്രിയപ്പെട്ടവയായതുകൊണ്ട് ഞാനത് അയാളിൽ നിന്നും വാങ്ങി

'സ്നേഹിതാ ഈ പുസ്തകങ്ങൾ ആരുടേതാണ്'

'എന്റെതന്നെ"

അയാളുടെ അഭിമാനസ്വരം

ഞാൻ കൗതുകത്തോടെ പുസ്തകവും അയാളെയും മാറി മാറി നോക്കി

ഒരു അവാർഡ് കിട്ടിയ കവിയെ നേരിട്ട് കാണാനും അടുത്തു സംസാരിക്കാനും കഴിഞ്ഞതിൽ എനിക്കു സന്തോഷം തോന്നി

'സോറി ഞാനെന്തെകിലും പറഞ്ഞെങ്കിൽ....'

'ഓ സാരമില്ല ....

അയാൾ , അല്ല കവി ചിരിച്ചു

ഞാൻ രണ്ടു പുസ്തകങ്ങളിൽ ആദ്യത്തേതു എടുത്തു. ആധുനികതയുടെ മുഖകാപ്പു ചാർത്തി അണിയിച്ചൊരുക്കിയ

മനോഹരമായ പുറംചട്ട.

''വള്ളിമോതിരം" കാവ്യപുസ്തകം

അടിയിൽ മുണ്ടരത്തി.എസ് എന്നെഴുതിയിരിക്കുന്നു.

'അതെ മുണ്ടരത്തി എസ് എന്നത് എന്റെ തൂലികാ നാമമാണ് '

അയാൾചോദിക്കും മുൻപേ പറഞ്ഞു.

ഞാൻ അയാളെ നോക്കി . അയാൾ ഗമയോടെ ചിരിച്ചുകൊണ്ട് പറഞ്ഞു

'കഴിഞ്ഞവർഷം ഒരുപാട് എൻട്രികളുണ്ടായിരുന്നു.അതിൽ നിന്നും എനിക്കായിരുന്നു അവാർഡ്കിട്ടിയത്.. '

അവാർഡുകളെ പറ്റി ഞാൻ തിരക്കാറില്ല സാധാരണ ഒരു വായനക്കാരൻ എന്നതിലുപരി ഞാൻ പുസ്തകങ്ങൾ അവാർഡു കിട്ടിയതാണോ അല്ലയോ എന്നു നോക്കിയല്ല വായിക്കാനെടുക്കാറുള്ളതും .

പല നല്ല കൃതികൾക്കും അങ്ങിനെ അവാർഡു കിട്ടാതെപോയിട്ടുമുണ്ട്. അവാർഡ് ചാർത്തികൊടുത്ത് അവയെ മഹത്തരമാക്കുന്ന വിദ്യകളാണ് പലപ്പോഴും നടക്കുന്നതെന്ന തിരിച്ചറിവ് പലർക്കുമുണ്ടെങ്കിലും പലരും മൗനത്തിൻറെ മുഖംമൂടി അണിഞ്ഞു നിൽക്കുകയാണ് . അതുകൊണ്ട് ഞാനും മൗനം ഉത്തമം എന്നു കരുതി മിണ്ടാതിരുന്നു .

മാത്രമല്ല വായിക്കുന്നവരേക്കാൾ കൂടുതൽ കവികളും എഴുത്തുകാരും സംക്രമിച്ചുകൊണ്ടിരിക്കുന്ന കാലത്ത് ഇക്കൂട്ടരെയൊക്കെ തിരിച്ചറിയാനും പാടുതന്നെ.

അയാൾ പറഞ്ഞു

'തുറന്നു നോക്കൂ എന്റെ ആദ്യത്തെ കൃതിയാണിത്. ഒരവാർഡു കിട്ടിയതുകൊണ്ടു പറയുകയല്ല പതിനഞ്ചാം പതിപ്പാണ് ഇത്.'

ശരിയാണ് ഞാൻ പുസ്തകത്തിന്റെ മുകളിൽ എഴുതിയിരിക്കുന്നത് കണ്ടു

അതുപോലെ അവാർഡിന്റെ പേരും ബ്രാക്കറ്റിൽ എഴുതിയിട്ടുണ്ട്

ഒരു പുസ്തകം വിറ്റുപോകാൻ ഇതൊക്കെ ധാരാളം.

വള്ളിമോതിരം തുറക്കും മുൻപേ അയാൾ മറ്റേ പുസ്തകം നോക്കാൻ പറഞ്ഞു

'കരിന്തേളുകൾ'

അതെടുത്തപ്പോൾ ഞാൻ വെറുതെ ചോദിച്ചു

'ഇതിനും കിട്ടിയോ അവാർഡ്

അയാൾ പുച്ഛത്തോടെ അഹങ്കാരത്തോടെ എന്റെ നേരെ നോക്കി കൊണ്ടു പറഞ്ഞു

'എന്താ അങ്ങിനെ സംഭവിക്കില്ലെന്നുണ്ടോ? എന്നാൽ പറയാം ഇപ്രാവശ്യത്തെ രാമനാശാൻ സ്മാരക അവാർഡ് കരിന്തേളുകൾക്കാണ് '

'കുമാരനാശാൻ അവാർഡോ ?'

'അതല്ല രാമനാശാൻ അവാർഡ് പൗരപ്രമുഖനും സ്വാതന്ത്ര്യ സമരസേനാനിയും ആയിരുന്നു അദ്ദേഹം. കഴിഞ്ഞവർഷമാണ് ഈ അവാർഡ് തുടങ്ങിയത്. ആദ്യം എനിക്കു തന്നെ കിട്ടുകയും ചെയ്തു. '

അയാൾ വല്ലാത്തൊരു ഗമയോടെ ഞെളിഞ്ഞിരുന്നു.

കാക്കതൊള്ളായിരം ആളുകളുടേയും സ്മരണയ്ക്കുവേണ്ടി ഓരോരുത്തർ തുടങ്ങിവയ്ക്കും ചില വിക്രിയകൾ. ചിലരൊക്കെ ഇതൊരു ബിസിനസ്സായും കൊണ്ടുനടക്കുന്നുണ്ടെന്ന് ആരോ വായനശാലയിൽ വച്ച് പറഞ്ഞതും ഓർക്കുന്നു .

'ഓ '

ഞാൻ മൂളി കവിയാണെങ്കിലും അഹങ്കാരത്തിനു തെല്ലും കുറവില്ല

ഞാൻ മനസ്സിൽ കരുതി .

അയാൾ വീണ്ടും തുടങ്ങി

'ഈ അവാർഡ്സമർപ്പണം അടുത്ത ആഴ്ച കോട്ടയത്ത് വച്ചു നടക്കുകയാണ് മന്ത്രിമാരൊക്കെ പങ്കെടുക്കുന്ന പരിപാടിയാണ്.'

അയാൾ പൊങ്ങച്ചം പറഞ്ഞു

'എത്ര പുസ്തകം രചിച്ചു' ഞാൻ ചോദിച്ചു

'രണ്ടെണ്ണം'

'അതിനു അവാർഡും കിട്ടിയല്ലേ'

അയാൾ വല്ലാതെ ചിരിച്ചു എന്നിട്ട് പറഞ്ഞു

'എങ്ങിനെ കിട്ടാതിരിക്കും...മത്സരത്തിന് കുറെ എൻട്രികളുണ്ടായിരുന്നു....സംഘാടകരിൽ പലരേയും എനിക്ക് അറിയാവുന്നവരാണ്..'

അപ്പോൾ..സംഘടിപ്പിച്ചതെന്ന് സാരം എനിക്കയാളോട് സഹതാപം തോന്നി

'കുറെയേറെ എഴുതണമെന്നുണ്ട്.പക്ഷെ സമയം കിട്ടണ്ടേ....'

'അതെന്തുപറ്റി ജോലിതിരക്ക്'

'ഒരു ചെറിയ ബിസിനസ്സുണ്ടായിരുന്നു..അതു പൊളിഞ്ഞു. ഇപ്പോൾ ജോലിയൊന്നുമില്ല അവാർഡു കിട്ടിയതോടെ കുറച്ച് തിരക്കിൽപ്പെട്ടു.

കുറെയേറെ സ്ഥലങ്ങളിൽ സ്വീകരണങ്ങൾ കഴിഞ്ഞു പിന്നെ പലേടത്തും കവിയരങ്ങ്, പുസ്തകപ്രകാശനം, ഉദ്ഘാടനം ,സമ്മേളനം അങ്ങിനെയങ്ങിനെ ധാരാളം പരിപാടികൾ'

അയാൾ വേദനയോടെ അല്പം അടുത്തേയ്ക്ക് ചാഞ്ഞ് സ്വകാര്യം എന്നപോലെ പറഞ്ഞു. 'ക്ഷണിച്ചാൽ ചിലയിടത്ത് ചെന്നാൽ കാശുതരാൻ

ഭയങ്കര മടിയാണ്'

ഞാൻ ചോദിച്ചു അപ്പോൾ കാശിനാണോ ഇതൊക്കെ ചെയ്യുന്നത്

'അല്ലാതെ...ഞാനൊരു അവാർഡു കിട്ടിയ കവിയല്ലേ വെലയ്ക്കും നെലയ്ക്കും അവര് തരണ്ടേ. പിന്നെ ഇതൊക്കെ കൊറച്ചു കാലമേയുണ്ടാകൂ. അപ്പോൾ കിട്ടുന്നത് മാക്സിമം മേടിക്കണം. ....'

'അതും ശരിയാണ്'

'അവാർഡ് കിട്ടിയതുകൊണ്ടിപ്പോൾ പലമാസിക കാരും കവിത ആവശ്യപ്പെടുന്നുണ്ട് .'

'അതിനും വാങ്ങുന്നുണ്ടാകും '

'പിന്നല്ലാതെ ...ജീവിക്കേണ്ടേ....'

'അതെ .....'

'ഇവിടെ ഒരു പുസ്തകപ്രകാശനവും കവിയരങ്ങും ഉദ്ഘാടനം ഞാനായിരുന്നു. അതുകഴിഞ്ഞു. പക്ഷെ ഭാരവാഹികളും പ്രസംഗത്തിനു നേരം വൈകിയെത്തിയ ഒരാളും തമ്മിൽ വാക്ക്പോര്. അതുകൊണ്ട് നേരം പോയി. ഉച്ചതിരിഞ്ഞ് അങ്കമാലിയിൽ ഒരു പൊതുസമ്മേളനം ഉണ്ട്. വൈകീട്ട് അവിടെ അടുത്തുതന്നെ വേറെയും ഒരു പരിപാടിയുണ്ട്.

'അപ്പോൾ വീട് '

'നമുക്കൊക്കെ തിരക്ക് കഴിഞ്ഞ് വീട്ടില് എത്ത്വാൻ പറ്റ്വോ നാളെ തിരുവനന്തപുരത്ത് ഒരു സ്വീകരണമുണ്ട്..അതും കൂടി കഴിഞ്ഞാൽ രണ്ടീസം കിട്ടും . അതു കഴിഞ്ഞാൽ പിന്നേയും ഊരു ചുറ്റണം'

അയാൾ നെടുവീർപ്പിട്ടു.

ഞാൻ സഹതാപത്തോടെ കവിയെ നോക്കി. എന്തൊരു പെടാപാടാണ് ഇവർക്ക്. ഇവരാണല്ലോ സമൂഹത്തിനുവേണ്ടി എഴുത്തു പടവാളാക്കിയവർ.

തീവണ്ടി അങ്കമാലി അടുത്തുതുടങ്ങി കവി എന്നോട് പറഞ്ഞു.

'ആ പുസ്തകങ്ങൾ താങ്കൾക്കുള്ളതാണ്.'

ഞാൻ സന്തോഷത്തോടെ അതുവാങ്ങി. അയാൾ പറഞ്ഞു

'സ്റ്റേഷൻ അടുക്കാറായി ഞാൻ ഇറങ്ങാൻ നോക്കട്ടെ'

ഞാൻ ശരിയെന്നു പറഞ്ഞു

'എന്നാൽ പിന്നെ പുസ്തകത്തിന്റെ വില... കിട്ടിയാൽ..പോകാമായിരുന്നു'

അപ്പോഴാണ് അത് സമ്മാനമല്ല വിലയ്ക്കാണ് എന്ന് എനിക്കു മനസ്സിലായത്.

ഞാൻ ജാള്യത മറച്ചുവച്ച് ചോദിച്ചു.

'എത്രയാണ്'

'ഇരുനൂറ്റിയമ്പതാണ് രണ്ടിനും കൂടി. ഇരുനൂറു മതി.'

ഞാൻ പേഴ്സ്തുറന്നു ഇരുനൂറു രൂപ കവിയ്ക്കു കൊടുത്തു.

അങ്കമാലിയിൽ കവി ഇറങ്ങും മുൻപേ ഇനിയും കാണാമെന്ന് പറഞ്ഞ് എന്റെ നേരെ കൈവീശി.

ഞാൻ വള്ളിമോതിരം കൈയ്യിലെടുത്തു തുറന്നു ആദ്യത്തെ കവിത അതെ പേരിൽ തന്നെ. അത് വായിച്ചപ്പോൾ എനിക്കു ഓക്കാനം വന്നു രണ്ടാമത്തെ കവിത കണ്ടപ്പോൾ ചർദ്ദിക്കാൻ തോന്നി. അടുത്തപേജുകളിലേയ്ക്ക് കടന്നാൽ ഇനിയെന്താണുണ്ടാകുക എന്നോർത്ത് ഞാൻ ഭയപ്പെട്ടു.

പുസ്തകം മൊത്തം ഒന്നു മറിച്ചപ്പോൾ കണ്ടു പുസ്തകത്തിനു മാത്രമേ വലിപ്പമുള്ളൂ. ഉള്ളിൽ നാലോ അഞ്ചോ വരികൾ അടുക്കി പെറുക്കി വച്ചിരിക്കുകയാണ്. അങ്ങിനെ ഓരോ പേജിലും നാലോ അഞ്ചോ വരിയിൽ കൂടുതലില്ല.

കവിതയുടെ യാതൊരു ലക്ഷണവുമില്ലാത്ത എന്തൊക്കെയോ എഴുതിവച്ചിരിക്കുകയാണ് .ചിലത് തെറിയാണോ എന്ന് തോന്നി .

ഞാൻ പുസ്തകമടച്ച് കരിന്തേളെടുത്തു

അതെടുത്തതും കരിന്തേളുകൊത്താനെത്തി. വള്ളിമോതിരത്തേക്കാൾ കഷ്ടമായിരുന്നു കരിന്തേളിൻറെ അവസ്ഥ .

കവികളെന്നു സ്വയം നടിച്ച് വലിയവനായി ചമഞ്ഞു നടക്കുന്ന കോമാളികൾ .

ഇങ്ങിനെയുള്ള കവികളെ വളർത്തുന്ന യഥാർത്ഥ കവിതയെ തളർത്തുന്ന അവാർഡു കൊടുക്കുന്നവരെയോർത്ത് ലജ്ജിക്കാനെ തരമുള്ളൂ .

ഞാൻ വള്ളിമോതിരമെടുത്ത് ജനാലയിലൂടെ പുറത്തേയ്ക്കൊരേറു കൊടുത്തു.

തിരിഞ്ഞപ്പോൾ കരിന്തേളതാ എന്റെ നേരെ പാഞ്ഞുവരുന്നു. ഞാനത് ദൂരേയ്ക്ക് തട്ടിയെറിഞ്ഞു. ഇരുനൂറുരൂപ പോയ നഷ്ടത്തിനേക്കാളുപരി ഭാഷയേയും കവിതയേയും ഹനിച്ച കവിയെയും അവാർഡുകൊടുത്തവരെയും കുറിച്ചുള്ള ദേഷ്യമാണ് എന്നിൽ നുരഞ്ഞുപൊന്തിയത്.

ഞാൻ എന്റെ മടിയിൽ വിശ്രമിച്ചിരുന്ന രമണനെയെടുത്ത് തലോടി അപ്പോൾ കളകളാരവം മുഴക്കികൊണ്ടു മനസ്സിലൂടെ ഒരു തേനരുവി മന്ദംമന്ദം ഒഴുകാൻ തുടങ്ങി.

●

കഥ





സിമി പെരുമ്പിള്ളി

# അവൾ മയൂഖി

പതിവുപോലെ അവൾ ഇന്നും മുഖം വീർപ്പിച്ച് ഇരിക്കുകയാണ്.

'യാമിനീ നീ എന്താണ് ഇങ്ങനെ?' ഞാൻ ചോദിച്ചു.

'ഇച്ചായൻ ഇന്ന് നേരത്തെ വരാന്ന് പറഞ്ഞിട്ട് ഇത്രേം വൈകിയത് എന്താണ്. നമുക്ക് ഒരു ഫിലിം കാണാൻ പോകാമെന്ന് എത്ര ദിവസമായി പറയുന്നു. അല്ലെങ്കിലും ഇച്ചായന് പണ്ടത്തെ സ്നേഹം ഒന്നുമില്ല' അവൾ രോഷത്തോടെ പറഞ്ഞുകൊണ്ട് കിച്ചണിൽ കയറി. ഒരാവശ്യവുമില്ലാതെ പാത്രം അങ്ങോട്ടുമിങ്ങോട്ടും എടുത്ത് വച്ച് എന്റെ ചെവിക്ക് അസഹ്യമാകും വിധം ചെയ്തുകൊണ്ടിരുന്നു. പാത്രങ്ങൾ താഴെ വീഴുന്ന ശബ്ദം കൂടിക്കൂടിവന്നപ്പോൾ ഞാൻ പതിയെ ഹാളിലെ സോഫയിൽ നിന്ന് എഴുന്നേറ്റു. ഞാൻ അവളെ സമാധാനിപ്പിക്കാൻ വേണ്ടിയുള്ള ഒച്ചയും ബഹളവും ആണതെന്നെനിക്കറിയാം. ഞാൻ അവളുടെ അടുക്കലേക്ക് ചെന്നു.

' എന്റെ യാമീ, നീ എന്താണ് കൊച്ചുകുട്ടികളെപ്പോലെ. ഓഫീസിലെ തിരക്ക് നിനക്കറിയില്ലേ?'

'അല്ലെങ്കിലും ജോയിച്ചായന് സ്നേഹം കുറഞ്ഞുവരുന്നു്'

'ഓ.. ശരി. ശരി. നീ വേഗം റെഡിയാക് നമുക്ക് ഒന്ന് ചുമ്മാ പുറത്തുപോയിട്ട് വരാം.

പുറത്തുനിന്ന് എന്തേലും കഴിക്കാം. സ്കൂട്ടർ എടുക്കാം. കാറിൽ പോകേണ്ട. രാത്രിയിലെ യാത്രയ്ക്ക് സ്കൂട്ടറാണ് നല്ലത്.'

'എന്റെ ഇച്ചായാ സമയം എത്രയായെന്നാണ് വിചാരം. 11 മണി കഴിഞ്ഞു.'

'അതിനെന്താ യാമീ സിറ്റിയിലെ കടകൾ പാതിരാത്രി വരെയുണ്ട്. ചിലത് അടയ്ക്കാറുമില്ല നീ റെഡിയാക്.' അവൾ ഉടനെ ഡ്രെസ്സ് മാറി വന്നു. ഓഫീസിൽ നിന്നുള്ള വേഷത്തിൽ തന്നെ ഞാനും ഇറങ്ങി. കുറെ ദിവസങ്ങളായി അവളുമായി പുറത്തിറങ്ങിയി

ട്ട് അതുകൊണ്ടാണോയെന്ന് അറിയില്ല അവളെന്നെ പറ്റിച്ചേർന്നിരുന്നപ്പോൾ വല്ലാത്തൊരു അനുഭൂതി തോന്നി. അവളുടെ മനസ്സുപോലെ അവളുടെ ശരീര ഭാഗങ്ങളും എന്നിൽ പറ്റിച്ചേർന്നു. ഞാൻ അവളോട് ചോദിച്ചു.

'യാമീ, നീ ഹാപ്പിയാണോ?'

'ഞാൻ ഹാപ്പിയാണ് ജോയിച്ചായാ.. അങ്ങയുടെ അളവില്ലാത്ത സ്നേഹം അനുഭവിക്കാൻ ഭാഗ്യം തന്ന ദൈവത്തിനു നന്ദി.' അവളെന്റെ പുറകിലെ തോളിൽ അവളുടെ മൃദുവായ ചുണ്ടുകളാൽ മുത്തമേകി. എന്റെ വയറിൽ മുറുകിയ അവളുടെ കയ്യെടുത്ത് ഞാൻ എന്റെ കുറ്റിത്താടിയിൽ മൃദുവായി ഉരച്ചതിനുശേഷം ഒരു ചുംബനമേകി.

'ജോയിച്ചായാ ആളുകൾ നോക്കുന്നു.' അവൾ ചിരിച്ചുകൊണ്ട് കൈവലിച്ചശേഷം തോളിൽ പിടിച്ച് പതിയെ അമർത്തി. ഞങ്ങൾ പരസ്പരം ചിരിച്ചു. കളിപ്പിക്കാനും കഥകൾ പറയാനും ഒരു കുഞ്ഞിനെപ്പോലും ദൈവം തന്നില്ല ഞങ്ങൾക്ക്. എന്റെ യാമി ഓരോ ദിവസവും തള്ളിനിൽക്കുന്നത് എങ്ങനെയാണെന്ന് ഞാൻ മനസ്സിലാക്കണ്ടേ. ഓഫീസിലെ തിരക്കുകൾക്കിടയിൽ ഞാൻ പല ദുഃഖങ്ങളും മറക്കുന്നു. പക്ഷേ അവൾ എന്തു ചെയ്യും.

'യാമീ, നമുക്ക് ആ ടീഷോപ്പിൽ കയറാം. അവിടെ നല്ല രുചിയുള്ള ഒരു പലഹാരം ഉണ്ടെന്ന് ഓഫീസിലെ മൈക്കിൾ പറഞ്ഞിരുന്നു.'

'അതിന്റെ പേര് എന്താണ് ഇച്ചായാ?.'

'ഉന്നക്കായ എന്നോ മറ്റോ ആണ്.' ഞാൻ പറഞ്ഞു.

റോഡിനോട് ചേർന്നിരിക്കുന്ന ഷോപ്പ്. പുറകിലേക്ക് ധാരാളം സ്ഥലമുണ്ട്. മൂന്നു ഫ്രീക്കന്മാർ നടത്തുന്ന ആ ടീഷോപ്പിലേക്ക് ഞാനും അവളും കയറി. ടീഷോപ്പിൽ ചായയും ജൂസും ഇത്യാദി പാനീയങ്ങളും ഉണ്ട്. രണ്ടു ചായയും രണ്ട് ഉന്നക്കായയും ഓർഡർ ചെയ്തുകൊണ്ട് ഞാൻ അവനെയൊന്ന് സൂക്ഷിച്ചുനോക്കി. ന്യൂജനറേഷൻ പയ്യൻ തന്നെ. കയ്യിൽ ഇടിവളയും, മെറ്റലുകൊണ്ടുള്ള മോതിരങ്ങളും, കഴുത്തിൽ ചങ്ങല മാലയും, കാതിൽ കമ്മലും, മുടിനീട്ടി സ്ട്രെയ്റ്റ് ചെയ്തിരിക്കുന്നു. ഹാൻസ് പോലെയുള്ള ലഹരി സാധനങ്ങളുടെ ഉപയോഗം അവന്റെയും കൂട്ടാളികളുടെയും പല്ലിനെ വികൃതമാക്കിയിരിക്കുന്നു. ആ ടീഷോപ്പിൽ സാമാന്യം നല്ല തിരക്കുണ്ട്. രാത്രി 11 മണിക്ക് ശേഷം തിരക്കില്ലെന്ന് ഞങ്ങൾ വിചാരിച്ചിരുന്നെങ്കിലും, ദൂരെ മാറി അവിടവടെയായി കോളേജ് വിദ്യാർത്ഥികളെന്ന് തോന്നിക്കുന്ന കുറച്ചു ആൺകുട്ടികൾ നിൽക്കുന്നു. ചില കുട്ടികളുടെ കയ്യിൽ എരിഞ്ഞു പുകയുന്ന വിലകൂടിയ സിഗരറ്റുകളുണ്ട്. സിഗരറ്റില്ലെങ്കിൽ അന്തസ്സില്ലെന്ന് കരുതുന്ന ന്യൂജനറേഷനാണവർ.

ഞങ്ങൾ ചായയുമായി കുറച്ചു മാറ്റിയിട്ടിരിക്കുന്ന ടേബിളിനരികിലെത്തി. ചായ ടേബിളിൽ വച്ച് അവിടെ കിടന്ന സ്റ്റൂളിൽ ഇരുന്നു. കുറച്ചുസമയം കഴിഞ്ഞപ്പോൾ, നല്ല മനോഹരമായ ചിരിയോടുകൂടി ഒരു പെൺകുട്ടി, ബൈക്കിൽ ഒരാൺകുട്ടിയുടെ കൂടെ വന്നിറങ്ങി. അവർ ഞങ്ങൾക്കരികിലേക്ക് നടന്നടുത്തു. നല്ല തക്കാളി പോലുള്ള മനോഹരമായി മുഖം, നല്ല കണ്ണുകൾ, നല്ല ചിരി, നല്ല സുന്ദരിക്കുട്ടി. അവളുടെ സൗന്ദര്യത്തെ ഞാൻ കണ്ണാലുഴിഞ്ഞു. ആ കുട്ടിയോട് തോന്നിയ വാത്സല്യത്തിനുപരി ഒരു വെറുപ്പ് എന്നിലേക്ക് കടന്നുവന്നു. കാരണം, സുന്ദരമായ മുഖത്തിന് ചേരാത്ത വേഷവിധാനമാണ് അവൾ അണിഞ്ഞിരിക്കുന്നത്. ഇറുകിയ ബനിയന്റെ കൈകൾ വളരെ ചെറുതും, ചെറിയ ട്രൗസറും വലിയ ഷൂകളുമാണ് അവളുടെ വേഷവിധാനം. വെളുവെളുത്ത മാംസളമായ അവളുടെ തുടഭാഗം എല്ലാവരും കാണുംവിധം പ്രദർശിപ്പിച്ചിരിക്കുന്നു. ടേബിളിനടുത്തേക്ക് അവൾ വന്നതും മാറിമാറി നിന്നിരുന്ന ആൺ സുഹൃത്തുക്കൾ ചക്കപ്പഴത്തിൽ ഈച്ചപൊതിയും പോലെ അവളുടെ അരികിലേക്ക് പാഞ്ഞുവന്നു. അവളും ആൺകുട്ടികളുമായി പഞ്ചാര വർത്തമാനവും സ്നേഹപ്രകടനവും നടന്നുകൊണ്ടിരിക്കുകയാണ്. അതിനിടയിൽ അവളുടെ ആൺ സുഹൃത്തിന്റെ കൈയ്യിൽ നിന്നും ഒരു സിഗരറ്റ് വാങ്ങി കത്തിച്ച്, ഒരു ചെയിൻ സ്മോക്കറിന്റെ ലാഘവത്തോടെ ആഞ്ഞാഞ്ഞു വലിച്ചു പുക പുറത്തേക്ക് തള്ളിക്കൊണ്ട് അച്ചടക്കം ലവലേശമില്ലാതെ സ്റ്റൂളിൽ ഇരുന്നു. നാട്ടിൻപുറത്തുകാരിയായ സിറ്റിയിൽ അധികം താമസിക്കാത്ത എന്റെ യാമി ആശ്ചര്യത്തോടെ അവളെ നോക്കി. പിന്നെ എന്നെയും.

'ഞാൻ പറഞ്ഞു. യാമീ, ഇതാണ് ലോകം.'

'ഇവിടെ നിൽക്കണ്ടച്ചായാ. നമുക്ക് വേഗം പോകാം.'

ഞങ്ങൾ വേഗം ക്യാഷ് കൊടുത്ത് അ

വിടെ നിന്നിറങ്ങി.

ഞാൻ ഓർത്തു ഈ 11 മണി കഴിഞ്ഞ നേരത്ത് അവളെ അഴിച്ചുവിട്ടിരിക്കുന്നത് ആര്? മാതാപിതാക്കളോ? അതോ ഹോസ്റ്റൽ വാർഡനോ? എന്തായാലും ഈ ന്യൂജനറേഷന്റെ പോക്ക് എങ്ങോട്ടാണ്. ഹൃദയത്തിൽ വല്ലാത്തൊരു വേദനയോടെയാണ് ഞങ്ങൾ തിരിച്ചെത്തിയത്. എന്റെ മകളോ, അനിയത്തിയോ ആരെങ്കിലുമൊക്കെ അവൾ ആയിരുന്നെങ്കിൽ ഞാൻ അവളെ അച്ചടക്കത്തോടെ വളർത്തുമായിരുന്നു.

അവിടെ നിന്ന ആൺകുട്ടികളുടെ ഭാവി അവൾ തകർത്തെറിയുകയാണോ? അതോ

അവളെയാണോ അവർ തകർത്തെറിയുന്നത്. ദിവസങ്ങൾ ആഴ്ചകളായി, ആഴ്ചകൾ മാസങ്ങളുമായി കൊഴിഞ്ഞുകൊണ്ടിരുന്നു.

ഓർക്കും. ഒരു ബുധനാഴ്ച പതിവുപോലെ ഞാൻ ഓഫീസിൽ പോകാൻ റെഡിയായി. പോകാറായിട്ടും യാമി എന്റെ അടുക്കലേക്ക് വന്നില്ല. ഞാൻ അവളെ വിളിച്ചു വീടിനു പുറകുവശത്ത് ചെന്നപ്പോൾ അവൾ വയർ പൊത്തിപ്പിടിച്ചു കരയുകയാണണ്ട്.

'എന്തുപറ്റി യാമീ..' ഞാൻ പരിഭ്രമത്തോടെ തിരക്കി.

'ഒന്നുമില്ല ജോയിച്ചായാ ചെറിയ വയറുവേദന. അന്ന് ആനിയുടെ വീട്ടിൽ പോയപ്പോൾ വന്നപോലെ.' യാമിയുടെ കൊച്ചപ്പന്റെ മോളാണ് ആനി.

'ഹേയ്.. യാമീ, ഇത് ചെറിയ വേദനയൊന്നുമല്ല. നീ വേഗം റെഡിയാകൂ.'

' വേണ്ടച്ചായാ. മാറിക്കോളും.' യാമി പ



റഞ്ഞു.

പിന്നെ നിർബന്ധിച്ച് അവളെ ഞാൻ കാറിൽ കയറ്റി. ഓഫീസിൽ ലീവ് പറഞ്ഞു. ഞങ്ങളുടെ കാർ കോട്ടയം മെഡിക്കൽ കോളേജിലേക്ക് യാത്രയായി.

പരിശോധിച്ചശേഷം ഡോക്ടർ മരുന്ന് കുറിച്ചു തന്നു. ഞാൻ യാമിയെ കാറിലിരുത്തി മരുന്ന് വാങ്ങാൻ ഹോസ്പിറ്റലിലെ മെഡിക്കൽ സ്റ്റോറിലേക്ക് പോയി. തിരിച്ചുപോകാൻ

ഡോർ തുറക്കാൻ നേരം ഒരു വെളുത്ത മാരുതി ഇന്നോവ കാർ ഞങ്ങളുടെ അരികിൽ കൊണ്ട് നിർത്തി. അതിൽ നിന്നും ഒരു 40- 50 വയസ്സ് തോന്നിക്കുന്ന ഒത്തവണ്ണവും പൊക്കവും ഉള്ള ഒരു സ്ത്രീ ഇറങ്ങി. കൂട്ടത്തിൽ അവരുടെ കൈപിടിച്ച് ഒരു പെൺകുട്ടിയും. ശോഷിച്ച് എല്ലുംതോലും മാത്രമായ ശരീരവും, കുഴിഞ്ഞുമൂടിയ കണ്ണുകളുമായിരുന്നു അവൾക്ക്. അലക്ഷ്യമായി ഇട്ടിരിക്കുന്ന തലമുടി കാറ്റ ിൽ അവളുടെ കണ്ണിനെ മൂടികൊിരുന്നു. അവളെ മുമ്പ് എവിടെയോ കിട്ടുല്ലോ.

ഞാൻ കാറിൽ കയറാതെ ചിന്തിച്ച് അവിടെതന്നെ നിന്നു. നിമിഷനേരം കൊണ്ട് അവൾ ആ സ്ത്രീയുടെ കൈയ്യിൽ നിന്നും കുതറിമാറി എങ്ങോട്ടന്നില്ലാതെ ഓടാൻ ശ്രമിച്ചു. ഒരുവിധം കൂടെ വന്ന സ്ത്രീഅവളെ പിടിച്ചു നിർത്തി.

'അടങ്ങി നിൽക്ക് മോളെ.' പറഞ്ഞതൊന്നും കേൾക്കാതെ അവൾ തലചുഴറ്റിക്കൊണ്ടിരുന്നു. കണ്ണുമിഴിച്ചുകൊണ്ട് എല്ലാവരെയും തുറിച്ചു നോക്കി. അലമുറയിട്ട് കരയുകയും ചിരിക്കുകയും ചെയ്യുന്നു. ഞാൻ പെട്ടന്ന് കാറിലിരിക്കുന്ന യാമിനിയെ വിളിച്ചു.

'യാമീ, നീ ആ പെൺകുട്ടിയെ നോക്കിയേ. നമ്മൾ അന്നൊരിക്കൽ ടീഷോപ്പിൽ പോയപ്പോൾ കണ്ടില്ലേ?'

വയറുവേദനയെ മറന്ന് യാമി കാറിൽ നിന്നിറങ്ങി അവളെ നോക്കി.

'അതവൾ തന്നെയാണോ ഇച്ചായാ?' യാമി വിശ്വാസമാകാതെ എന്നോട് ചോദിച്ചു.

'അതെ, അതവൾ തന്നെയാ യാമീ.' ഞങ്ങളുടെ നോട്ടം കണ്ട് ആ പെൺകുട്ടിയെ കൊണ്ടുവന്ന കാറിന്റെ ഡ്രൈവർ ചോദിച്ചു.

'എന്തെ സാർ നോക്കുന്നത്? മയൂഖിയെ അറിയുമോ?'

'മയൂഖി?' ഞാൻ തിരിച്ചു ചോദിച്ചു.

'അതെ സാർ അവളുടെ പേര് മയൂഖിയെന്നാണ്.'

'ഒന്നും പറയസാറേ, ആ കൊച്ചിന്റെ കാര്യം. പണം ഉണ്ടെന്നു പറഞ്ഞിട്ടെന്താ കാര്യം. ഡ്രൈവർ കുറച്ചുകൂടി എന്നിലേക്ക് ചേർന്നുനിന്ന് പതിയെ പറഞ്ഞു. കുറച്ചുപേർ ചേർന്ന് ആ കുട്ടിയെ ഇല്ലാതാക്കി. അതിനുശേഷം അവളിങ്ങനയാ. സമനിലതെറ്റിയവളെപ്പോലെ. പിന്നെ പുറത്തു പറയാൻ പറ്റാത്ത അസുഖങ്ങളും ഉണ്ട് അവൾക്ക്. നല്ല തങ്കംപോലത്തെ കുട്ടിയായിരുന്നു.' ഇതു കേട്ട് എനിക്കും യാമിക്കും വല്ലാതെ വിഷമം തോന്നി. ഞങ്ങൾ പരസ്പരം നോക്കി. ഒന്നും പറയാതെ എല്ലാം പറഞ്ഞഭാവത്തിൽ നിന്നു.

പിന്നെ ഡ്രൈവറോടായി ഞാൻ ചോദിച്ചു. 'നിങ്ങൾ അവരുടെ ഡ്രൈവറല്ലേ, അന്നം തരുന്നവരുടെ കുറ്റങ്ങൾ ഇങ്ങനെ പറയാമോ?'

'പറയാതിരുന്നിട്ടെന്തിനാ, നല്ല ക്യാഷ് ഉള്ള ആളുകൾ ആണ്. പക്ഷേ, ശമ്പളം പോലും മര്യാദയ്ക്ക് തരില്ല. ആ കൊച്ചാണെങ്കിൽ വല്ലപ്പോഴും ക്യാഷ് കുട്ടികൾക്ക് വേണ്ടിതരുമായിരുന്നു. ഇപ്പോൾ അവളിങ്ങനെയായി. പിന്നെ എങ്ങനെ ക്യാഷ് ചോദിക്കും.'

ഡ്രൈവറോടുള്ള സംസാരം പാതിയ്ക്ക് മുറിച്ച് ഞാനും യാമിയും കാറിൽ കയറി. ഞങ്ങളുടെതായ ലോകത്തേക്ക് തിരിച്ചു. ദിവസങ്ങൾ നീങ്ങി.

ഒരു ബുധനാഴ്ചയായിരുന്നു അന്ന്. രാവിലെ മുറ്റത്ത് ചിതറികിടക്കുന്ന പ്രമുഖ ദിനപത്രം എടുത്തു മറിച്ചുകൊണ്ട് ഉമ്മറത്തെ കസേരയിൽ ഇരുന്നു. അന്ന് ആ ദിനപത്രത്തിലെ പ്രധാനവാർത്തകളിലൊന്ന് ഇങ്ങനെയായിരുന്നു. മാനസീകവിഭ്രാന്തി പ്രകടിപ്പിച്ചിരുന്ന പെൺകുട്ടി മാനസീകാരോഗ്യകേന്ദ്രത്തിൽ വച്ച് മരണപ്പെട്ടു. പരേതനായ കേണൽ ഗൗതം മേനോന്റെയും പ്രൊഫസർ മാലതിയുടേയും ഏകമകൾ മയൂഖി 25 ആണ് മരണപ്പെട്ടത്. കുറച്ചു സമയം ഞാൻ അറിയാതെ മൗനമായി.

അവൾ ഞങ്ങളുടെ ആരുമല്ലെങ്കിലും താന്തോന്നിയായി വളർന്നു പോയല്ലോന്നോർത്ത്, വിടരുംമുന്നേ കൊഴിഞ്ഞു പോയല്ലോന്നോർത്ത്, തന്നേ ചെറുപ്പത്തിലെ മണ്ണിലുറങ്ങാൻ വിധിക്കപ്പെട്ടവളായല്ലോന്നോർത്ത് ഒരു നെടുവീർപ്പ് എന്നിൽ നിന്നുയർന്നു.

●

# നൻപകൽ നേരത്ത് മയക്കം

പേളി ജോസ്



നവ മലയാള സിനിമയിലെ 'വിജയമന്ത്രങ്ങൾ അറിയുന്ന സംവിധായകൻ' എന്ന പേര് ചാർത്തപ്പെട്ട ലിജോ ജോസ് പെല്ലിശ്ശേരിയും, എസ്. ഹരീഷ് എന്ന കഥാകൃത്തും ചേർന്ന് ഒരുക്കിയ വളരെ വ്യത്യസ്തമായ ഒരു സിനിമയാണ് 'നൻപകൽ നേരത്ത് മയക്കം' എന്ന സിനിമ.

ചിലർക്കെങ്കിലും ചിലപ്പോൾ മുൻജന്മ പരിചയം എന്ന തോന്നലോ നമ്മെ വിട്ടുപോയ ആരെയെങ്കിലും ഓർമ്മിപ്പിക്കലോ ചെയ്യുന്ന ചില അനുഭവങ്ങൾ ഉണ്ടാകാം. അന്ധവിശ്വാസമോ സംഭവ്യമായ വിശ്വാസമോ എന്ന് തിരിച്ചറിയാൻ കഴിയാത്ത വിധത്തിലുള്ള ഇത്തരം ചില ധാരണകളോ, മാനസിക വ്യതിയാനമോ, മറ്റൊരു വ്യക്തിയായി ഇടക്ക് മാറുന്ന ദ്വന്ദ വ്യക്തിത്വങ്ങളോ വല്ലപ്പോഴെങ്കിലും നമുക്കും കേട്ടുകേൾവി ഉണ്ടാകാം.




സംവിധായകന് പോലും നിജസ്ഥിതി അറിയാൻ കഴിയാതെ ജെയിംസ് എന്ന 'സുന്ദര'നെ ( മമ്മൂട്ടി) സ്ക്രീനിലേക്ക് കയറ്റിവിടുന്നു പ്രേക്ഷകനെക്കോണ്ട് ചിന്തിപ്പിക്കാൻ.

ആദ്യപകുതി അല്പം ലാഗ് അനുഭവപ്പെട്ടെങ്കിലും രണ്ടാം പകുതി ആർടിഫിഷ്യൽ ഇന്റലിജൻസ് തിയറിയിൽ പ്രവർത്തിക്കുന്ന ഒരു കളിപ്പാട്ടത്തെ സ്തബ്ദനായി നോക്കി നില്ക്കുന്ന കൊച്ചുകുട്ടികളെപ്പോലെ പ്രേക്ഷകരും അവിശ്വസനീയതയോടെ കണ്ടിരുന്നു കുറെ നേരം. ജെയിംസിന്റെ ഭാര്യയേയും മകനേയും മാത്രമല്ല, ബസിനുള്ളിലുണ്ടായിരുന്ന മുഴുവൻ സഹയാത്രികരേയും, എത്തിപ്പെടുന്ന ഗ്രാമത്തിലെ പൂങ്കുഴലിയുൾപ്പടെയുള്ള മുഴുവൻ ആളുകളേയും, പ്രേക്ഷകരായ നമ്മളെ മുഴുവനും എന്തിന് പറയുന്നു സുന്ദരനായി മാറുന്ന സാക്ഷാൽ ജയിംസിനെപ്പോലും കൺഫ്യൂഷ്യനിലാക്കുന്നുണ്ട് സിനിമ. സംവിധായകനും തിരക്കഥാകൃത്തും പോലും കൺഫ്യൂഷനിലായിട്ടുണ്ട് എന്നത് തീർച്ച!

ഒരു നാടക ട്രൂപ്പിന്റെ ബസ് വാടകക്കെടുത്ത് വേളാങ്കണ്ണിയ്ക്ക് ടൂർ പോകുന്നതോടെ തുടക്കമാകുന്ന സിനിമ എല്ലാത്തിനും അസഹിഷ്ണുത പ്രകടിപ്പിക്കുന്ന ജയിംസിനെയും കൂടെ യാത്രചെയ്യുന്ന ജയിംസിനെ വിദഗ്ദമായി മാനേജ് ചെയ്യുന്ന ഭാര്യയെയും അയാളുടെ മകനെയും ഒക്കെ എവിടെയൊക്കെയോ നമുക്കിടയിലും കാണാം. മനശാസ്ത്രജ്ഞർക്ക് പോലും അപഗ്രഥനം ചെയ്യാൻ വളരെ ബുദ്ധിമുട്ടുള്ള ഒരു വിഷയം കൈകാര്യം ചെയ്ത ഒരു സിനിമ എന്ന നിലയിൽ പുതുമയും ആകാംക്ഷയും സന്നിവേശിപ്പിച്ചിട്ടുണ്ട് എന്നത് കയ്യടി നേടുന്നു.

വേളാങ്കണ്ണിയിൽ നിന്ന് തിരിച്ചുള്ള യാത്രയിൽ ഇടയിൽ അപരിചിതവും വിജനവുമായ ഒരു സ്ഥലത്ത് ബസ് നിർത്തുമ്പോൾ ഇറങ്ങി പോകുന്ന നായകനായ മമ്മുട്ടി എന്ന നടന്റെ സിനിമയാണ് ഇത്. ഒരു വ്യത്യസ്ത വേഷം. ഗംഭീരമായി അവതരിപ്പിച്ചു. സിനിമോട്ടോഗ്രഫി അതി മനോഹരം! എവിടെയൊക്കെയോ മൊത്തം മിനുക്കാൻ ഉണ്ട് എന്ന ചില തോന്നലുകളും ഉണ്ടായി എപ്പോഴൊക്കെയോ. വലിയ പഠനങ്ങൾക്ക് വിധേയമാക്കാൻ ഇട്ടുകൊടുക്കുന്ന ഒരു സമസ്യ ആയും ഈ സിനിമയ്ക് ഒരു മറുരൂപമുണ്ട്. കലാമൂല്യത്തേക്കാൾ വ്യത്യസ്തതയ്കും പരീക്ഷണങ്ങൾക്കും പ്രാമുഖ്യം നല്കിയ ഒരു സിനിമ. നല്ല സിനിമയുടെ കൂട്ടത്തിൽ പെടുത്താമെങ്കിലും പ്രേക്ഷകനെ വല്ലാതെയൊന്നും സന്തോഷിപ്പിക്കുന്നില്ല ഈ പരീക്ഷണ സിനിമ. കഥാകൃത്തിന്റെയും സംവിധായകന്റെയും പുതുമയും സർഗ്ഗാത്മകതയും അഭിനന്ദനാർഹം! ●

# രോമാഞ്ചം

## സിനിമ റിവ്യു

**ജി**ത്തു മാധവന്റെ ആദ്യ സംരംഭമായ 'രോമാഞ്ചം' ഒരു ഔജോ ബോർഡിനെ കേന്ദ്രമാക്കിക്കൊണ്ട് കാര്യമായ മുടക്കുമുതലില്ലാതെ നിർമിച്ച ഒരു വ്യത്യസ്ത ചിത്രമാണ്. കുറച്ച് സുഹൃത്തുക്കൾ ഒരു വീട്ടിൽ ഒരുമിച്ച് താമസിക്കുമ്പോൾ ഉണ്ടാകുന്ന ചില സന്ദർഭങ്ങളാണ് ആഖ്യാനത്തിന് തിരഞ്ഞെടുത്തിരിക്കുന്നത്. താരമൂല്യമില്ലാത്ത ഒരു പിടി നടന്മാരുടെ അഭിനയമികവ് പ്രയോജനപ്പെടുത്തി നിർമിച്ച ഒരു എൻടർടെയിനർ. കഥാതന്തു എന്ന ഒന്നില്ലാതെ കുറെ ചിരിയുടെ നിമിഷങ്ങൾ സൃഷ്ടിച്ചുകൊണ്ട് ന്യൂജെൻ സമൂഹത്തെ ആകർഷിച്ച ഒരു സിനിമ. ചിരിയുണർത്തുമെന്ന് കരുതിയ പല നിമിഷങ്ങളും പലരിലും ചിരിയുയർത്തിയില്ല എന്നതും എടുത്തു പറയേണ്ടതാണ്.




ഒരു വ്യത്യസ്ത പ്രമേയവുമായി വ്യത്യസ്തമായ ഒരു ചിത്രം! സംവിധായകൻ ജിത്തു മാധവന്റെ ജീവിതത്തിൽ ഉണ്ടായ ചില യഥാർത്ഥ സംഭവങ്ങൾ തന്നെയാണ് സിനിമ എന്നതും ശ്രദ്ധേയമാണ്. പടം കണ്ടിറങ്ങിയവരുടെ മനസ്സിൽ പഴയ ബാച്ച്ലർ ലൈഫ് ഓർമകൾ വീണ്ടുമെത്തും. സംവിധായകന്റെ ധിഷണയിൽ ഉരുത്തിരിഞ്ഞ സ്വാഭാവികം എന്ന് തോന്നുന്ന ചില സന്ദർഭങ്ങൾ ചിത്രീകരിച്ചത് കയ്യടി നേടി എന്നതാണ് സിനിമയുടെ വിജയം. എല്ലാ വിഭാഗം ജനങ്ങളെയും തൃപ്തിപ്പെടുത്തുന്ന ഒരു സിനിമയല്ല എന്നതും എടുത്ത് പറയേണ്ടതുണ്ട്. കലാമൂല്യവും താരതമ്യേന കുറവ്.

സൗബിൻ ഷാഹിറിന്റെ ഓർമ്മകളിൽ നിന്നാണ് ചിത്രം ആരംഭിക്കുന്നത്. നിരുപ് (സജിൻ ഗോപു, ചുരുളി) മുതൽ ഒരേ മേൽക്കൂരയിൽ താമസിക്കുന്ന ഏഴ് പുരുഷന്മാരുടെ കഥ. നിരൂപിനെ 'നിരോധ്' എന്ന് ഒരാൾ തെറ്റിദ്ധരിച്ച് വിളിക്കുന്നതും മറ്റൊരു അവസരത്തിൽ, മാതാപിതാക്കളോട് സംസാരിക്കുമ്പോൾ അവന്റെ ചില മൃദുലമായ സ്വഭാവരീതികൾ തുറന്നു കാണിക്കപ്പെടുന്നതും ഒക്കെ ചില സരസ മുഹൂർത്തങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

ഓരോരുത്തർക്കും മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തരാക്കുന്ന അവരവരുടേതായ വിചിത്രരീതികളും പെരുമാറ്റരീതികളും ഉണ്ട്. ഒരു ഹാൻസ് ഉപഭോക്താവ് പോലുമുണ്ട് ഈ കൂട്ടത്തിൽ. സൌബിനൊപ്പം അർജുൻ അശോകൻ, ചെമ്പൻ വിനോദ് ജോസ്, സജിൻ ഗോപു, സിജു സണ്ണി, അഫ്സൽ പി എച്ച്, അബിൻ ബിനൊ, ജഗദീഷ് കുമാർ, അനന്തരാമൻ അജയ്, ജോമോൻ ജ്യോതിർ, ശ്രീജിത്ത് നായർ എന്നിവരും ഇതിൽ വേഷമിടുന്നു.

# മേഘങ്ങൾ കൊണ്ടുവന്നത്

## ശ്രീമതി ഗംഗാദേവി എഴുതിയ കഥകളുടെ സമാഹാരം

**കു**ട്ടിക്കാലത്ത് ഒരുപാട് കഥകൾ കേൾക്കാൻ ആഗ്രഹിക്കുന്ന ഒരു കുട്ടിയുണ്ടായിരുന്നു. വൈകുന്നേരം കുളി കഴിഞ്ഞു വന്ന് ഉമ്മറക്കോലായിൽ തൂക്കിയിട്ടിരുന്ന ഭസ്മക്കൊട്ടയിൽ നിന്ന് ഒരു നുള്ളു ഭസ്മം കൊണ്ട് മുത്തശ്ശി നെറ്റിയിൽ ചാർത്തിത്തരുന്ന നീണ്ട കുറിയിലെ സുഗന്ധത്തെ മൂക്കിൽ ആവോളം വലിച്ചുകയറ്റി കത്തിച്ചുവെച്ച വിളക്കിന്റെ പ്രഭയിൽ സന്ധ്യാനാമം ചൊല്ലി, ഗൃഹപാഠങ്ങൾ ചെയ്തു , എല്ലാവരും ഒന്നിച്ചിരുന്ന് അത്താഴവും കഴിച്ച് നടപ്പുരയിൽ മുത്തശ്ശി പായ വിരിക്കുന്നതും കാത്തിരിക്കും ഈ കുട്ടി. ഒപ്പം അവളുടെ അനിയത്തി കുട്ടിയും. മുത്തശ്ശി കിടന്നു കഴിഞ്ഞാൽ രണ്ടുപേരും ഇരുപുറവും ചേർന്ന് കിടക്കും . അപ്പോൾ മുത്തശ്ശി കഥകളുടെ കെട്ടഴിക്കും. ഏഴ് കടലുകൾക്കപ്പുറത്തുനിന്നും രാജകുമാരന്മാർ പറക്കുംകുതിരപ്പുറമേറിയെത്തും. രാക്ഷസക്കോട്ടകളിൽ തടവിലാക്കപ്പെട്ട രാജകുമാരിമാർ കാത്തിരിക്കും. കനവുകൾ നെയ്തു നെയ്തു മുത്തശ്ശിയുടെ മൃദുവായ ചുളിഞ്ഞ തൊലിയുള്ള ശരീരത്തിൽ കെട്ടിപ്പിടിച്ച് ധന്വന്തരം തൈലത്തിന്റെയും ഭസ്മത്തിന്റെയും നേർത്ത സുഗന്ധത്തിൽ അവൾ മയങ്ങും . മയക്കത്തിൽ കഥകളുടെ മായാലോകത്തിലെത്തും.. മുതിർന്നപ്പോൾ അവൾ കഥകൾ സ്വയം വായിക്കാൻ തുടങ്ങി . കഥകൾ എഴുതാൻ തുടങ്ങി. ഇന്ന് അവൾ തന്റെ കൊച്ചുമകൾക്ക് കഥകൾ പറഞ്ഞു കൊടുക്കുന്നു. കഥകളിലൂടെ കാല ദേശങ്ങൾക്കതീതമായ ഒരു പ്രയാണം .



ദർശന

ഇന്നിതാ മേഘങ്ങൾ കൊണ്ടുവന്ന് തന്നിരിക്കുന്നു അത്യപൂർവ്വമായ ഒരു കഥാഹാരം.




മുൻപ് ഒന്നിനും സമയമില്ലാതിരുന്ന ഒരുവൾ, തിരക്കിട്ട ഓഫീസ് ജോലികൾക്കൊടുവിൽ വല്ലവിധേനയും ഒന്ന് കിടന്നാൽ മതി , അത്രയും വിവശയായി വീട്ടിലെത്താറുള്ള ഒരുവൾ, ഈ പാതിരാവിൽ പ്രപഞ്ചം മുഴുവനും ഉറങ്ങിയിട്ടും ചുരം കടന്നെത്തി ആഞ്ഞുവീശുന്ന കാറ്റ് ജാലകപ്പാളികളിൽ വന്നു മുട്ടുവിളിച്ച് പറയുന്ന പതിവ് രഹസ്യങ്ങൾക്കായി കാതോർക്കാതെ പതിയെ പൊഴിയുന്ന മഞ്ഞിന്റെ കുളിരല പൊതിയുമ്പോഴും ഉള്ളിലെ കനലുകളെ ഊതിപ്പെരുക്കി കഥകളുടെ ചൂടുകായുകയാ

ണ് .

ഈ പുസ്തകത്തിലെ ആദ്യ കഥയിൽ മേഘങ്ങൾ കൊണ്ടുവന്നത് മഴത്തുള്ളിയായിരുന്നില്ല കണ്ണുനീർത്തുള്ളികൾ തന്നെയായിരുന്നു . ഒരു നിമിഷം ഇത് ഞാൻ തന്നെയല്ലേ എന്ന സന്ദേഹത്താൽ തുടങ്ങി ഒടുക്കം ഇത് ഞാൻ തന്നെയെന്ന് ഉറപ്പിച്ച കഥയിലെ മഴ ശമിച്ചപ്പോൾ എന്റെ കണ്ണിൽ അത് നിർത്താതെ പെയ്യുകയായിരുന്നു . ഒരിക്കലും തീരാത്ത ജോലിഭാരത്താൽ നിലവിട്ടുപോയ എത്രയോ രാത്രിയാമങ്ങളിൽ ഞാനും മിഴിനീരു കൊണ്ട് എന്റെ കഴലുകെട്ടുന്ന മക്കളെയും ആർദ്രമായി ചേർത്തുപിടിക്കുന്ന പ്രിയപ്പെട്ടവനെയും തനിച്ചാക്കി അനന്തമായ ശൂന്യതയിലേക്ക് ഇറങ്ങിപ്പോകാൻ വെമ്പിയിരുന്നു . കഥയിലെ നായിക ഈശ്വരനിൽ അഭയം പ്രാപിച്ചു. ഞാനോ ? ഉറങ്ങാതെ രാത്രി മുഴുവൻ ഹൃദയത്തിൽ കവിതകൾ എഴുതി പിന്നീടവ വാക്കുകളായി വരികളായി പുസ്തകങ്ങളിൽ നിറച്ചു. ഞാൻ മരുന്നുകളിൽ അഭയം തേടിയില്ല മറ്റൊന്നിനും ശമിപ്പിക്കാൻ ആകാത്ത ഉൽക്കട വികാരങ്ങളെ ശമിപ്പിച്ചത് വായനയാണ്. എഴുത്ത് മാത്രമാണ്. ആ തിരിച്ചറിവിലാണ് ഇന്ന് ഈ കഥയും വായിച്ചു തീർത്തത്.

പ്രിയ ചേച്ചി എന്റെ മനസ്സറിഞ്ഞ് എഴുതിയോ നിങ്ങൾ? ഈ എഴുത്ത് അത്രമേൽ എന്റെ ഹൃദയത്തെ സ്പർശിക്കുന്നു. കടന്നുപോയ പാതകളിലെ ചില്ലുകളും മുള്ളുകളും എന്റെ കാൽപാദങ്ങളിലും പോറി രക്തം ചിന്തുന്നുണ്ടോ എന്ന് അറിയാതെ നോക്കിപ്പോകുന്നു ഞാൻ.

നോവിന്റെ കനലാഴങ്ങളിൽ തട്ടിയുള്ള എഴുത്താണ് അഴൽ കറുപ്പ് . മനസ്സിന്റെ ക്യാൻവാസിൽ ഉരുത്തിരിഞ്ഞതിനെല്ലാം പ്രഭാതത്തിന്റെ തിളക്കം ഉണ്ടായിരുന്നു. എങ്കിലും അതിനവരുടെ ജീവിത ത്തോളം ശോഭയില്ലായിരുന്നു . കാലം അസൂയയോടെയായിരിക്കും അതിൽ കണ്ണുവെച്ചതും ആ ശോഭ കവർന്നെടുത്തതും . വർണ്ണ പ്രപഞ്ചത്തെയാകെ കട്ടെടുത്ത അഴലിന്റെ കടൽ ഇനി എന്നായിരിക്കും അത് തിരികെ നൽകുക എന്ന സന്ദേഹത്തോടെയാണ് ഞാൻ മൂന്നാം കഥയായ ഒരു കുറവ് വായിക്കാൻ തുടങ്ങിയത്

എന്റെ മുത്തശ്ശി കാൽപ്പെട്ടിയിൽ ഒരു കൈനാറിപ്പൂവ് സൂക്ഷിച്ചു വച്ചിരുന്നു . പണ്ട്

**എന്റെ മുത്തശ്ശി കാൽപ്പെട്ടിയിൽ ഒരു കൈനാറിപ്പൂവ് സൂക്ഷിച്ചു വച്ചിരുന്നു . പണ്ട് പാടത്തിന്നോരത്തെ കൈതോല വെട്ടാൻ പോയപ്പോൾ കുളത്തിൽ ഉരുണ്ടു വീഴാതെ എത്തിക്കുത്തി നിന്ന് പറിച്ചെടുത്തതായിരുന്നത്രെ ഈ കൈനാറി പൂവ് ഏറെക്കാലം അത് മുത്തശ്ശിയുടെ കാൽപ്പെട്ടിയിൽ സുഗന്ധം പരത്തിയിരുന്നു പിന്നീട് മുത്തശ്ശി കിടപ്പിലായപ്പോൾ ഏറ്റവും ഇളയ ചെറിയമ്മ പെട്ടി വൃത്തിയാക്കുന്ന നേരം അത് കണ്ടെടുക്കുകയും ഉണങ്ങി നിറം മങ്ങിപ്പോയ അതെടുത്ത് അമ്മയുടെ ഓരോരോ ഭ്രാന്ത് എന്ന് പുലമ്പുകയും പുറത്തേക്ക് വലിച്ചെറിയുകയും ചെയ്തു .**

പാടത്തിന്നോരത്തെ കൈതോല വെട്ടാൻ പോയപ്പോൾ കുളത്തിൽ ഉരുണ്ടു വീഴാതെ എത്തിക്കുത്തി നിന്ന് പറിച്ചെടുത്തതായിരുന്നത്രെ ഈ കൈനാറി പൂവ് ഏറെക്കാലം അത് മുത്തശ്ശിയുടെ കാൽപ്പെട്ടിയിൽ സുഗന്ധം പരത്തിയിരുന്നു പിന്നീട് മുത്തശ്ശി കിടപ്പിലായപ്പോൾ ഏറ്റവും ഇളയ ചെറിയമ്മ പെട്ടി വൃത്തിയാക്കുന്ന നേരം അത് കണ്ടെടുക്കുകയും ഉണങ്ങി നിറം മങ്ങിപ്പോയ അതെടുത്ത് അമ്മയുടെ ഓരോരോ ഭ്രാന്ത് എന്ന് പുലമ്പുകയും പുറത്തേക്ക് വലിച്ചെറിയുകയും ചെയ്തു . ഞാനന്നേരം അരികിൽ നിൽപ്പുണ്ടായിരുന്നു. തികഞ്ഞ കൗതുകത്തോടെ ഞാൻ അതെടുത്തു വിടർത്തി മൂക്കിനോട് ചേർത്തു. കാലം ഇത്ര കഴിഞ്ഞിട്ടും ഒരു നേർത്ത സുഗന്ധം അത് അവശേഷിപ്പിച്ചിരുന്നു മുത്തശ്ശിയെപ്പോലെ. ഞാൻ ആ സുഗന്ധത്തെ മെല്ലെ വലിച്ചെടുത്തു നോക്കുമ്പോൾ മുത്തശ്ശിയുടെ കണ്ണുകൾ നിറഞ്ഞിരുന്നു. മുത്തശ്ശിക്ക് എട്ടുമക്കൾ ആയിരുന്നു ഓരോ :വിശേഷങ്ങൾക്കും മുത്തശ്ശിക്കവർ ധാരാളം സെറ്റുമുണ്ട് കൊടുത്തിരുന്നു. മുത്തശ്ശിയുടെ കാൽപ്പെട്ടിയിൽ കവർ അഴിക്കുക പോലും ചെയ്യാതിരുന്ന മുണ്ടുകൾ ചെറിയമ്മമാർ

പങ്കുവച്ചെടുത്ത് വിശേഷാവസരങ്ങളിൽ ഉടുത്തിരുന്നു എന്നിട്ടും അവർക്കാർക്കും എന്റെ മുത്തശ്ശിയെ പോലെയാകാൻ കഴിഞ്ഞില്ല എന്തുകൊണ്ടെന്നോ അവരിൽ ഉണ്ടായിരുന്നു ഒരു കുറവ്. വാൽസല്യത്തിന്റെ .

കുറവ് എന്ന കഥയിൽ എത്ര ലളിതമായാണ് കഥാകാരി മദർ തെരേസയുടെ കണ്ണിലെ കാരുണ്യത്തെക്കുറിച്ച് പറയുന്നത് എത്ര മികച്ചതായി വേഷം കെട്ടിയാലും ഒരിക്കലും ഒരാൾക്ക് മറ്റൊരാളെ പോലെയാകാൻ സാധിക്കുകയില്ല എന്ന് സ്ഥാപിച്ചെടുക്കുന്നു ഈ കഥ.

ബ്രസ്റ്റ് ക്യാൻസർ രോഗബാധിതയായി മരിച്ച പഞ്ചമിയുടെ ആത്മാവ് പൂർവ്വജന്മ സ്മൃതികൾ പങ്കുവയ്ക്കുന്നു നാലുവർഷം മുമ്പ് മണികർണികയായി ജനിച്ച് പോരാടി മരിച്ച് കഥയുടെ ബാക്കി ആടിത്തീർക്കാനായി വീണ്ടും വീണ്ടും ജന്മമെടുക്കുന്നവൾ . പന്തിരുകുലത്തെ പെറ്റ പറയിപ്പെണ്ണ്. പേലവാധരങ്ങൾക്കുണ്ണു വാൻ ചുരത്തിയ പാൽ വറ്റിയ മുലകളെ നിയതി വീണ്ടും ചുരത്താൻ പ്രേരിപ്പിക്കുകയാണ്. ബ്രഹ്മത്തെ അറിഞ്ഞവൻ ഭാര്യയെ അറിഞ്ഞില്ല. എന്തൊരു വൈപരീത്യമാണത്. സർവ്വ വേദപാരംഗതനായ ഒരാൾ അത് അറിയാതെ പോകയില്ലെന്ന് തീർച്ച. അപ്പോൾ അവൾ പറയി എന്നത് തന്നെ കാര്യം. കുലത്തിൽ താണവൾ ആയിട്ടും വീണ്ടും വീണ്ടും പ്രാപിക്കാൻ ജാതി ചിന്ത ഒരു തടസ്സമായില്ല എന്നോർക്കുമ്പോൾ ചിരി വരുന്നു. ഇത്രയേ ഉള്ളൂ മഹത്തുക്കളുടെ മനസ്സിലും ജാതി തീർക്കുന്ന അതിരുകൾ. ഒടുവിൽ വായില്ലാക്കുന്നിലപ്പന് പാൽ നുകരാൻ വായില്ലാതെ പോയതിന്റെ കറുപ്പ് ആത്മാവിൽ അടയാളപ്പെട്ടപ്പോൾ ദ്വാരപാലകൻ ഒരു ജന്മം കൂടി ഭൂമിയിൽ വിധിച്ചു.

ഈ കഥ വായിച്ചപ്പോൾ എനിക്ക് തോന്നിയത് മണികർണികയെയോ മറിയച്ചേടത്തിയെയോ പ്രണയ നൈരാശ്യത്താൽ ജീവൻ ത്യജിച്ച കാമുകനെയോ മാനഭംഗ ഭീതിയാൽ ആത്മഹത്യ ചെയ്ത നടി യെയോ ജന്മങ്ങളുടെ എണ്ണം കൂട്ടാൻ വേണ്ടി മാത്രം കൊണ്ടുവരേണ്ട കാര്യമുണ്ടായില്ല എന്നാണ്. കാരണം വിഷയം പാഴായ പാൽത്തുള്ളികൾ ആണല്ലോ . നേരിട്ട് പറയി യിലേക്ക് വരാമായിരുന്നുവെന്ന് തോന്നിപ്പിച്ചു വായനയിൽ.

ഒരു മാവിന്റെ വേരുകളിലൂടെ പടർന്ന് ഓർമ്മകൾ ചരിത്രത്തിലേക്ക് ചേക്കേറുകയാണ് ജൂത ശ്മശാനത്തിലെ മാവ് എന്ന കഥയിലൂടെ . എത്ര മനോഹരമായാണ് കഥാകാരി ചരിത്രത്തെ ചേർത്തുപിടിച്ച് കഥപറയുന്നത്. ആൽവിൻ എന്ന കൊച്ചു പയ്യന്റെ വർത്തമാനത്തിലേക്ക് ചേക്കേറി , ഒടുവിൽ മരണത്തിന് കാരണവും മുഖ്യ സാക്ഷിയും ആകുമ്പോൾ വായനക്കാരനും വല്ലാതെ നൊന്തു പോകുന്നു . ഓരോ സന്ധ്യയിലും മാവിനൊപ്പം ആൽവിനെ കാത്തിരിക്കാതിരിക്കുന്നത് എങ്ങനെ?

കുരുക്കുത്തി മുല്ല അതീവഹൃദ്യമായ ഒരു കഥയാണ്. കഥാകാരിയുടെ തെളിമയാർന്ന ചിന്തകളെ ചിട്ടയോടു കൂടി സന്നിവേശിപ്പിച്ചാണ് ഇതിലെ ഓരോ കഥാപാത്രങ്ങളെയും സൃഷ്ടിച്ചിരിക്കുന്നത്. ലഹരിയിലായിപ്പോയ ഒരു ദുർബല നിമിഷത്തിൽ മറിയയെ ഭേദ്യം ചെയ്തതിൽ പരവശനാകുന്ന സ്വയം ശിക്ഷിക്കുന്ന ലോനപ്പനിൽ തുടങ്ങി കൊടിയനച്ചനും ഭവത്രാതനും മേരീസും ഹെലനും റിഞ്ചുവും ചാക്കോയും രാജേശ്വരിയും ഭവത്രാതന്റെഅമ്മയും മേരീസിന്റെ അമ്മൂമ്മയും അങ്ങനെ ഈ കഥയിലെ ഓരോ കഥാപാത്രങ്ങളും കഥാകാരിയുടെ കയ്യടക്കത്താൽ മിഴിവാർന്നു നിൽക്കുമ്പോൾ ജാതിമത ചിന്തകൾക്കതീതമായി സ്നേഹമെന്ന കുരുക്കുത്തിമുല്ല നിറയെ പൂക്കുന്നത് അറിയുന്നു ജീവിതമെന്നത് എന്നും പൂക്കുന്ന കുരുക്കുത്തി മുല്ല യെന്നും.

എത്ര മഹാനുഭാവനും ത്യാഗിയും ആണെങ്കിലും ജീവൻ നിലനിർത്താൻ വിശപ്പടക്കിയെ പറ്റൂ. വിശപ്പും ജീവിതവും പരസ്പര പൂരകങ്ങളാണ് കൂട്ടത്തിൽ ഒരാൾ മരിച്ചതിന്റെ പ്രതികാരത്തിനായി ശത്രുവിന്റെ ബംഗ്ലാവിനു മുന്നിൽ സമരം നടത്തുന്നവർ ശത്രുവിന്റെ ഭാര്യയും മകനും അവർക്കായി ഭക്ഷണം വിതറുന്നു . വിശപ്പാണ് ആത്യന്തികമായ ലക്ഷ്യം എന്ന് മനസ്സിലാക്കുമ്പോൾ ഉദ്ദേശലക്ഷ്യങ്ങൾ മറന്നു പോകുന്നവർ . കാക്കകളെ പ്രതീകങ്ങളാക്കി വിശപ്പിനെ മറികടന്ന് ഒരു പ്രതിഷേധവും ഇല്ല എന്ന് ബോധ്യപ്പെടുത്തുകയാണ് കഥാകാരി . അവൻ സ്വന്തം വർഗ്ഗത്തെ നശിപ്പിച്ചവൻ ആണെങ്കിൽ കൂടി ആരാണ് സമരത്തിന് ഒരുങ്ങുക . എല്ലാ പ്രതിഷേധങ്ങളും അസ്തമിക്കുന്നു . വളരെ ലളിതമെന്ന് തോന്നാമെങ്കിലും വലിയ രാഷ്ട്രീ

യ സാമൂഹ്യ മാനങ്ങൾ കൈവരിക്കുന്നതാണ് ഈ കഥ . അധികാര കേന്ദ്രങ്ങൾ വിതറുന്ന അപ്പക്കഷണങ്ങൾക്ക്കൈനീട്ടി അതിൽ തൃപ്തിയടയുന്നവർ. പ്രതികരിക്കാൻ മറന്നുപോകുന്ന ജനതയെയാണ് ഈ കഥയിലൂടെ കഥാകാരി ചിത്രീകരിക്കുന്നത്.

രാമേശ്വരം മോസ്ക് സ്ട്രീറ്റ് അഗ്നിച്ചിറകുകൾ വീശി ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെട്ട വൻ, നിസ്വാർത്ഥൻ അദ്ദേഹത്തിന്റെ ഇച്ഛാശക്തിയുടെ കഥ . ഒരു തെരുവ് ഒരു കൊച്ചു നാട് ഒരു ബാലന്റെ വളർച്ചയ്ക്ക് പിൻബലമേകുന്നത്. വളരെ കൗതുകത്തോടെ വായിക്കാവുന്ന ഒരു രേഖപ്പെടുത്തൽ. പരാജയങ്ങളിൽ നിന്ന് വിജയത്തിലേക്ക് ഉള്ള കുതിപ്പുകളെ അടയാളപ്പെടുത്തുന്നതോടൊപ്പം അതിന് കാരണമായവരെ കൂടി ഓർമിപ്പിക്കുന്നുണ്ട് ഈ കഥയിൽ

ഏറ്റവും ഭയത്തോടെ കാത്തിരിക്കുന്ന കാലമേതെന്ന് ചോദിച്ചാൽ യുദ്ധവും പ്രളയവും ഒന്നുമല്ല വാർദ്ധക്യം എന്നാണ് ഞാൻ പറയുക പ്രാർത്ഥനകൾ മറന്നുപോയവൾ എന്ന് സ്വയം പറയുന്നുണ്ടെങ്കിലും കാലത്തോട് യാചിക്കാറുണ്ട് ഞാൻ. എത്ര കൊടും വേദനകൾ എനിക്ക് തന്നാലും ഓർമ്മിക്കാനുള്ള ശേഷിയെ എന്നിൽ നിന്നും എടുക്കരുത് എന്ന് . മറവി എത്ര ഭീതിതമായ അവസ്ഥയാണെന്ന് . ഇന്ന് എന്റെ വീട്ടിൽ തന്നെ അത്തരത്തിൽ ഒരാളുള്ളപ്പോൾ ഞാൻ അറിയുന്നു . മറവിയും മരണവും ഇഴചേർന്ന ഈ കഥ വായിച്ചവസാനിക്കുമ്പോൾ ഉള്ളിൽ എന്തോ കൊളുത്തി വലിക്കും പോലെ .

മനസ്സിന്റെ ശുദ്ധിയെക്കാൾ ശുഭ്രതയെക്കാൾ ഈശ്വര സമീപത്ത് എത്താൻ മറ്റെന്താണ് വേണ്ടത്? മറ്റെല്ലാ ആശങ്കകളെയും അസ്ഥാനത്താക്കുന്നു ധവളമാനസം.

മലയാളത്തിന്റെ പ്രിയപ്പെട്ട കഥാകാരി ആമി എന്ന മാധവിക്കുട്ടി . അവരിൽ കഥകൾ ഉണർത്തിയ നാലപ്പാട് തറവാടും നീർമാതളപ്പൂക്കൾ പൊഴിഞ്ഞുവീണ മുറ്റവും മുരുക്കും പൂവരശും ഇലഞ്ഞിയും കുങ്കുമ മരവും കാഞ്ഞിരവും മാവുകളും പ്ലാവുകളും ഞാവലും റങ്കൂൺ ക്രീപ്പറും നിറഞ്ഞ, മുളങ്കാട്ടിലെ തുടിതാളത്തിൽ ഉണർന്ന പുണ്യഭൂമിക . ജാതിയുടെയും മതത്തിന്റെയും പർദ്ദയും പൂണൂലും പാദരക്ഷകൾക്കൊപ്പം പുറത്തഴിച്ചു വയ്ക്കട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുകയാണ് കഥാകാരി . പ്രകൃതിയുടെ താളത്തിനൊപ്പം അവിടെ ജീവിതം തുടിക്കട്ടെ . കഥകൾ ഉണരട്ടെ. ഓർമ്മകൾ നിലയ്ക്കാതിരിക്കട്ടെ എന്ന് ആഗ്രഹിക്കുന്നതോടൊപ്പം തന്നെ മാധവിക്കുട്ടിയുടെ ജീവിതത്തിലേക്ക് ഹ്രസ്വമായി ഒന്ന് കയറിയിറങ്ങി പോരുകയും ചെയ്യുന്നുണ്ട്.

മനസ്സുകൾ തമ്മിൽ തൊട്ടു നിൽക്കുമ്പോഴും തമ്മിൽ അകലം തീർക്കുന്നവർ. അരിമാവിൽ മുക്കിയ കുഞ്ഞിക്കൈ പതിച്ച ഉമ്മറ വാതിൽ . കൊഴുക്കട്ട ഛായയുള്ള മലായ് കോഫ്ത്ത. തിരക്കുകൾ .

മകനുവേണ്ടി ഉറക്കമൊഴിഞ്ഞ അച്ഛനും അച്ഛന് വയ്യാതായപ്പോൾ കൂട്ടിരിക്കാനാവാത്ത മനക്ലേശത്തിലുള്ള മകനും. ഇന്നിന്റെ നേർക്കാഴ്ചകൾ. മുറ്റത്ത് വീണ മാമ്പഴം ഞെരടിക്കുടിച്ച് മാങ്ങാണ്ടിക്ക് കൂട്ടുപോകാൻ ആവശ്യപ്പെടുന്ന ബാല്യത്തിലേക്ക് ഒരുവേള വഴുതി വീഴുമ്പോഴും വേരുകൾ അയാളെ പിടിച്ചുനിർത്താൻ ശ്രമിക്കുമ്പോഴും ഓഫീസ് കമ്പ്യൂട്ടറിലെ അക്ഷരങ്ങൾക്കൊക്കെ ഭൂതത്തിന്റെ മോന്തയാണെന്ന് സ്വയം തോന്നിയപ്പോഴും പോകണമെന്ന് ഓർമിപ്പിച്ച് ഉദിച്ചുയർന്ന സൂര്യന് അച്ഛൻറെ മുഖമായിരുന്നു.. വെയിലിന് അമ്മയുടെ സ്നേഹച്ചൂടായിരുന്നു. മാവിൻ കൊമ്പിൽ ഇരുന്ന മുത്തശ്ശി കാക്കയും പറഞ്ഞു ത്രേ മനുട്ടൻ പോവെന്നെ വേണമെന്ന്. കാലിനെ ചുറ്റിയ വേരുകൾ വെട്ടി മാറ്റപ്പെടുമ്പോൾ അയാൾക്ക് പോകാതിരിക്കാനാവില്ലല്ലോ? എല്ലാവരും ജീവിതം തേടി പോകുന്ന, എല്ലാവർക്കും ജീവിതം നൽകുന്ന പടിഞ്ഞാറൻ നാടുകളിൽ അയാൾക്കും വേരുകൾ ഉണ്ടാകാതെ തരമില്ലല്ലോ. അന്നേരത്ത് അയാൾ വലിച്ചെറിഞ്ഞ മാങ്ങയണ്ടി പോലും കൂട്ട് പോകാനാളില്ലാതെ ഏതെങ്കിലും പാറയിടുക്കിൽ വീണ് മരിച്ചിരിക്കുമത്രേ. പടർന്ന് പന്തലിക്കാൻ ഇടമില്ലാത്ത കിഴക്കൻ സംസ്കാരത്തിന്റെ പ്രതീകമായി. എത്ര വലിയ കാഴ്ചപ്പാടുകൾ ആണ് കഥാകാരി പങ്കുവയ്ക്കുന്നത് എന്ന് നോക്കൂ . അതും ഹൃദയസ്പർശിയായി. ഇതേവരെ വായിച്ച കഥകളെല്ലാം ഇന്നിന്റെ നേർക്കാഴ്ചകളാണ് കാലത്തെ സ്പർശിച്ചുപോകുന്ന കാലത്തെ ചേർത്തുപിടിക്കുന്ന എഴുത്ത്. ഇന്നെനിക്ക് ഉറങ്ങാ

നാകുമെന്ന് തോന്നുന്നില്ല കാരണം ഇങ്ങനെയൊരു മനുഷ്യൻ എന്റെ വീട്ടിലും ഉണ്ട് . കാലം ഞങ്ങൾക്കായി എന്തായിരിക്കും കരുതി വയ്ക്കുക എന്നോർക്കുവാൻ പോലും ഞാൻ അശക്തയാണ്. സൂര്യനൊപ്പം ചരിക്കാതെ സൂര്യനെതിരെ സഞ്ചരിക്കാൻ അവന് കഴിയുമാറാകട്ടെ എന്ന് ഓർക്കുമ്പോഴും എന്റെ കണ്ണുകൾ നിറയുന്നുണ്ട്. എനിക്ക് കണ്ണ് തുടയ്ക്കാതെ തരമില്ലല്ലോ.

നക്ഷത്രത്തിളക്കങ്ങൾ, തിളക്കങ്ങൾക്ക് പിന്നിലെ ചതിക്കുഴികളെ എടുത്ത് കാണിക്കുന്ന രചനയാണ് സിൽമാക്കാരന്റെ ഭാര്യ. പ്രണയം, പ്രണയം തീർക്കുന്ന കെട്ടുപാടുകൾ, അതിനു പിന്നിലെ ചതിയുടെയും വഞ്ചനയുടെയും ലോകം. അപ്രതീക്ഷിതമായി ഉണ്ടാകുന്ന സൗഹൃദങ്ങൾ. എക്സ്ട്രാ നടിമാരുടെ പച്ചയായ ജീവിത സാഹചര്യങ്ങളുടെ ചിത്രീകരണം. രക്ഷപ്പെടുന്നവരുടെ താരത്തിളക്കം. നഷ്ട ചാരിത്ര്യത്തിന്റെ ചോരത്തുള്ളികളാൽ ചുണ്ട് ചുവപ്പിച്ച് പണപ്പെട്ടിക്കിലുക്കത്തിൽ തേങ്ങലുകൾ മറയ്ക്കുന്നവർ , മറക്കുന്നവർ . ഭർത്താവ് വരുത്തി വെച്ച സാമ്പത്തിക ബാധ്യത മറികടക്കാൻ പണ്ടയാൾ കീറിക്കളഞ്ഞ കഥയിൽ മസാല ചേരുവകൾ ചേർത്ത് സിനിമ പിടിക്കാൻ ഒരുങ്ങുന്ന ഭാര്യയെ അവതരിപ്പിച്ച് കഥാകാരി മാറി നിന്ന് ചിരിക്കുകയാണ് അവൾക്കും ജീവിക്കണ്ടേ. എന്നും കരഞ്ഞുകൊണ്ടിരിക്കാൻ പറ്റില്ലല്ലോ എന്ന് ഓർമ്മിപ്പിച്ചുകൊണ്ട്.

എന്തൊരു കാറ്റാണീ കാറ്റ് എന്ന് പറഞ്ഞ കാറ്റിനൊപ്പം അങ്ങനെ ഒഴുകി നീങ്ങുമ്പോൾ കാറ്റൊരു അസൂയക്കാറ്റായി മാറുന്നു. എതിർക്കാൻ ശേഷിയില്ലാത്തവരെ കശക്കി എറിഞ്ഞ് വൻമരങ്ങളെ തഴുകി തലോടി . ചിലത് അങ്ങനെയാണല്ലോ ചിലര് അങ്ങനെയാണല്ലോ. ഈ കാറ്റിന്റെ ഒരു ഒരു കാര്യം.

കാലത്തിന് മുന്നോട്ട് ഒഴുകാനേ കഴിയൂ മനുഷ്യന് കാലത്തിനൊപ്പം നീങ്ങാനും.

തളരാത്ത മനസ്സിന്റെ പാഥേയങ്ങളാണത്രേ ഉണർച്ചയൊഴിയാത്ത ചിന്തകളും ഓർമ്മകളും. നാവിലേക്ക് പകരുന്ന സ്വാതന്ത്ര്യം . പടർത്തുന്ന ഗന്ധങ്ങളും . മരുന്ന് ചേർത്ത ദ്രാവക ഭക്ഷണം ട്യൂബിലൂടെ ഒഴിച്ചു കഴിക്കാൻ വിധിക്കപ്പെട്ട ഒരാളുടെ മനസ്സ് വായിക്കുകയാണ് കഥാകാരി ഉള്ളിമൊളോഷ്യം എന്ന കഥയിലൂടെ.

അടിമകൾ എന്ന കഥ അടിച്ചേൽപ്പിക്കപ്പെട്ട വിശ്രമ ജീവിതം നയിക്കാൻ വിധിക്കപ്പെട്ടവരെ കുറിച്ചാണ് . ലാഭനഷ്ട കണക്കുകളിലെ ശിഷ്ടം ശൂന്യമാകാതിരിക്കാൻ ബലിയാടുകളായി മാറുന്നവർ. മാറ്റപ്പെടുന്നവർ. ഇന്നിന്റെ നേർക്കാഴ്ചകളാണ്.

കടുപ്പമുള്ള ചായയ്ക്കും ആരോറൂട്ട് ബിസ്കറ്റിനും അപ്പുറത്തേക്ക് മോഹങ്ങളെ പറക്കാൻ വിടാത്ത പപ്പിനി. കൂലിവേല ചെയ്ത് ജീവിക്കുന്ന മദ്യവർത്തി വീട്ടമ്മമാരുടെ പ്രതീകം. അവരുടെ ജീവിതം എത്ര കൃത്യമായാണ് കഥാകാരി വരഞ്ഞിടുന്നത് . ഈ കഥയുടെ തുടർച്ചയാണ് പച്ച സാരി എന്ന കഥയും പച്ച സാരി സാക്ഷിയായ ദുരനുഭവങ്ങൾ . ഒടുവിൽ തളർന്നുകിടക്കുന്ന മേനോന്റെ നേർക്ക് അത് കാറ്റിൽ ഉലഞ്ഞു പൊന്തുമ്പോൾ.... ഓർമ്മകൾക്ക് എങ്ങനെ മാഞ്ഞു പോകാനാകും അല്ലേ.

പര് ഞ്ഞീൻ (പലിഞ്ഞീൻ) എന്നൊക്കെ പറയുന്ന മീനിന്റെ മുട്ട . കുട്ടികൾ എത്ര നിഷ്കളങ്കരാണ് എന്ന് പറയുന്നു ഈ കഥ.

ആകെ 19 കഥകളാണ് മേഘങ്ങൾ കൊണ്ടുവന്നത് എന്ന ഈ സമാഹാരത്തിൽ ഉള്ളത്. ഗംഗ ചേച്ചിയുടെ ഭാഷ, എഴുത്ത് ശൈലി വായനക്കാരുടെ മനസ്സിലേക്ക് എളുപ്പത്തിൽ ചേർന്നുനിൽക്കുന്ന ഒരു താളവും ലയവും ഉണ്ട് അതിന്. ഈ പുസ്തകത്തിൽ കൈകാര്യം ചെയ്തിട്ടുള്ള വിഷയങ്ങൾ ജീവിതത്തോട് അത്യധികം ചേർന്ന് നിൽക്കുന്നവയാണ് . അതി സൂക്ഷ്മമായ തലങ്ങളിലേക്ക് വ്യാപിക്കുന്ന എഴുത്തുവൈഭവത്തെ നമിക്കാതെ വയ്യ. അതോടൊപ്പം തന്നെ കഥാകാരിയുടെ ഉൾക്കാഴ്ചയും വായനയിൽ അറിയാനാകും വിധം ശക്തമായ കഥകളാണ് ഈ സമാഹാരത്തിൽ ഉള്ളത് . കഥയെഴുത്തിൽ അതിസങ്കീർണമായ ഒരു വൈകാരിക തലം സൃഷ്ടിച്ചെടുക്കാൻ കഥാകാരിക്ക് ആയിട്ടുണ്ട് എന്നത് തന്നെ എഴുത്തിന്റെ മികവിനെയാണ് സൂചിപ്പിക്കുന്നത്. അതോടൊപ്പം ഈ കഥകൾ ഒന്നും തന്നെ വേണ്ടവിധത്തിൽ വായിക്കപ്പെട്ടിട്ടില്ല എന്നത് നിരാശയുണർത്തുന്നതുമാണ്. ●

# കോങ്ങ് റോങ് ദ്വീപിലേക്ക്

ഗിരീഷ് കുമാർ. വി



കംബോഡിയയിൽ വലിപ്പത്തിൽ രണ്ടാമത് നിൽക്കുന്ന ഗീവ ഞീഴ ദ്വീപിലേക്കുള്ള യാത്രയാണിന്നത്തെ പ്രധാന കാര്യപരിപാടി .കംബോഡിയയിൽ നാലുദിവസം പൂർത്തിയാവുകയാണിന്നു.സിഹാനൂക്കിലെ കാഴ്ചകൾ ഇന്ന് കണ്ടു തീർക്കണം. രാജ്യതലസ്ഥാനവും ഏറ്റവും സുപ്രധാന സഞ്ചാര കേന്ദ്രങ്ങളുമുള്ള നോംപെന്നിലേക്കു ഇന്നുതന്നെ യാത്രയാകും.

സിഹാനൂക് കടൽത്തീരത്ത്നിന്നും 25 കിലോമീറ്റർ Gulf of Thailand കടലിലൂടെ യാത്ര ചെയ്താൽ കോങ്ങ്റോങ് ദ്വീപിലെത്താം. വളരെയൊന്നും വലുതല്ലാത്ത ഒരു മോട്ടോർ ബോട്ടിലാണ് ഈ യാത്ര ഏർപ്പാട് ചെയ്തിരിക്കുന്നത്. അൻപതോളം സഞ്ചാരികൾ സഹ യാത്രികരായുണ്ടായിരുന്നു.

താരതമ്യേന ആഴംകുറഞ്ഞ ഒരു ചെറിയ ഉൾക്കടൽ ആണ് തായ് ലാന്റ് ഉൾക്കടൽ (Gulf of Thailand). ഖമർ ഭാഷയിൽ ഇത് ഗൾഫ് ഓഫ് സിയാം എന്ന പേരിലും അറിയപ്പെടുന്നുണ്ട്.

കംബോഡിയ, തായ്‌ലാന്റ്, വിയറ്റ്നാം എന്നീ രാജ്യങ്ങളുടെ അതിർത്തികളാണ് തായ്‌ലാന്റ് ഉൾക്കടൽ വലയം ചെയ്തിരിക്കുന്നത്. തെളിനീർ നിറഞ്ഞ പ്രശാന്തസുന്ദര



മായ കടൽപ്പരപ്പിൽ പവിഴപുറ്റുകൾ നിറഞ്ഞു കിടക്കുന്നതിനാൽ മുങ്ങൽ വിദഗ്ധരുടെയും സഞ്ചാരികളുടെയും പ്രിയ സങ്കേതമാണ് ഗൾഫ്ഓഫ് തായ്‌ലൻഡ്. തെളിഞ്ഞ ജലാശയ പരപ്പിലൂടെ അതിവേഗതയിലാണ് ബോട്ട് പോയി ക്കൊണ്ടിരിക്കുന്നത്. യാത്രക്കാർ ഭൂരിഭാഗവും ചൈനീസ് സഞ്ചാരികളാണ്.

കോങ്ങ്റോങ് ദ്വീപ് അതിസുന്ദരമായ കടൽത്തീരമുള്ള ഒരു ദ്വീപാണ്. പഞ്ചാരമണൽ നിറഞ്ഞ കടൽത്തീരം നല്ല വൃത്തിയുള്ളതും നീളത്തിൽ കിടക്കുന്നതുമാണ്. 1000 ത്തിൽ താഴെ മാത്രം ജനങ്ങൾ താമസിക്കുന്ന മൂന്നു നാലു ഗ്രാമങ്ങളാണിവിടെ ഉള്ളത്. ഗ്രാമങ്ങൾക്കപ്പുറത്തു നിബിഡവനങ്ങളാണ്. വനാന്തർഭാഗങ്ങളിലേക്കു പോകാൻ സമയക്കുറവു തടസ്സമായി. കടൽത്തീരം സ്വകാര്യ വ്യക്തികളും കമ്പനികളും പാട്ടത്തിനെടുത്തു ടുറിസ്റ്റ് കേന്ദ്രങ്ങളാക്കി സ്വന്തമാക്കി കയർ കെട്ടി വേർതിരിച്ചു വെച്ചതായികണ്ടു. വൈദ്യുതിയുടെ ആവശ്യം നിറവേറ്റുന്നത് ജനറേറ്ററുകളാണ്. തെങ്ങിൻ തോപ്പുകൾ കടൽത്തീരത്ത് ധാരാളമായി ഉണ്ട്. സ്നോർക്കലിംഗ്,ഡൈവിംഗ് ,വാട്ടർ ബൈക്കിങ്.തുടങ്ങിയ ജല വിനോദങ്ങൾക്കു പറ്റിയ സ്ഥലമാണിവിടം.ഇതു കാണുമ്പോൾ നമ്മുടെ നാട്ടിലെ കടൽത്തീരങ്ങൾ എത്ര

**കോങ്ങ്റോങ് ദ്വീപ് അതിസുന്ദരമായ കടൽത്തീരമുള്ള ഒരു ദ്വീപാണ്. പഞ്ചാരമണൽ നിറഞ്ഞ കടൽത്തീരം നല്ല വൃത്തിയുള്ളതും നീളത്തിൽ കിടക്കുന്നതുമാണ്. 1000 ത്തിൽ താഴെ മാത്രം ജനങ്ങൾ താമസിക്കുന്ന മൂന്നു നാലു ഗ്രാമങ്ങളാണിവിടെ ഉള്ളത്.**

വൃത്തിഹീനമായിട്ടാണ് പരിപാലിക്കുന്നത് എന്ന് ഓർത്തുപോയി.

സീ റീപ്പിലെയും സിഹാനൂക്ക് വില്ലയിലെയും യാത്രകൾ അവസാനിച്ചു. ഇനിയുള്ളത് ഖമർ തലസ്ഥാന നഗരിയായ നോം പെൻ ആണ്.സിഹാനൂക്കിൽ നിന്നും 180 കിലോമീറ്റർ റോഡ് യാത്രയുണ്ട് നോംപെന്നിലേക്ക്.

വൈകിട്ട് ഏഴിന് മെക്കോങ് നദിയിൽ ഒ



രു ബോട്ടിങ്ങും ഡിന്നറും നേരത്തെ ഏർപ്പാട് ചെയ്തിട്ടുണ്ട്. ഏഴിനുമുമ്പേ അവിടെയെത്താൻ നല്ല വേഗതയിൽതന്നെ ഞങ്ങളുടെ ട്രാവലർ കുതിച്ചു. കംബോഡിയയിൽ സിറ്റി ട്രാഫിക് അതി ഭീകരമായവിധം തിരക്കുപിടിച്ചതാണ്. പച്ചക്കറികളും മാംസവും പഴങ്ങളും വിൽക്കുന്ന നിരവധി ഗ്രാമീണ വിപണന കേന്ദ്രങ്ങൾ കടന്നുപോയ വഴിയിൽ കാണാൻ കഴിഞ്ഞു. മൂന്നര മണിക്കൂർ നീണ്ട യാത്രക്കൊടുവിൽ വൈകിട്ട് ആറരയോടെ നോം പെൻ സിറ്റിയിൽ ഞങ്ങളെത്തി. നദീതീരത്തുതന്നെ യുള്ള ഏഷ്യാ ട്യൂൺ ഹോട്ടലിലാണ് താമസം ബുക്ക്ചെയ്തിട്ടുള്ളത്. ഈ ഹോട്ടൽ മികച്ചതാണെന്ന് ഗൈഡ് നേരത്തെ അഭിപ്രായപെട്ടിരുന്നു. കംബോഡിയയിൽ ടൂറിസ്റ്റ് സീസൺ ആരംഭിക്കുന്നെയുള്ളൂ. ഹോട്ടലിൽ അതിഥികൾ വളരെ കുറവായിരുന്നു. അതിഥികളെ സ്വീകരിക്കുന്നതിലും സൗകര്യങ്ങലൊരുക്കുന്നതിലും മികച്ച നിലവാരംപുലർത്തുന്നതും മോശമല്ലാത്ത ആഡംബരങ്ങളുള്ളതുമായിരുന്നു ഏഷ്യാ ട്യൂൺ ഹോട്ടൽ. പത്തുമിനിറ്റിനകം ചെക്കിൻ ചെയ്തു ഫ്രഷായി ഞങ്ങൾ പെട്ടെന്നുതന്നെ നദീതീരത്തുള്ള ബോട്ട് ജെട്ടിയിലേക്കു നടന്നെത്തി. പോകുന്നവഴിയിൽ

കമ്പോഡിയൻ രാജാവിന്റെ ആസ്ഥാനമായ റോയൽപാലസ് ദീപ പ്രഭയിൽ കുളിച്ചു സ്വർണ്ണം പൂശിനിൽക്കുന്നത് കാണാൻ കഴിഞ്ഞു. ഈ റോയൽപാലസിന് കമ്പോഡിയൻ ജീവിതവുമായി നാഭീനാള ബന്ധമുണ്ട്. നാളെ അവിടെ സന്ദർശിക്കുന്നുണ്ട്.

കമ്പോഡിയൻ ടൂറിസ്റ്റ് ഡിപ്പാർട്മെന്റിന്റെ അംഗീകാരത്തോടെ നദിയിൽ സഞ്ചാരികളെകൊണ്ടുപോകാൻ ലൈസൻസുള്ള ഒരേയൊരു ക്രൂയിസ് ടീമാണ് Kanika boat service. Queen mary, Kanika എന്നീ രണ്ടു പേരുകൾ ആണ് അവിടെ എല്ലാ ബോട്ടുകളിലും കാണാൻകഴിഞ്ഞത്.

ക്രൂയിസിന്റെ കേപ്റ്റനും മാനേജരായ കമ്പോഡിയൻ സ്ത്രീയും തികഞ്ഞ ആദരവോടെയും ആതിഥ്യ മര്യാദയോടെയുമാണ് ഞങ്ങളെ വരവേറ്റത്. വളരെ രാജകീയ പ്രൗഢിയോടെ അലങ്കരിക്കപ്പെട്ടതും ആകർഷകമായി ലൈറ്റിംഗ് ചെയ്തിട്ടുള്ളതുമായിരുന്നു കനിക ബോട്ട്.അപ്രതീക്ഷിതമായി വീശിയ ശക്തമായ കാറ്റിൽ ക്രൂയിസിലെ ഫർണിച്ചറും അലങ്കാരങ്ങളും സ്ഥാനചലനം സംഭവിച്ചെങ്കിലും ബോട്ട് വളരെ കരുത്തുറ്റതാണെന്നും ഇത്തരം ശക്തിയേറിയ കാറ്റ് ഇവിടെ സർവ സാധാരണമായതിനാൽ ഭയപ്പെടേണ്ടതില്ലെന്നും കേപ്റ്റൻ ഞങ്ങളെ ആശ്വസിപ്പിക്കുന്നുണ്ടായിരുന്നു. അത് അക്ഷരം പ്രതി ശരി വെച്ചുകൊണ്ട് പത്തുമിനിട്ടിനകം അന്തരീക്ഷം ശാന്തമാകുകയും ക്രൂയിസ് മെക്കോങ് നദിയിലൂടെ ഓളങ്ങൾ തീർത്തുകൊണ്ട് മുന്നോട്ടു കുതിച്ചു തുടങ്ങുകയും ചെയ്തു.

നോം പെൻ നഗരത്തിനു സമാന്തരമായാണ് മെക്കോങ് ഒഴുകുന്നത്. ടിബറ്റിൽ ഉത്ഭവിച്ചു ചൈന, മ്യാൻമാർ, ലാവോസ്, വിയറ്റ്നാം, തായ്‌ലൻഡ് തുടങ്ങിയ രാജ്യങ്ങളിലൂടെ ഒഴുകിയെത്തുന്ന നദിയാണ് മെക്കോങ്. നോം പെൻ നഗരത്തിന്റെ ദാഹം ശമിപ്പിക്കുകയും അതോടൊപ്പം വർഷകാലത്തു നഗരത്തെ പ്രളയത്തിലാഴ്ത്തുകയും ചെയ്യാറുണ്ട് മെക്കോങ്. മെക്കോങ്ങിലൂടെ യാത്രചെയ്താൽ ടോണൽസാപ് നദിയിലെത്തി ഫ്ളോട്ടിങ് വില്ലേജ് വരെ പോകാൻ പറ്റുന്നതാണ്. മഞ്ഞവെളിച്ചത്തിൽ മുങ്ങിക്കുളിച്ച നോംപെൻ നഗരം മെക്കോങ് നദിയിൽനിന്നും ഒരുക്കുന്ന ദൃശ്യവിസ്മയം അവർണ്ണനീയമാണ്.

കനികയിൽ ഡിന്നർ തയ്യാറായതായി അറിയിപ്പ് വന്നു. പ്രോൺസ് സൂപ്പിൽ തുടങ്ങി അഞ്ചു കോഴ്സുകളായിട്ടാണ് ഞങ്ങൾക്ക് രാത്രി ഭക്ഷണം വിളമ്പിയത്. കമ്പോഡിയൻ സ്റ്റിക്കി റൈസിനു അകമ്പടിയായി എത്തിയ വിഭവങ്ങളെല്ലാം രുചിവൈവിധ്യം കൊണ്ട് ആസ്വാദ്യകരമായിരുന്നു. വിഭവങ്ങൾ വിളമ്പുന്നത് ഒരു കലയാണെന്ന് കമ്പോഡിയക്കാർ വിശ്വസിക്കുന്നതിനാൽ വളരെ സാവകാശത്തോടെ കഴിച്ചു സംതൃപ്തരായി എല്ലാവരും. ഒന്നര മണിക്കൂർ സമയം നദിയിലൂടെ സഞ്ചരിച്ച കനിക ക്രൂയിസ് യാത്ര അവസാനിപ്പിക്കുകയാണ്. കേപ്റ്റനും മറ്റു ജീവനക്കാരും സന്തോഷത്തോടെ ഞങ്ങളെ യാത്രയാക്കി. വീണ്ടും വരുമെന്ന് പറഞ്ഞു ഞങ്ങൾ കനികയിൽ നിന്നുമിറങ്ങി.ഇനി നോം പെനിന്റെ ചടുലതയിലേക്കു.ത്രസിപ്പിക്കുന്ന സംഗീതവും നൃത്തവുമായി നഗരം ഒരുങ്ങിനിൽക്കുന്നു. ●